# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ



ഫെബ്രുവരി 2020

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLIV No.2 ഫെബ്രുവരി 2020


| | | |
|---|---|---|
| സർക്കുലർ | - | 7 |
| സർക്കുലർ | - | 13 |
| സർക്കുലർ – തിരുബാലസഖ്യദിനം | - | 17 |
| മാർപ്പാപ്പയുടെ സന്ദേശം | - | 24 |
| സിനഡ് അനന്തര സർക്കുലർ | - | 30 |
| കച്ചേരിക്കാര്യം | - | 37 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 39 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 46 |
| അജപാലനോത്തേജനവിഭാഗം | - | 47 |
| വിശ്വാസജീവിതപരിശീലനരംഗം | - | 55 |
| ചെറുപുഷ്പ മിഷൻലീഗ് | - | 57 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 60 |
| കുടുംബപ്രേഷിതത്വം | - | 63 |
| മാതൃവേദി | - | 66 |
| നസ്രാണി റിസേർച്ച് സെന്റർ | - | 70 |
| മേരി മാതാ മൈനർ സെമിനാരി | - | 71 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 72 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - | 74 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 76 |
| സന്യസ്തർ | - | 78 |
| കെ.സി.എസ്.എൽ. | - | 86 |
| നല്ലതണ്ണി മാർത്തോമാശ്ലീഹാ ആശ്രമം | - | 87 |
| കത്തോലിക്കാ കോൺഗ്രസ് | - | 88 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 91 |
| സാരഥി | - | 92 |
| ഡി.സി.എം.എസ്. | - | 94 |
| ലീജിയൻ ഓഫ് മേരി | - | 95 |
| ഫ്രാൻസിസ്കൻ അല്മായസഭ | - | 97 |
| വിൻസെൻഷ്യൻ വേദി | - | 99 |
| ആരോഗ്യപുനരധിവാസമദ്യവിരുദ്ധ സമിതി | - | 101 |
| വിമല പബ്ലിക്കേഷൻസ് | - | 102 |
| Special Care Homes & Charitable institution | - | 103 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 106 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 110 |
| രൂപതാവാർത്തകൾ | - | 113 |
| Bishop's Engagements | - | 117 |



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No.2

ഫെബ്രുവരി 2020



കാഞ്ഞിരപ്പള്ളി രൂപതയെ ഉന്നതിയുടെ പടവുകളിലേയ്ക്ക്
രണ്ടു പതിറ്റാണ്ടോളം നയിച്ചതിനുശേഷം വിരമിക്കുന്ന

**അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്**

**സ്നേഹാദരവുകൾ...**



**രൂപതയുടെ സാരഥ്യം ഏറ്റെടുക്കുന്ന**

**അഭിവന്ദ്യ മാർ ജോസ്**

**പുളിക്കൽ പിതാവിന്**

**പ്രാർത്ഥനാശംസകൾ...**



പാലക്കാട് രൂപതയുടെ സഹായമെത്രാനായി
നിയമിതിനായിരിക്കുന്ന
അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്
രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ


മോൺസിഞ്ഞോർ പദവി ലഭിച്ച
സിഞ്ചെല്ലൂസ്
പെരിയ ബഹുമാനപ്പെട്ട ജോർജ് ആലുങ്കലച്ചന്
രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

# നവവൈദികർക്ക് പ്രാർത്ഥനാശംസകൾ





**റവ. ഫാ. ആൽവിൻ കാൽലോസ്, കീരഞ്ചിറ**

സെന്റ് ജോസഫ്സ് ഫൊറോന ചർച്ച്

പെരുവന്താനം

30 – 12 – 2019



**റവ. ഫാ. സ്കറിയ (ബോബി), തോട്ടക്കര**

സെന്റ് ജോസഫ്സ് ചർച്ച്

തിടനാട്

16 – 01 – 2020



**റവ. ഫാ. ജോസഫ് (റോബിൻ), താന്നിക്കാപ്പാറയിൽ**

സെന്റ് തോമസ് ചർച്ച്

പുള്ളിക്കാനം

20 – 01 – 2020

CL/No. 2/2020

# സർക്കുലർ

വന്ദ്യസഹോദരങ്ങളേ, പ്രിയ മക്കളേ,

കാഞ്ഞിരപ്പള്ളി രൂപതയുടെ മേലദ്ധ്യക്ഷനായി 2020 ഫെബ്രുവരി മാസം 3-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിയോഗിക്കപ്പെടുന്നത്, നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. ഈ രൂപതയുടെ മെത്രാനായി കഴിഞ്ഞ 19 വർഷം ശുശ്രൂഷ ചെയ്തശേഷം വിരമിക്കുമ്പോൾ "അവർണ്ണനീയമായ ദാനത്തിനു ദൈവത്തിനു സ്തുതി" (2 കോറി 9:15) എന്ന പ്രാർത്ഥന മാത്രമാണ് എന്റെ മനസ്സിലും ഹൃദയത്തിലും നിറഞ്ഞു നിൽക്കുന്നത്. ശബരിമല വനത്തിൽപ്പെട്ട വണ്ടിപ്പെരിയാർ വഞ്ചിവയൽ ഗിരിവർഗ്ഗക്കോളനിയിലെ ജനങ്ങൾക്കിടയിൽ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുമായി എത്തിയ വേളയിലാണ് മെത്രാനായി നിയമിച്ചുകൊണ്ടുള്ള ഡൽഹി അപ്പസ്തോലിക ന്യൂൺഷോയുടെ സന്ദേശം പീരുമേട് ഓഫീസിലെ ആളുകൾ എന്നെ ഏൽപ്പിക്കുന്നത്. 2001 ഫെബ്രുവരി 9-ാം തീയതി പൗരോഹിത്യത്തിന്റെ പൂർണ്ണതയിലേക്ക് എന്നെ ഉയർത്തിയ സർവ്വശക്തനായ ദൈവത്തോട് അന്നും ഇന്നും ഒരു ചോദ്യം മാത്രമാണ് ഞാൻ ചോദിച്ചിട്ടുള്ളത്. "ദൈവമായ കർത്താവേ, അങ്ങ് എന്നെ ഇത്രത്തോളം ഉയർത്തുവാൻ ഞാൻ എന്താകുന്നു"? (2 സാമു 7:19). കർത്താവ് സഹായിക്കുകയും ശക്തനാക്കുകയും ചെയ്യും എന്ന ഏക ഉറപ്പിൽ മാത്രമാണ് അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെയും അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെയും പിന്തുടർച്ചക്കാരനായി ഞാൻ ശ്ലൈഹിക

ശുശ്രൂഷ ആരംഭിച്ചത്. സങ്കീർത്തകൻ പറയുന്നതുപോലെ "കർത്താവിന്റെ വിശ്വസ്തതയും കാരുണ്യവും" (സങ്കീ. 89:24) മാത്രമാണ് എനിക്ക് താങ്ങും തുണയുമായി നിന്നിട്ടുള്ളത്. രൂപതാദ്ധ്യക്ഷനെന്ന നിലയിൽ പ്രകാശപൂരിതമായ സുന്ദര നിമിഷങ്ങൾക്കും കാർമേഘപൂരിതമായ അസുന്ദരനിമിഷ ങ്ങൾക്കും ഞാൻ സാക്ഷിയായിട്ടുണ്ട്. "കർത്താവ് ഉറങ്ങുക യാണോ" (മർക്കോ 4:38) എന്നു ഞാൻ സംശയിച്ച പ്പോൾപ്പോലും അവിടുന്ന് എന്റെ ചാരെ ഉണ്ടായിരുന്നെന്നും അവിടുത്തേക്ക് പ്രിയപ്പെട്ട കാഞ്ഞിരപ്പള്ളി രൂപതയാകുന്ന നൗകയെ എന്നിലൂടെ ദൈവത്തിങ്കലേക്ക് നയിക്കുകയായിരു ന്നെന്നും തിരിച്ചറിയുവാൻ സാധിച്ചു.

ഈശോ വാഗ്ദാനം ചെയ്ത "ജീവന്റെ സമൃദ്ധിയിലേക്ക്" (യോഹ 10:10) ഒരുമിച്ച് മുന്നേറുവാൻ നാം പരിശ്രമിക്കുകയാ യിരുന്നു. കർത്താവ് എനിക്കു ഭരമേൽപ്പിച്ചിരിക്കുന്ന ഓരോ വ്യക്തിയുടെയും സന്തോഷവും സങ്കടവും പ്രശ്നങ്ങളും പ്രതി സന്ധികളും എന്റേതുമാണെന്ന ബോധ്യമാണ് ഈ 19 വർഷവും എനിക്കു സ്വന്തമായിട്ടുണ്ടായിരുന്നത്. മിശിഹാ വാഗ്ദാനം ചെയ്ത ജീവന്റെ സമഗ്രമായ സമൃദ്ധി ഓരോ വ്യക്തിക്കും കരഗതമാകുമ്പോൾ മാത്രമെ സുവിശേഷം ജീവി തയാഥാർത്ഥ്യമാവുകയുള്ളു എന്നത് എന്റെ പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യനാളുകളിൽത്തന്നെ ഞാൻ തിരിച്ചറിഞ്ഞ താണ്. ഈ ബോധ്യത്തിൽ അടിയുറച്ച് വിശ്വസിച്ചതുകൊ ണ്ടാണ് കൂട്ടായ സഹകരണത്തിലൂടെ ബഹുദൂരം മുന്നേറു വാൻ നമുക്ക് സാധിച്ചത്. സഭയെ "വിശുദ്ധരുടെ ദ്വീപ്"

എന്നതിനെക്കാൾ വിശുദ്ധരെയും പാപികളെയും ഉൾക്കൊള്ളുന്ന ഒരു സമൂഹമായി കാണാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. ഈശോ പറഞ്ഞ ഉപമയിലെ നല്ല മത്സ്യങ്ങളും ചീത്ത മത്സ്യങ്ങളും ഉൾക്കൊള്ളുന്ന കടലിൽ എറിയപ്പെട്ട വലയ്ക്കു സമാനമാണ് ദൈവരാജ്യം (മത്താ 13:47-48)എന്ന ചിന്തയാണ് എന്നെ എന്നും നയിക്കുന്നത്.

പ്രിയ വൈദികരേ, നിങ്ങളുടെ പിതാവായി, നിങ്ങളുടെ എല്ലാ ഉദ്യമങ്ങളിലും കൂടെയായിരിക്കുവാനും നിങ്ങളുടെ നൂതന ആശയങ്ങളെയും സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുവാനും പിന്തുണക്കുവാനും ഞാൻ പരിശ്രമിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി രൂപത ഈ കാലഘട്ടത്തിൽ നേടിയ സമഗ്രമായ വളർച്ചയുടെ യഥാർത്ഥ ശില്പികൾ നിങ്ങളാണ്. നിങ്ങളുടെ പ്രാർത്ഥനയ്ക്കും പിന്തുണയ്ക്കും നിസ്വാർത്ഥ സേവനങ്ങൾക്കും ഞാൻ എന്നും നിങ്ങളോട് കടപ്പെട്ടവനാണ്. അതുപോലെ, നമ്മുടെ രൂപതയിൽ പൗരോഹിത്യ ശുശ്രൂഷയക്കായി വിവിധ സെമിനാരികളിൽ പരിശീലനം നേടുന്ന സ്നേഹനിധികളായ വൈദികവിദ്യാർത്ഥികളേ, നമ്മുടെ രൂപതയുടെ സുസ്ഥിരമായ ഭാവി  നിങ്ങളെയാണ് ഈശോ ഭരമേല്പിച്ചിരിക്കുന്നത് എന്നതു നിങ്ങൾ വിസ്മരിക്കരുത്.

കാഞ്ഞിരപ്പള്ളി രൂപതയുടെ വിവിധ മേഖലകളിൽ നിസ്തുലമായ സേവനവും മിശിഹായ്ക്ക് സജീവമായ സാക്ഷ്യവും നൽകുന്ന എല്ലാ സന്ന്യാസിനിസന്ന്യാസികളെയും നന്ദിയോടെ ഓർക്കുന്നു. സ്കൂളുകളിലും ആശുപത്രികളിലും ആതുരാലയങ്ങളിലും മറ്റു പ്രേഷിത രംഗങ്ങ

ളിലും നിങ്ങളെത്തന്നെ ത്യജിച്ചുകൊണ്ട് ദൈവത്തെ മാത്രം പ്രതിഫലമായി കണ്ട് നിങ്ങൾ ചെയ്യുന്ന ശുശ്രൂഷകൾ അമൂല്യങ്ങളാണ്.

നമ്മുടെ രൂപതയെ പ്രകാശപൂരിതമാക്കുന്നത് നമ്മുടെ ഇടവകസമൂഹങ്ങളാണ്. ഈ കഴിഞ്ഞ 19 വർഷക്കാലയളവിൽ നമ്മുടെ രൂപതയിലെ ഓരോ ഇടവകയിലും നിസ്വാർത്ഥമായി സേവനം ചെയ്തവരും ചെയ്തുകൊണ്ടിരിക്കുന്നവരുമായ കൈക്കാരന്മാരെയും, പാരീഷ് കൗൺസിൽ അംഗങ്ങളെയും, കുടുംബക്കൂട്ടായ്മ ഭാരവാഹികളെയും, വിശ്വാസപരിശീലകരെയും, സംഘടനാ ഭാരവാഹികളെയും ദൈവാലയശുശ്രൂഷികളെയും എനിക്ക് ഏറ്റവും പ്രിയപ്പെട്ട നമ്മുടെ രൂപതയിലെ വിശ്വാസ സമൂഹം മുഴുവനെയും നന്ദിയോടെ ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു.

നമ്മുടെ രൂപതയുടെ കാര്യക്ഷമമായ ശുശ്രൂഷ നിർവ്വഹണത്തിൽ എന്നെ സഹായിച്ച പെരിയ ബഹു. വികാരി ജനറാൾ അച്ചന്മാരെയും ചാൻസലർ അച്ചന്മാരെയും ആലോചനാ സംഘത്തിലെയും ഫിനാൻസ് കൗൺസിലിലെയും വൈദികസമിതിയിലെയും പാസ്റ്ററൽ കൗൺസിലിലെയും അംഗങ്ങളെയും വിവിധ സ്ഥാപനങ്ങളിലും ഡിപ്പാർട്ട്മെന്റുകളിലും ഇടവകകളിലും സേവനം ചെയ്ത ബഹു. വൈദികരെയും നന്ദിയോടെ ഓർക്കുന്നു.

മിശിഹായിൽ പ്രിയമുള്ള വൈദികരേ, സന്ന്യാസിനി സന്ന്യാസികളേ, വിശ്വാസസമൂഹമേ, സ്നേഹം കൊണ്ടും,

പ്രാർത്ഥനകൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും എനിക്കു നൽകിയ പിന്തുണയ്ക്കും സഹകരണത്തിനും നന്ദി പറയുന്നതോടൊപ്പം എന്റെ മാനുഷികമായ എല്ലാ കുറവുകൾക്കും ഞാൻ നിങ്ങളോട് മാപ്പു ചോദിക്കുന്നു.

കാഞ്ഞിരപ്പള്ളി രൂപതയുടെ മേലദ്ധ്യക്ഷസ്ഥാനത്തു നിന്നും വിരമിക്കുകയെന്നാൽ എന്നെ സംബന്ധിച്ച് അത് സ്വകാര്യജീവിതത്തിലേക്കുള്ള പ്രവേശനമല്ല. എന്റെ ശ്ലൈഹികദൗത്യം അതിന് അനുവദിക്കുകയുമില്ല. കർത്താവിനെയും അവിടുത്തെ വത്സല ജനത്തെയും ശുശ്രൂഷിക്കുന്നതിൽ നിന്നും എനിക്ക് വിശ്രമമില്ല. നമ്മുടെ രൂപതയുടെ മേലദ്ധ്യക്ഷസ്ഥാനത്തിനിന്നും വിരമിക്കുന്നത് ഒരു തരത്തിൽ എന്നെ നിങ്ങളോട് കൂടുതൽ അടുപ്പിക്കുകയാണ്. ഒരു മെത്രാന്റെ ശ്ലൈഹിക ശുശ്രൂഷ പ്രധാനമായും ആത്മീയ ശുശ്രൂഷയാണല്ലോ. അതിനാൽ പ്രാർത്ഥനകളിലൂടെയും കൂദാശകളുടെ പരികർമ്മത്തിലൂടെയും ഞാൻ നിങ്ങൾക്ക് കൂടുതൽ സമീപസ്ഥനാവുകയാണ്. കർത്താവിന്റെ കുരിശിന്റെ ചുവട്ടിൽ, നിങ്ങൾ ഓരോരുത്തർക്കുംവേണ്ടി ഞാൻ ഉണ്ടാകും എന്നതുമാത്രമാണ് എനിക്കു നിങ്ങൾക്ക് നൽകുവാനുള്ള ഉറപ്പ്.

കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാനായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് ഞാൻ പ്രാർത്ഥനാശംസകൾ നേരുന്നു. ദൈവജനത്തെ നയിക്കുവാൻ ആവശ്യമായ വിവേകവും അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും വിശാലഹൃദയവും നൽകി അഭിവന്ദ്യ പിതാവിനെ ദൈവം അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മേലദ്ധ്യക്ഷനാ

യുള്ള ഈ ദൈവികശുശ്രൂഷയിൽ നമ്മുടെ എല്ലാവരുടെയും പിന്തുണയും പ്രാർത്ഥനകളും അഭിവന്ദ്യ പിതാവിന് നൽകണമെന്ന് സ്നേഹപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു. ഫെബ്രുവരി 3-ാം തീയതി രാവിലെ 10.30-ന് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ നടക്കുന്ന സ്ഥാനാരോഹണ കർമ്മത്തിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു. ഇതു സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് നൽകിയിട്ടുണ്ട്.

നമുക്കൊരുമിച്ച് പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും അവിടുത്തേക്ക് ശുശ്രൂഷ ചെയ്യുകയും ചെയ്യാം. നമ്മുടെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും സകല വിശുദ്ധരുടെയും മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്

**മാർ മാത്യു അറയ്ക്കൽ**
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
27.01.2020

NB : ഈ സർക്കുലർ 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ലോകം പുതിയ പ്രതീക്ഷകളോടെ രണ്ടായിരത്തിഇരുപതിന്റെ ഭൂമികയിലേക്കു ചുവടുവച്ചു കഴിഞ്ഞപ്പോൾ കാഞ്ഞിരപ്പള്ളി രൂപതയാകുന്ന പ്രാദേശിക സഭയും അതിന്റെ തീർത്ഥാടനവഴിയിൽ 43 വർഷങ്ങൾ പിന്നിടുന്നു. ഈ അവസരത്തിലാണ് രൂപതയുടെ മൂന്നാമത്തെ സാരഥിയായി സ്തുത്യർഹമായവിധം നമ്മെ നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് രൂപതാധ്യക്ഷനെന്ന നിലയിലുള്ള തന്റെ ഔദ്യോഗിക സ്ഥാനത്തുനിന്നു വിരമിക്കുന്നത്. തനിക്കു ഭരമേല്പിക്കപ്പെട്ട അപ്പസ്തോലിക ദൗത്യങ്ങൾ ഏറ്റവും അഭിനന്ദനീയമായ വിധം പൂർത്തിയാക്കിയതിന്റെ സംതൃപ്തിയോടെ അഭിവന്ദ്യ പിതാവിന് പടിയിറങ്ങാൻ കഴിയുമെന്നതിൽ തെല്ലും സംശയമില്ല.

സുവർണ്ണജൂബിലി വർഷത്തിലേക്ക് പ്രയാണം ചെയ്യുന്ന നമ്മുടെ രൂപതാ സമൂഹത്തിന് അഭിമാനിക്കാനും ദൈവസന്നിധിയിൽ നന്ദിയർപ്പിക്കാനും വളരെയേറെ കാരണങ്ങളുണ്ട്. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ സാരഥ്യത്തിൽ ഉറച്ച അടിത്തറ പാകി തുടക്കം കുറിച്ച രൂപതയുടെ പ്രയാണം അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴിപിതാവിന്റെ ചിട്ടയുള്ള പരിപാലനത്തിലൂടെ വളരെയേറെ കാതങ്ങൾ അനുഗൃഹീതമായി പിന്നിട്ടു. പുണ്യചരിതനായ വട്ടക്കുഴിപ്പിതാവ് ഇപ്പോൾ സ്വർഗ്ഗീ

യഭവനത്തിലിരുന്ന് നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു. ആ പാവനസ്മരണയ്ക്കു മുമ്പിൽ പ്രണാമമർപ്പിക്കട്ടെ. നമ്മുടെ രൂപതയുടെ മൂന്നാമത്തെ മെത്രാനായി സ്ഥാനമേറ്റ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് ദൈവകൃപയിൽ ആശ്രയിച്ച് സഹജമായ കർമ്മവൈഭവത്തോടെ ഈ പ്രാദേശികസഭയെ സമഗ്രപുരോഗതിയുടെ പടവുകളിലൂടെ ബഹുദൂരം മുന്നോട്ടു നയിച്ചു.

തികച്ചും ജനകീയനായ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ അജപാലനശൈലികളും അതുല്യമായ നേതൃത്വപാടവവും വിശാലവീക്ഷണവും സാമൂഹ്യപ്രതിബദ്ധതയുള്ള ജനകീയ പ്രവർത്തന രീതികളും ധീരമായ ചുവടുവയ്പുകളും രൂപതയെ മാത്രമല്ല ഒരു ദേശത്തെ മുഴുവൻ വലിയ വികസനത്തിലേക്കെത്തിച്ചു. കഴിഞ്ഞ 19 വർഷങ്ങളിലൂടെ നമ്മുടെ രൂപത കൈവരിച്ച നേട്ടങ്ങൾ താരതമ്യങ്ങൾക്കതീതമായ വിധം മഹത്തരമാണ്. നമ്മുടെ പ്രവർത്തന മേഖലകൾ, അജപാലനം, സാമൂഹ്യം, സാംസ്ക്കാരികം, വിദ്യാഭ്യാസം, ജീവകാരുണ്യം എന്നിങ്ങനെ, സമസ്ത തലങ്ങളെയും സ്പർശിച്ചുനിൽക്കുന്നുവെന്നത് എത്രയോ അഭിമാനകരമാണ്. കേരളത്തിലെന്നല്ല ഭാരതത്തിൽ തന്നെ ശിരസ്സുയർത്തി നിൽക്കുന്ന പി.ഡി.എസ്., എം.ഡി.എസ്. തുടങ്ങിയ സാമൂഹ്യപ്രവർത്തന പ്രസ്ഥാനങ്ങളും അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്, മരിയൻ കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും നിരവധിയായ ജീവകാരുണ്യസംരംഭങ്ങളും കാഞ്ഞിരപ്പള്ളി രൂപതയെ വേറിട്ടതാക്കുന്നു.

നമ്മുടെ നേട്ടങ്ങൾക്കും വളർച്ചയ്ക്കും ദൈവസന്നിധിയിൽ നന്ദിയർപ്പിക്കാനുള്ള സമയമാണിത്. കേരളസഭയുടെ അഭിമാനമായ നമ്മുടെ പ്രിയപ്പെട്ട അറയ്ക്കൽ പിതാവിനെ കൃതജ്ഞതയോടും വലിയ ആദരവോടും കൂടി ഓർമ്മിക്കാൻ നമുക്കു കടമയുണ്ട്. ഫെബ്രുവരി 3-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30-ന് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയത്തിൽ വച്ചു നടക്കുന്ന സ്ഥാനാരോഹണ കർമ്മങ്ങൾക്കു ശേഷം ഉച്ചകഴിഞ്ഞ് 2.30-ന് കത്തീഡ്രൽ മഹാജൂബിലി ഹാളിൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് രൂപതാകുടുംബം ആദരമർപ്പിക്കുന്ന പൊതുസമ്മേളനം നടക്കുന്നു. ഈ കുടുംബസമ്മേളനത്തിൽ എല്ലാവരുടെയും സാന്നിധ്യവും സഹകരണവും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അറിയിക്കുകയാണ്. നമ്മുടെ രൂപതയിലെ എല്ലാ വൈദികരെയും ഇടവക തലത്തിൽ സന്ന്യസ്തരും അല്മായരുമുൾപ്പെടുന്ന പ്രതിനിധികളെയും ഞാൻ സന്തോഷപൂർവ്വം പ്രസ്തുത സമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. മാർച്ച് 1-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് വിപുലമായ രീതിയിൽ 'ജനകീയ ആദരവ്' അഭിവന്ദ്യ അറയ്ക്കൽ പിതാവിന് നൽകുന്ന പരിപാടിയുമുണ്ട് എന്ന കാര്യവും അറിയിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, കാഞ്ഞിരപ്പള്ളി രൂപതയുടെ അധ്യക്ഷനെന്ന വലിയ ഉത്തരവാദിത്വം ദൈവഹിതാനുസാരം നിസാരനായ ഞാൻ ഏറ്റെടുക്കുമ്പോൾ നമ്മുടെ രൂപതാ സമൂഹം മുഴുവന്റെയും പ്രാർത്ഥനയും സഹായവും സഹകരണവും വിനീതമായി അഭ്യർത്ഥിക്കുന്നു. ഈ

രൂപതാ കുടുംബത്തിലെ ബഹുമാനപ്പെട്ട വൈദികർ, സന്ന്യസ്തർ, അൽമായ നേതാക്കൾ തുടങ്ങി എല്ലാവരുടെയും ത്യാഗനിർഭരമായ സമർപ്പണവും സഭാസ്നേഹവും സഹകരണവും ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു.

വി. ബലിപീഠത്തിൽ നിന്ന് ശക്തി നുകർന്നുകൊണ്ട് ഒന്നിച്ചു പ്രാർത്ഥിച്ചും പങ്കുവച്ചും സുവിശേഷത്തിന്റെ പാതയിൽ നമുക്കു മുമ്പോട്ടു നീങ്ങാം. വിശ്വാസതീർത്ഥാടനത്തിലായിരിക്കുന്ന ഈ പ്രാദേശിക സഭയെ ദൈവത്തിന്റെ ഹിതമനുസരിച്ച് ശരിയായ ദിശാബോധത്തോടെ മുന്നോട്ടു നയിക്കാൻ നമുക്ക് ഒരുമിച്ചു പരിശ്രമിക്കാം. തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം. എല്ലാവർക്കും സമൃദ്ധമായ ദൈവാനുഗ്രഹങ്ങൾ ആശംസിച്ചുകൊള്ളുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോസ് പുളിക്കൽ**

കാഞ്ഞിരപ്പള്ളി രൂപതയുടെ നിയുക്തമെത്രാൻ

കാഞ്ഞിരപ്പള്ളി

27.01.2020

---

NB : ഈ സർക്കുലർ 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

Ref: 3249/K-5/KCBC/OL/DS

# 2020 ഫെബ്രുവരി 9 തിരുബാലസഖ്യദിനം കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

1843-ൽ ഫ്രാൻസിൽ സ്ഥാപിതമായ തിരുബാലസഖ്യത്തെ 1922-ൽ 11-ാം പീയൂസ് പാപ്പ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രികസഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. സാർവ്വത്രിക സഭയോട് ചേർന്ന് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയായ ഇന്ന് (09.02.2020) ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണ്. തിരുബാലസഖ്യത്തിലെ എല്ലാ അംഗങ്ങൾക്കും അവരെ നയിക്കുന്നവർക്കും ഈ നല്ല ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ഫ്രാൻസിസ് പാപ്പയുടെ നിർദേശമനുസരിച്ച് 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി സമുചിതമായി ആചരിച്ചതിന്റെ തുടർച്ചയായി കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് "മിസ്സിയോ ദേയി 2020" എന്ന പേര് നൽകി പ്രേഷിതവർഷമായി ആചരിക്കുകയാണ്. കേരളസഭയ്ക്കു മുഴുവൻ നവ പ്രേഷിത ചൈതന്യവും പ്രേഷി

തമാനസാന്തരവും നല്കി, "നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന നമ്മുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ പ്രേഷിത ആഹ്വാനത്തെ പൂർവ്വാധികം കൃപയോടും തീക്ഷ്ണതയോടും ശിരസ്സാവഹിച്ച് ജീവിക്കാനും പ്രഘോഷിക്കാനുമുള്ള ദൗത്യം കേരള സഭ ഏറ്റെടുക്കുകയാണ്. ഈ പ്രേഷിത നവചൈതന്യം എല്ലാവരെക്കാളും ഉപരിയായി ജ്വലിപ്പിക്കേണ്ടത് കുഞ്ഞുമക്കളെയും യുവതലമുറയെയുമാണ്.

നിങ്ങൾ ശിശുക്കളെപ്പോലെ ആകുവിൻ എന്നും കുഞ്ഞുങ്ങളെ കണ്ടു പഠിക്കുവിൻ എന്നും, ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല (മത്താ 19:15) എന്നും ഈശോ പറഞ്ഞ സത്യങ്ങൾ നാം തിരിച്ചറിയണം.

നന്മമാത്രം നല്കിയും നന്മയുടെ പശ്ചാത്തലങ്ങൾ ഒരുക്കിയും കുഞ്ഞുങ്ങളുടെ രൂപീകരണത്തിൽ നമുക്ക് പങ്കുചേരണം. ഇന്ന് കുഞ്ഞുങ്ങൾ ഏറെ സങ്കീർണതകളിലൂടെ കടന്നുപോകുന്നു എന്ന് നാം മനസ്സിലാക്കണം. കുടുംബങ്ങളുടെ ശൈഥില്യവും മാതാപിതാക്കളുടെ ഇടയിലെ മത്സരങ്ങളും മദ്യപാനം, ലഹരിഉപയോഗം എന്നിവയുടെ സമ്മർദ്ദത്തിൽ ഉണ്ടാകുന്ന അക്രമങ്ങൾ, അസമാധാനം, സാമ്പത്തിക പിന്നോക്കാവസ്ഥ, കുഞ്ഞുങ്ങളെ ദുരുപയോഗിക്കുന്നവരുടെ കഴുകൻ കണ്ണുകൾ - ഇവയും നമ്മുടെ കുരുന്നുകളുടെ ജീവിതം അപഹരിക്കുകയാണ്. പ്രായത്തോടൊപ്പം വിരിയേണ്ട അവരുടെ വൈകാരിക, ലൈംഗിക ജിജ്ഞാസകളും താത്പര്യങ്ങളും അറിവുകളും അനുഭവങ്ങളും വളരെ മുമ്പേതന്നെ ഉദ്ദീപിപ്പിക്കുന്ന ഇന്നത്തെ സാഹചര്യം മുതിർന്നവരായ നമ്മുടെ

മുമ്പിലെ വെല്ലുവിളിയും കൃത്യമായ പ്രവർത്തനങ്ങൾക്കുള്ള ചൂണ്ടുപലകയും ആവണം.

തിരുക്കുടുംബത്തിലെ ഉണ്ണിയായ ഈശോ വളർന്നു വന്നതുപോലെയാണോ ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾ വളരുന്നത്? പരിശുദ്ധ കന്യകാമറിയവും യൗസേപ്പിതാവും ദൈവഹിതം ആരാഞ്ഞ് അതിനടിയറവു പറഞ്ഞ് ദിവ്യശിശുവായ ഈശോയെ ദൈവികദൗത്യത്തിനായി (മിസ്സിയോ ദേയി) വളർത്തിയതു പോലെയാണോ ഇന്ന് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുന്നത്? ക്രൈസ്തവ കുടുംബജീവിതം നയിക്കുന്ന നമ്മളോട് ദൈവവും കാലവും ചോദിക്കുന്ന ചോദ്യങ്ങളാണിവ.

പ്രേഷിതവർഷത്തിൽ കുഞ്ഞുങ്ങളെ ഈശോ വളർന്നതുപോലെ നാലു തലങ്ങളിൽ നമുക്ക് വളർത്തിയെടുക്കാം - ജ്ഞാനത്തിൽ, പ്രായത്തിൽ, ദൈവപ്രീതിയിൽ, മനുഷ്യപ്രീതിയിൽ. ഒന്നാമതായി, ജ്ഞാനത്തിൽ ഓരോ കുഞ്ഞും വളർന്നുവരണം. അത് ബുദ്ധിയല്ല, ജ്ഞാനമാണ്. അറിവല്ല, തിരിച്ചറിവാണ്. രണ്ടാമതായി, പ്രായത്തിൽ വളർന്നുവരണം. പ്രായം എന്നത് ശരീരത്തിന്റെ വളർച്ചമാത്രമല്ല. ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം കുഞ്ഞുവളരുന്നത് അപ്പംകൊണ്ട് മാത്രമല്ല, വചനങ്ങൾ കൊണ്ടും കൂടിയാണ്. അതിനാൽ കുഞ്ഞുമനസ്സുകൾ വചനത്തിനായി തുറക്കപ്പെടണം. മൂന്നാമതായി, കുഞ്ഞുങ്ങൾ ദൈവപ്രീതിയിൽ വളർന്നുവരണം. ശരീരത്തെ ദേവാലയമാക്കുന്നതാണ് ദൈവപ്രീതി. നാലാമതായി, ഓരോ കുഞ്ഞും മനുഷ്യപ്രീതിയിൽ വളർന്നുവരണം. ഒപ്പം നിൽക്കുന്നവരെ പ്രകാശിപ്പിക്കുന്ന മാനുഷികഗുണങ്ങളെ സ്വന്തമാക്കലാണത്. ഇപ്രകാരം കുട്ടികളുടെ ശാരീരികവും മാനസികവും

ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

പ്രേഷിതമാനസാന്തരത്തിന്റെ ഈ അസുലഭ അവസരത്തിൽ കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണ് പരമപ്രധാനമായ ദൗത്യം. 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ പറയുന്നത്, "ജീവിതത്തിലെ ഒരേ ഒരു ദുരന്തം വിശുദ്ധനാകാത്തതാണ്" (GE 34) എന്നാണ്. കുഞ്ഞുങ്ങളെയും നമ്മെയും അനുദിനം വിശുദ്ധരായി മാറ്റാൻ നാല് ആത്മീയ പാതകൾ തിരഞ്ഞെടുക്കണമെന്ന് ഫ്രാൻസിസ് പാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന്റെ അവസരത്തിൽ ആവശ്യപ്പെട്ടിരുന്നു. ഒന്ന്, എല്ലാ കുഞ്ഞുങ്ങളെയും ദൈവവചനത്തിലും ദിവ്യബലിയിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുപ്പിച്ച് അവരെ ക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുക. രണ്ട്, ക്രിസ്തുസ്നേഹത്തെ പ്രതി പ്രേഷിതവേലയ്ക്കു സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയസംസർഗം ശക്തിപ്പെടുത്തുക. ഇത് വിശുദ്ധരുടെ മാതൃകയും ചൈതന്യവും കുഞ്ഞുമനസ്സുകളെ സ്വാധീനിക്കാൻ കാരണമാകും. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണ്ണമായി സമർപ്പിക്കാനും പ്രേഷിത രൂപീകരണം നേടുക. ഈ പ്രേഷിത രൂപീകരണത്തിന്റെ ആദ്യപാഠങ്ങൾ അഭ്യസിക്കാനുള്ള ഏറ്റവും നല്ല കാലഘട്ടമാണ് ബാല്യം. നാല്, ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുന്നതിന് കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. കുടുംബം ഇന്ന് കാരുണ്യത്തിന്റെ കരങ്ങൾ അവശർക്കും ആലംബഹീനർക്കുമായി നീട്ടേണ്ടത് കുരുന്നുകരങ്ങളിലൂടെ

യാണ്. സ്വാർത്ഥതയുടെ ഈ ലോകത്ത് പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, "ഓരോരുത്തരും തങ്ങളുടെ കാര്യങ്ങൾ മാത്രം നോക്കിയാൽ പോരാ, മറ്റുള്ളവരെ തങ്ങളെക്കാൾ വിലപ്പെട്ടവരായി കരുതണം."

പ്രേഷിതവർഷത്തിലെ തിരുബാലസഖ്യദിനത്തിൽ 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പാ നമ്മോട് ചോദിക്കുന്ന ചോദ്യം വിചിന്തനം ചെയ്യുന്നത് സമുചിതമാണ്. "എവിടെയാണ് നമ്മുടെ കുട്ടികൾ? അവരുടെ ആത്മാവിന്റെ സ്ഥിതി നമ്മൾ അറിയുന്നുണ്ടോ" (AL 261). പ്രേഷിത വർഷാചരണത്തിലൂടെ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ സഹായിക്കുന്ന ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിശ്വാസം പകർന്നു നല്കുന്ന പ്രഥമ അധ്യാപകർ മാതാപിതാക്കൾ ആണെന്ന് മനസ്സിലാക്കുക.
2. ധാർമ്മികപരിശീലനം മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുക.
3. നന്മയ്ക്കുവേണ്ടിയുള്ള ദാഹം കുട്ടികളിൽ ജനിപ്പിക്കുക.
4. വിശുദ്ധിയിൽ വളരാൻ കൊച്ചു കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക.
5. കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാക്കുക.
6. ക്രിസ്തുവിനോടും വിശുദ്ധഗ്രന്ഥത്തോടുമുള്ള ആത്മബന്ധം ജനിപ്പിക്കുന്ന പ്രാർത്ഥനാവേളകൾ അനുദിനം കുടുംബങ്ങളിൽ ശീലമാക്കുക.
7. തകരുന്ന കുടുംബങ്ങളിൽ തകർന്നു പോകുന്നത് കുഞ്ഞുങ്ങളാണെന്ന സത്യം മനസ്സിലാക്കുക.

8. മാറുന്ന ലോകത്ത് മാറാത്ത ക്രൈസ്തവ മൂല്യങ്ങളെ മുറുകെ പിടിക്കാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.
9. വഴിതെറ്റിക്കുന്ന സാമൂഹ്യമാധ്യമങ്ങളിൽ നിന്നും വീഡിയോ ഗെയിമുകളിൽ നിന്നും സൈറ്റുകളിൽ നിന്നും അകലം പാലിക്കാൻ മക്കളെ ശീലിപ്പിക്കുക.
10. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലകളിലേക്കും കുട്ടികളെ കടത്തിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുക.

കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണീശോയുടെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ആഴ്ചയിൽ ഒരു ദിവസം തിരുബാലസംഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഇടവകയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ പ്രേരിപ്പിക്കുകയും പ്രേഷിത ചൈതന്യത്തിൽ വളർത്തുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണീശോയ്ക്ക് സമർപ്പിക്കുന്നു. ഈശോയെപ്പോലെ നിങ്ങളും

സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായി വളരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**

വൈസ് ചെയർമാൻ,

കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്ജെയിംസ് ആനാപറമ്പിൽ**

വൈസ് ചെയർമാൻ,

കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

---

NB: 2020 ഫെബ്രുവരി 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Ref: 3247/K-5/KCBC/OL/DS

# പരിശുദ്ധ മാർപാപ്പായുടെ സന്ദേശം
# ഇരുപത്തിയെട്ടാം ലോകരോഗീ ദിനാചരണം – 2020

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"
(മത്താ 11:28)

പ്രിയ സഹോദരീസഹോദരന്മാരേ,

1. "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചൂണ്ടിക്കാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. അത് ക്ലേശിതരും ക്ഷീണിതരുമായവർക്ക് പുതിയ ശക്തി നല്കുന്നു.

   ക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യപുത്രന് മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യർ ശരീരത്തിലും ആത്മാവിലും സഹിക്കുന്നു! തന്റെയടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടുന്നു പറയുന്നു: "എന്റെയടുക്കൽ വരുവിൻ." അവിടുന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

   "യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടുത്തെ മുമ്പിലുണ്ട്: ധാരാളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹികവ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ...ഈ മനുഷ്യർ അവിടുത്തെ വാക്കു കേൾക്കാൻവേണ്ടി അവിടുത്തെ പിന്തുടർന്നു - പ്രത്യാശ നല്കുന്ന ഒരു വാക്കുകേൾക്കാൻ. യേശുവിന്റെ വാക്കുകൾ എപ്പോഴും പ്രത്യാശ നല്കുന്നു!" (Angelus, 6 July 2014).

   ഇരുപത്തിയെട്ടാം ലോകരോഗീദിനാചരണത്തിൽ യേശു ഈ വാക്കുകൾ രോഗികളോടും പീഡിതരോടും ദരിദ്രരോടും

ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാരത്തിൻകീഴിൽ അവിടുത്തെ സൗഖ്യദാനം ആവശ്യമായിരിക്കുന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ സഹിക്കുന്നവരിൽ നിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടുന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ സാന്നിധ്യവും നല്കുന്നു. ഓരോവ്യക്തിയുടെയും ഹൃദയത്തിലേക്ക് ഉറ്റുനോക്കുന്ന കണ്ണുകളുള്ള അവിടുന്ന് മുറിവേറ്റ മനുഷ്യവംശത്തെ നോക്കുന്നു. നോട്ടം നിസ്സംഗതയുടേതല്ല. പിന്നെയോ അത് മനുഷ്യരെ പൂർണമായി ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ ആരോഗ്യസ്ഥിതിയെയും ആശ്ലേഷിക്കുന്നു. ആരെയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജീവിതത്തിൽ പങ്കുചേരാനും തന്റെ മൃദുല സ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവിടുന്നു ക്ഷണിക്കുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാകുന്നത്? എന്തെന്നാൽ അവിടുന്നു തന്നെ ദുർബലനായി മാനുഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽ നിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്നവർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളൂ. ഗൗരവപൂർണമായ സഹനത്തിന്റെ അനേകം ഇനങ്ങളുണ്ട്: സുഖപ്പെടുത്താനാവാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാല്ലിയേറ്റീവു കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ. അംഗവൈകല്യത്തിന്റെ അസംഖ്യം രൂപങ്ങൾ. കുട്ടികൾക്കുള്ളവ അഥവാ പാരമ്പര്യരോഗങ്ങൾ...ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനുഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തിപരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്.

സുഖപ്പെടുത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം.

വ്യക്തികൾ രോഗം അനുഭവിക്കുമ്പോൾ തങ്ങളുടെ ശാരീരിക സമ

ഗ്രതയ്ക്ക് ഭീഷണിയുണ്ടെന്നു മാത്രമല്ല അവർക്കു തോന്നുന്നത്. പിന്നെയോ തങ്ങളുടെ ജീവിതത്തിന്റെ ബന്ധപരവും ബുദ്ധിപരവും വികാരപരവും ആധ്യാത്മികവുമായ മാനങ്ങളും ഭീഷണിയിലാണെന്ന് അവർക്കു തോന്നും. ഇക്കാരണത്താൽ ചികിത്സയ്ക്കും പിന്തുണയ്ക്കും പുറമേ ശുശ്രൂഷയും ശ്രദ്ധയും കൂടി അവർ പ്രതീക്ഷിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ സ്നേഹം പ്രതീക്ഷിക്കുന്നു. രോഗിയായ ഓരോ വ്യക്തിയുടെയും സമീപത്ത് ഒരു കുടുംബവുമുണ്ടാകും. അതുതന്നെ സഹനത്തിലാണ്. പിന്തുണയും ആശ്വാസവും അതിന് ആവശ്യമുണ്ട്.

3. രോഗികളായ പ്രിയസഹോദരീസഹോദരന്മാരേ, നിങ്ങളുടെ രോഗം ഒരു പ്രത്യേകവിധത്തിൽ നിങ്ങളെ "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമാക്കുന്നു." അങ്ങനെ യേശുവിന്റെ കണ്ണുകളെയും ഹൃദയത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും ഇരുട്ടുനിറഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. "എന്റെയടുത്തേക്കു വരുവിൻ" എന്ന് അവിടുന്ന് നിങ്ങളെ നിർബന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ 'ഇരുണ്ട രാത്രിയിൽ' നിങ്ങളെ ആക്രമിക്കുന്ന ആകുലതകളെയും ചോദ്യങ്ങളെയും നേരിടാനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമുക്കു കുറുപ്പടികൾ നല്കിയില്ല. പിന്നെയോ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മെ അവിടുന്ന് തിന്മയുടെ കടുംപിടിത്തത്തിൽ നിന്ന് സ്വതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടിവരും. കൂടുതൽ കൂടുതൽ നല്ല സമറായനായ യേശുക്രിസ്തുവിന്റെ (cf ലൂക്കാ10:34) 'സത്രം' ആയിത്തീരാൻ, അതായത്, അവിടുത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായിത്തീരാൻ സഭ ആഗ്രഹിക്കുന്നു. അവിടെ അടുപ്പവും സ്വീകരണവും ആശ്വാസവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്കു കാണാം. കുരിശുകൾ വഹിക്കാൻ നിങ്ങളെ അവർ സഹായിക്കും. നിങ്ങളുടെ സഹനത്തെ സംബന്ധിച്ച പുതിയൊരു

വീക്ഷണം നല്കാൻവേണ്ടിയാണത്. നിങ്ങളുടെ രോഗത്തിനപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജീവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാളത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നല്കാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തകരായ ഡോക്ടർമാർ, നേഴ്സുമാർ, ചികിത്സാപരവും കാര്യനിർവഹണപരവുമായ കാര്യങ്ങളിൽ വിദഗ്ധരായവർ, സഹായികൾ, വോളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈദഗ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാ രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നല്കാൻ അവർക്കു കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രീപുരുഷന്മാരാണ്. താഴെപ്പറയുന്നത് എത്ര സത്യമാണെന്ന് അവർ കാണിക്കുന്നു: “ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചു കഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുകൊണ്ട് വിനയപൂർവകവും വിനീതവുമായ മനോഭാവത്തോടെ അങ്ങനെ ചെയ്യണം” (Angelus, 6 July 2014).

4. പ്രിയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ധരേ, നമുക്ക് ഒരു കാര്യം എപ്പോഴും ഓർമ്മിക്കാം: രോഗനിർണയം, രോഗനിവാരണം, ചികിത്സ, ഗവേഷണം, സംരക്ഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. “വ്യക്തി” എന്ന നാമം “രോഗി” എന്ന വിശേഷണത്തെക്കാൾ മുൻഗണനയർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്ത്വത്തെയും ജീവിതത്തെയും വളർത്താൻ പരിശ്രമിക്കണം. വേദനിപ്പിക്കാതെ മരിപ്പിക്കൽ, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കൽ എന്നിവ സ്ഥിരരോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർധിച്ചുവരുന്ന പ്രശ്നസങ്കീർണമായ രോഗങ്ങളുടെ മുമ്പിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും - പരാജയങ്ങളെപ്പോലും - നേരിടേണ്ടിവരും. അപ്പോൾ നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വെളിവാക്കും. ജീവൻ വിശുദ്ധമാണെന്നും അതു ദൈവത്തിന്റേതാണെന്നും നമുക്ക് ഓർമ്മിക്കാം. അതുകൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല (cf ജീവന്റെ ദാനം 5, ജീവന്റെ സുവിശേഷം 29-53).

ജീവനെ ആരംഭംമുതൽ അവസാനംവരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയും വേണം. മനുഷ്യബുദ്ധിയും ജീവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവനോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങളുടെ "അതേ" എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നുവെങ്കിൽ ചില കേസുകളിൽ ബോധപൂർവകമായ എതിർപ്പ് അത്യാവശ്യമായ ഒരു തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്താൽ സഹായിക്കപ്പെടുന്ന നിങ്ങളുടെ തൊഴിൽവൈദഗ്ധ്യം ജീവനുള്ള അവകാശമാകുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരക്ഷിക്കുന്നതിന് നിങ്ങൾക്കു നല്കാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യമല്ലാതാകുമ്പോൾ ശുശ്രൂഷയും സുഖപ്പെടുത്തൽ ശ്രമവും നടത്താൻ നിങ്ങൾക്കു കഴിയും. രോഗിക്ക് ആശ്വാസം നല്കുന്ന പെരുമാറ്റംകൊണ്ടും ചികിത്സാപ്രക്രിയകൾകൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടുന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുമുണ്ട്. അങ്ങനെ അവർ ചികിത്സാവിദഗ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കു

ന്നു. എന്നാലും സമൂഹത്തിലെ സഹിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ആക്രമിക്കുന്നത് ആരുടെയും താത്പര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്ര്യത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാനാവാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരീസഹോദരന്മാരെപ്പറ്റി 28-ാം ലോകരോഗീദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താത്പര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളെയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംരക്ഷിക്കാനും ലഭ്യമാക്കാനുമുള്ള സമുചിതമായ ചികിത്സ ഓരോ വ്യക്തിക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തിന്റെയും ധനസഹായത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ചുകൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവകമായ സ്നേഹവും അടുപ്പവുംകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു.

രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പുനല്കിക്കൊണ്ട് ഹൃദയപൂർവം എന്റെ അപ്പസ്തോലികാശീർവാദം ഞാൻ നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 3 ജനുവരി 2020

യേശുവിന്റെ ഏറ്റവും വിശുദ്ധ നാമത്തിന്റെ ഓർമ്മദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Prot. No. 0053/2019

# സിനഡ് അനന്തര സർക്കുലർ

## സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ 28-ാമതു സിനഡ് സഭയുടെ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജനുവരി 10 മുതൽ 15 വരെ നടന്ന വിവരം നിങ്ങൾക്കറിയാമല്ലോ. തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും സിനഡിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു. മൂന്നു ദിവസം നീണ്ട ഒരുക്ക ധ്യാനത്തിനു ശേഷമാണ് പിതാക്കന്മാർ സിനഡിലേയ്ക്ക് പ്രവേശിച്ചത്. സിനഡിന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജാൻബത്തീസ്ത ദി ക്വാത്രോ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. നമ്മുടെ സഭയിലെ 64 മെത്രാന്മാരിൽ 57 പേർ സിനഡിൽ സംബന്ധിച്ചു. സഭയെയും നമ്മുടെ നാടിനെയും സംബന്ധിക്കുന്ന ഒട്ടനവധി വിഷയങ്ങളിൽ സിനഡ് ക്രിയാത്മകമായ ചർച്ചകൾ നടത്തി തീരുമാനങ്ങൾ എടുത്തു.

### 1. കാർഷികരംഗം

കേരളത്തിലെ കാർഷികരംഗം ഗുരുതരമായ പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ചമൂലം കർഷകകുടുംബങ്ങൾ ഉപജീവനത്തിന് വകയില്ലാതെ ഉഴലുകയാണ്. തുടർച്ചയായുണ്ടായ രണ്ട് പ്രളയങ്ങൾ കേരളത്തിലെ കർഷകരെ ദുരിതക്കയത്തിൽ ആഴ്ത്തിയിരിക്കുകയാണ്.

വന്യമൃഗങ്ങൾ കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ട് കാലമേറെയായി. കർഷകർ അനുഭവിക്കുന്ന ദുരവസ്ഥ പരിഹരിക്കാനായി പൊതുസമൂഹവുമായി ചേർന്ന് സഭ സജീവമായി രംഗത്തിറങ്ങണമെന്ന് സിനഡ് തീരുമാനിച്ചു. കർഷകരുടെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ കർഷകരുടെ മഹാസംഗമങ്ങൾ നടത്തിയ രൂപതകളെ സിനഡ് അഭിനന്ദിച്ചു.

കർഷക പെൻഷൻ പ്രതിമാസം പതിനായിരം രൂപയായി ഉയർത്തുക, കാർഷിക കടങ്ങൾ എഴുതിതള്ളുക, വന്യമൃഗങ്ങളെ വനാതിർത്തിക്കുള്ളിൽ നിലനിർത്താൻ ആവശ്യമായ നടപടികളെ ടുക്കുക, സർക്കാർ സത്വരമായി ഇടപെടുക, കാർഷിക ഉൽപന്നങ്ങൾക്ക് ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശം അനുസരിച്ച് താങ്ങുവില നിശ്ചയിക്കുക, കാർഷിക ജോലികൾ ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് കർഷകർ സർക്കാരിന് മുമ്പിൽ വയ്ക്കുന്നത്. കർഷകരുടെ തികച്ചും ന്യായമായ ഈ ആവശ്യങ്ങളോട് ഉദാരപൂർണമായ സമീപനം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്ന് സിനഡ് പ്രത്യാശിക്കുകയാണ്. തന്റെ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും അവരുടെ രോദനം കേൾക്കുകയും ചെയ്യുന്ന ദൈവം (പുറ 3:7) നല്ല കാലാവസ്ഥയും സമൃദ്ധിയും നൽകി നമ്മുടെ കർഷകരെ അനുഗ്രഹിക്കാനായി നമുക്ക് പ്രാർത്ഥിക്കാം.

**2. പൗരത്വ ഭേദഗതി നിയമം**

പൗരത്വഭേദഗതി നിയമത്തക്കുറിച്ച് രാജ്യത്ത് നിലവിലുള്ള ആശങ്കകളും അസ്വസ്ഥതകളും പരിഹരിക്കാൻ തയ്യാറാകണമെന്ന് സിനഡ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പവിത്രമായ ഭരണഘടന അവികലമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്താൻ നിയമനിർമ്മാതാക്കൾ ശ്രദ്ധിക്കണം. ഭരണ ഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഈ നിയമംമൂലം സംശയത്തിന്റെ ദൃഷ്ടിയിൽ നിൽക്കാൻ ഇടവരരുത്. തിരിച്ചുപോകാൻ ഇടമില്ലാത്ത വിധം രാജ്യത്തുള്ള അഭയാർഥികളെ മത പരിഗണന കൂടാതെ സ്വീകരിക്കാനും പൗരത്വം നൽകാനും സർക്കാർ തയ്യാറാകണം എന്നതാണ് സഭയുടെ നിലപാട്.

പുതുതായി പൗരത്വം നല്കുന്നവരെ പുനരധിവസിപ്പിക്കുമ്പോൾ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരിക പൈതൃകത്തെ കൂടി സർക്കാർ പരിഗണിക്കണം. അഭയാർത്ഥികളിൽ ചിലരെ മതാടിസ്ഥാനത്തിൽ വേർതിരിക്കാനും പൗരത്വം നിഷേധിച്ച് സ്ഥിരമായി അഭയാർത്ഥിക്യാമ്പുകളിൽ പാർപ്പിക്കാനുമുള്ള നീക്കം ഉപേക്ഷിക്കണം. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടിൽ കൂടു തൽ വ്യക്തത ആവശ്യമാണ്. സർക്കാർ നിയമങ്ങളെ എതിർക്കാൻ അക്രമമാർഗങ്ങൾ സ്വീകരിക്കുന്നതും ജനകീയസമരങ്ങളെ ക്രൂരമായി അടിച്ചമർത്തി നിശബ്ദമാക്കാൻ ശ്രമിക്കുന്നതും ഒരു പോലെ അധാർമികമാണ്. ഭാരതം എന്ന മഹത്തായ രാജ്യത്ത് മതേതരത്വവും തുല്യനീതിയും നടപ്പിലാകുന്നുണ്ടെന്ന് ഓരോ പൗരനെയും ബോധ്യപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.

### 3. ന്യൂനപക്ഷക്ഷേമ പദ്ധതികളിലെ വിവേചനം

ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർതല ത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ക്രൈസ്തവർ വിവേചനം അനുഭവിക്കുന്നതായി സിനഡ് വിലയിരുത്തി. നിയമപരമായി തന്നെ കേരളത്തിലെ ന്യൂനപക്ഷ ക്ഷേമവകുപ്പ് ചിലവിടുന്ന തുകയുടെ 80% ഒരു ന്യൂനപക്ഷ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്തിരിക്കു കയാണ്. ശേഷിക്കുന്ന 20% ആണ് ന്യൂനപക്ഷങ്ങളിലെ മറ്റ് 5 വിഭാഗങ്ങൾക്കുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ അനീതി പരിഹരിച്ച് ജനസംഖ്യാനുപാതികമായി ന്യൂനപക്ഷ ആനുകൂല്യ ങ്ങൾ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളായി 45-ൽ പരം സെന്ററുകൾ സർക്കാർ ചിലവിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതിപൂർവ്വകമായി വിഭജിച്ച് നൽകാൻ സർക്കാർ തയ്യാറാകണം. കൂടാതെ ജില്ലാതല ന്യൂനപക്ഷ കോർഡിനേഷൻ കമ്മിറ്റികളിലെ അംഗങ്ങളിൽ ക്രൈസ്തവപ്രാതിനിധ്യം നാമമാത്രമായി ചുരുക്കിയത് നീതിപൂർവ്വമാണോ എന്ന് വിലയിരുത്തേണ്ടതും സർക്കാരാണ്.

**4. മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാരുടെ സംവരണം.**

സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് (ഇ.ഡബ്യ്യു.എസ്.) സർക്കാർ സർവീസിലും ഉന്നത വിദ്യാഭ്യാസരംഗത്തും 10 ശതമാനം സംവരണം എന്ന കേന്ദ്രനിയമം നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനത്തെ സിനഡ് സ്വാഗതം ചെയ്യുന്നു. സർക്കാർ സർവ്വീസുകളിൽ സംവരണേതര ക്രൈസ്തവ വിഭാഗങ്ങൾ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അവസ്ഥയിൽ പ്രത്യാശയ്ക്ക് വക നൽകുന്ന നടപടിയാണിത്.

എന്നാൽ, സംവരണത്തിനു മാനദണ്ഡമായി കേന്ദ്രസർക്കാർ നിശ്ചയിച്ച ഭൂപരിധി സംസ്ഥാനസർക്കാർ പുനർനിർണ്ണയിച്ചത് അനീതിപരമാണെന്ന് സിനഡ് വിലയിരുത്തി. ഭൂപരിധി സംബന്ധിച്ച കേന്ദ്രമാനദണ്ഡമായ 5 ഏക്കറിൽ നിന്ന് 2.5 ഏക്കർ ആയി സംസ്ഥാന ഗവൺമെന്റ് കുറച്ചിരിക്കുകയാണ്. ഇതിനോടകം സാമ്പത്തിക സംവരണം നടപ്പിലാക്കിയ ഒരു സംസ്ഥാനവും കൃഷി ഭൂമിയുടെ അളവ് കേന്ദ്ര മാനദണ്ഡത്തിൽ നിന്ന് താഴ്ത്തി നിശ്ചയിച്ചിട്ടില്ല എന്നിരിക്കെ കേരളം മാത്രം ഭൂപരിധി വെട്ടിക്കുറച്ചത് സർക്കാർ പുന:പരിശോധിക്കേണ്ടതാണ്.

കെ.എ.എസ്. ഉൾപ്പടെ പി.എസ്.സി. ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്ന തസ്തികകൾക്കുകൂടി ബാധകമാകത്തക്ക വിധത്തിൽ മുൻകാലപ്രാബല്യത്തോടെ സംസ്ഥാനത്ത് 10 ശതമാനം ഇ.ഡബ്ലിയു.എസ്. സംവരണം നടപ്പിൽ വരുത്തുന്നതിനുള്ള തീരുമാനം ഉണ്ടാകണമെന്ന് സിനഡ് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നു.

**5. ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ**

ആഗോള തലത്തിൽ ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങളിൽ സിനഡു പിതാക്കന്മാർ ആശങ്ക രേഖപ്പെടുത്തി. ക്രിസ്തുമസ് നാളിൽ നൈജീരിയായിൽ നടന്ന ക്രിസ്ത്യൻ കൂട്ടക്കുരുതി മനുഷ്യ മനസ്സാക്ഷിയെ നടുക്കുന്നതായിരുന്നു. പ്രണയക്കുരുക്കിൽപെട്ട് കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും

ക്രിസ്ത്യൻ പെൺകുട്ടികൾ കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണേണ്ടതാണ്.

മതസൗഹാർദ്ദത്തെയും സാമൂഹിക സമാധാനത്തെയും അപകടപ്പെടുത്തുന്ന രീതിയിൽ ദുരുദ്ദേശപരമായ മതാന്തര പ്രണയങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നത് ആശങ്കാജനകമാണ്. ക്രിസ്ത്യൻ പെൺകുട്ടികളെ ലക്ഷ്യമാക്കി ആസൂത്രിതമായ തോതിൽ ഇത്തരം നീക്കങ്ങൾ നടക്കുന്നു എന്നത് വസ്തുതയാണ്. കേരളത്തിൽ നിന്ന് ഐ.എസ്. ഭീകര സംഘടനയിലേക്ക് പോലും ക്രിസ്ത്യൻ പെൺകുട്ടികൾ റിക്രൂട്ട് ചെയ്യപ്പെട്ടു എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

മതങ്ങൾ തമ്മിലുള്ള സൗഹൃദത്തെ ബാധിക്കുന്ന തരത്തിൽ ഇത്തരം പ്രണയബന്ധങ്ങളെ ആരും മനസിലാക്കരുത്. ഈ വിഷയത്തെ മതപരമായി മനസ്സിലാക്കാതെ സമൂഹത്തെ ദോഷകരമായി ബാധിക്കുന്നക്രമസമാധാന പ്രശ്നമായോ ഭീകരവാദപ്രവർത്തനമായോ മനസ്സിലാക്കി നിയമപാലകർ സത്വര നടപടി എടുക്കണമെന്ന് സിനഡ് ആവശ്യപ്പെടുന്നു. ഈ വിഷയത്തിന്റെ അപകടങ്ങളെക്കുറിച്ച് രക്ഷകർത്താക്കളെയും കുട്ടികളെയും ഒരുപോലെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സിനഡ് തീരുമാനിച്ചു.

**6. ആരാധനാക്രമം**

1989-ൽ നടപ്പിലാക്കിയ സീറോ മലബാർ കുർബാനക്രമത്തിന്റെ പരിഷ്കരണം സഭയുടെ ചിരകാല ആഗ്രഹമായിരുന്നു. നമ്മുടെ സഭയുടെ കുർബാനക്രമത്തിന്റെ നവീകരണത്തക്കുറിച്ച് സിനഡ് പിതാക്കന്മാർ വിശദമായ ചർച്ചകൾ നടത്തി. വിവിധ രൂപതകളിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ സഭയുടെ കേന്ദ്ര ലിറ്റർജി കമ്മീഷനും പ്രത്യേക ആരാധനക്രമ സമിതിയും വിശദമായി പഠിച്ചു തയ്യാറാക്കിയ പരിഷ്കരിച്ച കുർബാനക്രമമാണ് സിനഡിൽ ചർച്ച ചെയ്യപ്പെട്ടത്. പ്രാർത്ഥനയിലും പരിശുദ്ധാത്മാവിന്റെ ചൈതന്യത്തിലും വിശദമായ ചർച്ചകൾക്കും ആഴമായ വിചിന്തനങ്ങൾക്കുംശേഷം നമ്മുടെ കുർബാനയുടെ പരിഷ്കരിച്ച ക്രമം സിനഡ് പിതാക്കന്മാർ

ഐകകണ്ഠ്യേന അംഗീകരിച്ചു. പരിഷ്കരിച്ച കുർബാനക്രമം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. മാർപ്പാപ്പയുടെ അംഗീകാരത്തോടെ പരിഷ്കരിച്ച കുർബാനക്രമം നമ്മുടെ സഭയിൽ നടപ്പിൽ വരുന്നതാണ്.

വി. കുർബാനയുടെ അർപ്പണ രീതിയിലുള്ള ഏകീകരണം എന്ന ലക്ഷ്യത്തോടെ 1999 നവംബർ മാസത്തിലെ സിനഡിൽ ഐകകണ്ഠ്യേന എടുത്ത തീരുമാനമാണ് സിനഡിന്റെ ഔദ്യോഗിക നിലപാട്. വിശുദ്ധ കുർബാന അർപ്പണ രീതിയിൽ ഐക്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകത സിനഡ് ഊന്നി പറയുകയും ഐക്യത്തിലേയ്ക്ക് നീങ്ങാൻ എല്ലാവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു. അൾത്താരയിലെ ഒരുമയാണ് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം എന്ന ബനഡിക്റ്റ് മാർപ്പാപ്പയുടെ ചിന്ത നമുക്ക് മാർഗ്ഗദർശനമാകട്ടെ. നാം ആശീർവദിക്കുന്ന പാനപാത്രവും നാം മുറിക്കുന്ന അപ്പവും നമ്മെ കർത്താവിന്റെ ശരീരമായ സഭയുടെ കൂട്ടായ്മയിൽ ഒരുമിപ്പിക്കുകയാണ് ചെയ്യുന്നത് (1 കോറി 10:16) എന്ന സത്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

**7. നന്ദി, അഭിനന്ദനങ്ങൾ**

കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷനായി 19 വർഷക്കാലം രൂപതയെ മാതൃകാപരമായി നയിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് 75 വയസ്സ് പൂർത്തിയായതിനെ തുടർന്ന് രൂപതാ ഭരണത്തിൽ നിന്ന് വിരമിക്കുകയാണ്. പിതാവിന്റെ നിസ്തുലങ്ങളായ സേവനങ്ങളെയും ദീർഘവീക്ഷണത്തോടെയുള്ള നേതൃത്വത്തെയും സഭ മുഴുവനോടുമുള്ള കരുതലിനെയും ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാനായിരുന്ന മാർ ജോസ് പുളിക്കൽ പിതാവിനെയാണ് അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ പിൻഗാമിയായി സിനഡ് തിരഞ്ഞെടുത്തിരിക്കുന്നത്. പുതിയ ദൗത്യത്തിൽ അഭിവന്ദ്യ പിതാവിനും കാഞ്ഞിരപ്പള്ളി രൂപതയ്ക്കും എല്ലാ നന്മകളും ആശംസിക്കുന്നു. പാലക്കാട് രൂപതയുടെ സഹായ മെത്രാനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കലിനെ സിനഡ് തിരഞ്ഞെടുത്തു. നിയുക്ത സഹായമെത്രാനും രൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും

പാലക്കാട് രൂപതയ്ക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

2019 ആഗസ്റ്റ് മാസത്തിലെ സിനഡിന്റെ തീരുമാനപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ വികാരിയായി എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിതനായ ആർച്ചുബിഷപ്പ് മാർ ആന്റണി കരിയിൽ അതിരൂപതയുടെ ഇപ്പോഴത്തെ അജപാലനപ്രവർത്തനങ്ങളെക്കുറിച്ച് സിനഡിനെ അറിയിച്ചു. പിതാവ് അറിയിച്ച കാര്യങ്ങളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്തു. മാർ ആന്റണി കരിയിൽ പിതാവ് അതിരൂപതയിൽ ചെയ്യുന്ന സേവനങ്ങളെയും അദ്ദേഹത്തിന്റെ അജപാലന ശൈലിയെയും സിനഡു പിതാക്കന്മാർ അഭിനന്ദിച്ചു.

**ഉപസംഹാരം**

നമ്മുടെ സഭയ്ക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി കർത്താവിന്റെ മനസിലുണ്ട് എന്ന് നമുക്ക് തിരിച്ചറിയാം (ജെറ 29:11) നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യം നമുക്ക് കൂട്ടായിരിക്കട്ടെ.

സ്നേഹാശംസകളോടെ,

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നൽകപ്പെട്ടത്.

---

NB : ഈ സർക്കുലർ 2020 ജനുവരി 19-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. വലിയനോമ്പ്**

ഈ വർഷത്തെ വലിയനോമ്പ് ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച പാതിരാ മുതൽ ആരംഭിക്കും. നോമ്പുദിവസങ്ങളിൽ മാംസവർജ്ജനത്തിലൂടെയും ഉപവാസത്തിലൂടെയും പരിഹാരചൈതന്യം പുലർത്തുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. വലിയനോമ്പിനോടനുബന്ധിച്ച് ദിവ്യകാരുണ്യ ആരാധനയും ധ്യാനങ്ങളും കുരിശിന്റെവഴിയും വചനശുശ്രൂഷയും ഇടവകകളിൽ ക്രമവത്ക്കരിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. നോമ്പ് ആരംഭിക്കുന്ന തിങ്കളാഴ്ച ഉപവാസദിനമാണെന്നു പള്ളിയിൽ അറിയിക്കേണ്ടതാണ്.

വലിയനോമ്പിനോടനുബന്ധിച്ചുള്ള ഇടയലേഖനം മാർച്ച് മാസത്തിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**2. വിവാഹാഘോഷം മുടക്ക്**

തിരുസഭയുടെ പാരമ്പര്യം അനുസരിച്ചുകൊണ്ടും ആരാധന ക്രമവത്സരത്തിലെ നോമ്പുകാലത്തിന്റെ പരിഹാരചൈതന്യം ഉൾക്കൊണ്ടുകൊണ്ടും വലിയ നോമ്പിന്റെ ആദ്യതിങ്കളാഴ്ച മുതൽ പീഡാനുഭവശനിയാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങളിൽ മനസ്സമ്മതവും വിവാഹവും നടത്തുവാൻ പാടില്ലാത്തതാകുന്നു.

**3. സകല മരിച്ചവരുടെയും ഓർമ്മ : ഫെബ്രുവരി 21**

ദനഹാക്കാലത്തെ അവസാനത്തെ വെള്ളിയാഴ്ചയായ 2019 ഫെബ്രുവരി 21-ാം തീയതിയാണ് സകല മരിച്ചവരുടെയും ഓർമ്മ

ദിനം. ഇടവകയിൽ ഈ ദിനം പ്രത്യേകമായി ആചരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

**4. തിരുബാലസഖ്യദിനം – ഫെബ്രുവരി 9**

ആഗോളസഭ ഫെബ്രുവരി 9-ാം തീയതി ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം വിശുദ്ധകുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ചയും തിരുബാലസഖ്യാംഗങ്ങൾ ഭവനസന്ദർശനവും മറ്റ് പരിപാടികളുംവഴി ശേഖരിക്കുന്ന തുകയുംകൂടി ലോകമെമ്പാടുമുള്ള അനാഥക്കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് ഫെബ്രുവരി 29-ന് മുമ്പായി ഫിനാൻസ് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**5. ആഗോളരോഗീദിനം – ഫെബ്രുവരി 11**

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതിയാണ് സഭയിൽ രോഗീദിനമായി ആചരിക്കുന്നത്. ഈ ദിവസമോ മറ്റേതെങ്കിലും ദിവസമോ രോഗീദിനമായി ഇടവകയിൽ ആചരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**6. കുട്ടിക്കാനം സെന്റ് മാത്യൂസ് – പുതിയ ഇടവക**

കുട്ടിക്കാനം സെന്റ് മാത്യൂസ് ചാപ്പലിനെ രൂപതയിലെ 148-ാമത് ഇടവകയായി 2020 ജനുവരി 28-ാം തീയതി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് പ്രഖ്യാപിച്ചു. പെരുവന്താനം ഫൊറോനയിൽ ഉൾപ്പെടുന്ന പുതിയ ഇടവകയുടെ പ്രഥമവികാരിയായി ബഹു. ഫാ. മാത്യു നരിപ്പാറയെ നിയമിക്കുകയും ചെയ്തു.



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: ജീവിക്കുന്ന മിശിഹായെ പ്രഘോഷിക്കുന്നവൻ

### (തിരുവചനഭാഗം: ശ്ലീഹ 25,1-27)

പൗലോസിന്റെ വിചാരണ അതിന്റെ ഏറ്റം പ്രധാനപ്പെട്ട ഒരു ഘട്ടത്തിൽ എത്തുന്നത് ഈ അദ്ധ്യായത്തിലാണ്. പഴയ ഗവർണ്ണറായ ഫെലിക്സിന്റെ കീഴിൽ രണ്ടു കൊല്ലത്തിലധികമായി പൗലോസ് കേസറിയായിലെ കാരാഗൃഹത്തിലാണ്. സ്വാർത്ഥതയിലും ലൗകികസുഖത്തിലും കഴിഞ്ഞിരുന്ന അയാൾക്ക് പൗലോസിന്റെ കാര്യത്തിൽ യാതൊരു താല്പര്യവും ഇല്ലായിരുന്നു. സാമാന്യ നീതിപോലും പൗലോസിനു നിഷേധിക്കപ്പെട്ടിരുന്നു. പുതിയ ഗവർണ്ണർ വന്ന പശ്ചാത്തലത്തിൽ പൗലോസിന്റെ കാര്യം നിർണ്ണായകമായി തീരുമാനിക്കപ്പെട്ടു. അതിന് ഇടയാക്കിയ സാഹചര്യങ്ങളാണ് ഈ അദ്ധ്യായം വിവരിക്കുന്നത്. ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം:

1. ഫേസ്തൂസിന്റെ മുമ്പിൽ വിചാരണ (25,1-7)
2. പൗലോസിന്റെ പ്രതിവാദം (25,8-12)
3. അഗ്രിപ്പായെ വിവരങ്ങൾ ധരിപ്പിക്കുന്നു (25,13-18)
4. അഗ്രിപ്പായുടെ മുമ്പിൽ വിസ്തരിക്കാൻ പശ്ചാത്തലമൊരുങ്ങുന്നു (25,19-22)
5. അഗ്രിപ്പായുടെ മുമ്പിൽ വിസ്തരിക്കപ്പെടുന്നു (25,23-27)

ഇപ്രകാരമുള്ള പശ്ചാത്തലത്തിൽ പൗലോസ് സ്വീകരിച്ച നില

പാടുകളിൽനിന്നും പൗരോഹിത്യ ആദ്ധ്യാത്മികതയ്ക്ക് പ്രചോദന മുൾക്കൊള്ളാൻ നമുക്കു പരിശ്രമിക്കാം.

**1. പുരോഹിതൻ: ശാന്തതയോടെ വർത്തിക്കുന്നവൻ**

*"എട്ടുപത്തു ദിവസത്തോളം അവരുടെയിടയിൽ താമസിച്ചതിനുശേഷം അവൻ കേസറിയായിലേക്കു മടങ്ങിപ്പോയി. അടുത്തദിവസം അവൻ ന്യായാസനത്തിലിരുന്ന്, പൗലോസിനെ കൊണ്ടുവരാൻ കല്പിച്ചു. അവൻ വന്നപ്പോൾ, ജറുസലേമിൽനിന്ന് എത്തിയിരുന്ന യഹൂദന്മാർ അവന്റെ ചുറ്റുംനിന്ന് ഗുരുതരമായ പല കുറ്റങ്ങളും ആരോപിച്ചു; എന്നാൽ തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല"* (25,6-7).

പുതിയ ഭരണാധികാരിയായ ഫേസ്തൂസിന്റെ കീഴിൽ നടത്തപ്പെടുന്ന പൗലോസിന്റെ വിചാരണയാണ് ഈ അദ്ധ്യായത്തിൽ നാം ആദ്യം കാണുന്നത്. പുതിയ ഗവർണ്ണറായി കേസറിയായിലെത്തിയ ഫേസ്തൂസ് ആദ്യം പോയത് ജറുസലേമിലേക്കാണ്. അവിടെ അദ്ദേഹം എത്തിയപ്പോൾ യഹൂദനേതാക്കൾ അദ്ദേഹത്തോട് പൗലോസിനെതിരെയുള്ള ആരോപണങ്ങളെക്കുറിച്ചു പറഞ്ഞു. അവരോടുള്ള ഒരു ആനുകൂല്യമെന്ന നിലയിൽ വിചാരണ നേരിടാനായി പൗലോസിനെ ജറുസലേമിലേക്ക് അയയ്ക്കണമെന്ന് അദ്ദേഹത്തോട് അവർ അഭ്യർത്ഥിച്ചു. പൗലോസിനെ എങ്ങനെയെങ്കിലും വധിക്കണമെന്ന യഹൂദനേതൃത്വത്തിന്റെ തീരുമാനം നടപ്പിലാക്കാനാണ് അവർ ഇപ്രകാരമൊരു അഭ്യർത്ഥന നടത്തിയത്.

എന്നാൽ ഫേസ്തൂസ് അവരോട് കേസറിയായിൽചെന്ന് ആരോപണങ്ങൾ നടത്താനാണ് നിർദ്ദേശിച്ചത്. അതിൻപ്രകാരം ഫേസ്തൂസ് കേസറിയായിൽ കോടതികൂടിയശേഷം പൗലോസിനെ അവിടെ ഹാജരാക്കി. അപ്പോൾ ജറുസലേമിൽനിന്നു വന്ന പ്രമുഖർ പൗലോസിനെതിരെ പല ആരോപണങ്ങൾ ഉയർത്തിയെങ്കിലും അതൊന്നും തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല. പൗലോസ് ശാന്തനായി നീതിരഹിതമായുള്ള തടവറവാസത്തെയും ഇപ്രകാരം നീട്ടിക്കൊണ്ടു പോകുന്ന വിസ്താരത്തെയുമെല്ലാം നേരിടുന്നതായിട്ടാണ്

നാം കാണുന്നത്. അജപാലനശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതനും ഇപ്രകാരമുള്ള നീതിരഹിതമായ സാഹചര്യങ്ങളെ നേരിടേണ്ടിവരും. അപ്പോഴെല്ലാം ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് ശാന്തമായി അവയെ നേരിടുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

**2. പുരോഹിതൻ: ക്രിയാത്മകമായി ശുശ്രൂഷ ചെയ്യുന്നവൻ**

"*പൗലോസ് തന്റെ പ്രതിവാദത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: യഹൂദരുടെ നിയമങ്ങൾക്കോ ദൈവാലയത്തിനോ സീസറിനോ വിരുദ്ധമായി ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല*" (25,8).

പൗലോസ് അധികാരികളുടെ മുമ്പിൽ തന്റെ നിഷ്കളങ്കത പ്രഖ്യാപിച്ചുകൊണ്ട് പ്രസംഗിച്ചു. തടവിലായിരുന്ന രണ്ടു വർഷത്തിലധികംകാലം പൗലോസ് എന്തു ചെയ്യുകയായിരുന്നു എന്ന ചിന്ത വായനക്കാരിലുണ്ടാവുക സ്വാഭാവികമാണ്. തന്നെ തടവിൽ സൂക്ഷിക്കുന്നവരെ കുറ്റപ്പെടുത്തിയും വിമർശിച്ചും അവർക്കെതിരായ പകനിലനിർത്തിയും പൗലോസ് നിഷ്ക്രിയനായി കഴിയുകയായിരുന്നോ എന്നുള്ള സംശയം ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ പൗലോസ് അപ്രകാരമല്ലായിരുന്നു എന്നതിന് നമുക്കു സൂചനകൾ ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽത്തന്നെയുണ്ട്. പൗലോസും സീലാസും ഫിലിപ്പിയിൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ അവർ കീർത്തനംപാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു (ശ്ലീഹ 16,25). കാരാഗൃഹത്തിന്റെ വാതിലുകൾ തുറക്കപ്പെട്ട് തടവുകാർ രക്ഷപെട്ടെന്നു ഭയപ്പെട്ട് ആത്മഹത്യയ്ക്കൊരുങ്ങിയ കാവൽക്കാരനെ അതിൽനിന്നും രക്ഷിച്ച് അയാളെയും കുടുംബത്തെയും സ്നാനപ്പെടുത്തി (ശ്ലീഹ 16,27-34).

അതുകൊണ്ട് ദീർഘമായ ഈ കാരാഗൃഹവാസകാലത്തും പൗലോസ് ക്രിയാത്മകമായ പ്രവർത്തനത്തിൽ, സുവിശേഷപ്രഘോഷണത്തിൽ ഏർപ്പെട്ടിരുന്നുവെന്നുവേണം ചിന്തിക്കുവാൻ. പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ അവശ്യസ്വഭാവമായിരുന്നു തന്നിലൂടെ സുവിശേഷം സ്വീകരിച്ച ജനങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുക എന്നത് (ശ്ലീഹ 14,21-22). ഈ കാലഘട്ടത്തിൽ പൗലോസ്

തന്നിലൂടെ സുവിശേഷം സ്വീകരിച്ച സഭാംഗങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ലേഖനങ്ങൾ എഴുതിക്കാണും എന്നു പറയുന്ന വ്യാഖ്യാതാക്കളുണ്ട്. പുരോഹിതൻ പ്രതികൂലസാഹചര്യങ്ങളിലും ക്രിയാത്മകമായ സുവിശേഷപ്രഘോഷണത്തിൽ പ്രവർത്തനനിരതനായിരിക്കണം എന്ന് ഇതു സൂചിപ്പിക്കുന്നുണ്ട്.

**3. പുരോഹിതൻ: ന്യായമായ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവൻ**

*"എന്നാൽ, യഹൂദരോട് ഒരാനുകൂല്യം കാണിക്കാനാഗ്രഹിച്ചുകൊണ്ട് ഫേസ്തൂസ് പൗലോസിനോടു ചോദിച്ചു: ജറുസലേമിലേക്കു പോകാനും അവിടെ എന്റെ മുമ്പിൽവച്ച് വിസ്തരിക്കപ്പെടാനും നിനക്കു സമ്മതമാണോ? പൗലോസ് പറഞ്ഞു: ഞാൻ സീസറിന്റെ ന്യായസനത്തിങ്കലാണ് നില്ക്കുന്നത്. അവിടെത്തന്നെയാണ് ഞാൻ വിചാരണ ചെയ്യപ്പെടേണ്ടതും. നിനക്കു നന്നായി അറിയാവുന്നതുപോലെ, യഹൂദരോട് ഒരു തെറ്റും ഞാൻ ചെയ്തിട്ടില്ല. ഞാൻ തെറ്റുകാരനും വധശിക്ഷയർഹിക്കുന്ന എന്തെങ്കിലും ചെയ്തവനുമാണെങ്കിൽ മരിക്കാൻ ഒരുക്കമാണ്. എന്നാൽ, അവർ എന്റെമേൽ ചുമത്തുന്ന കുറ്റങ്ങളിൽ കഴമ്പില്ലെങ്കിൽ എന്നെ അവർക്കു വിട്ടുകൊടുക്കാൻ ആർക്കും കഴിയുകയില്ല. ഞാൻ സീസറിന്റെ അടുത്ത് ഉപരിവിചാരണ ആവശ്യപ്പെടുന്നു"* (25,9-11).

ഫേസ്തൂസിന്റെ മുമ്പിൽ നടത്തിയ വിചാരണയിൽ പൗലോസ് തന്റെ ഭാഗം വ്യക്തമായി പറയുന്നുണ്ട്. താൻ ഒരു കുറ്റവും ചെയ്തിട്ടില്ല; യഹൂദരുടെ നിയമത്തിനോ ദൈവാലയത്തിനോ റോമൻ ചക്രവർത്തിയ്ക്കോ എതിരായി ഒരു കുറ്റവും താൻ ചെയ്തിട്ടില്ല എന്ന് പൗലോസ് തറപ്പിച്ചു പറയുന്നു. ഈ അവസരത്തിലെ ഗവർണ്ണറുടെ ചോദ്യം (25,9) അനവസരത്തിലുള്ളതാണെന്നു വ്യക്തമാണ്. ഒരു തെറ്റും ചെയ്യാത്ത ഒരാളെ ജറുസലേമിലേക്കു കൊണ്ടുപോയി വിചാരണ നടത്തേണ്ടതില്ലല്ലോ. എന്നാൽ യഹൂദരെ പ്രീതിപ്പെടുത്താൻവേണ്ടി മാത്രമാണ് ഗവർണ്ണർ അങ്ങനെയൊരു ഇടപെടൽ നടത്തിയത്. ഇത് പൗലോസിനെക്കൊണ്ട് വലിയ ഒരു തീരുമാനം എടുപ്പിച്ചു. യഹൂദരുടെ ഗൂഢാലോചനയുടെ ഫലമായി തന്റെ ജീവവൻ

നഷ്ടപ്പെടുത്തേണ്ടതില്ല. അതിനുള്ള ഏക പോംവഴി റോമൻപൗര നായ തന്നെ ഉപരിവിചാരണയ്ക്കായി റോമൻ ചക്രവർത്തിയുടെ അടുത്ത് അയയ്ക്കാൻ അഭ്യർത്ഥിക്കുകയായിരുന്നു.

താൻ ദൈവനിശ്ചയമനുസരിച്ച് റോമിലെത്തേണ്ടവനാണെന്നും പ്രവചനത്തിലൂടെ (ശ്ലീഹ 21,11) പൗലോസിനറിയാമായിരുന്നു. ആ ദൈവത്തിന്റെ പരിപാലന തന്നോടൊപ്പമുണ്ടെന്നും പൗലോസിന് ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് പൗലോസ് വ്യക്തമായി പറഞ്ഞു: "ഞാൻ സീസറിന്റെ അടുത്ത് ഉപരിവിചാരണ ആവശ്യപ്പെടുന്നു" (25,11). മറുപടിയായി ഫേസ്തൂസും പറഞ്ഞു: "നീ സീസറിന്റെ അടുത്ത് ഉപരിവിചാരണ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ, അവന്റെ അടുത്തേക്കുതന്നെ നീ പോകണം" (25,12). എതിർപ്പുകളുടെ മദ്ധ്യേ ദൈവഹിതപ്രകാരമുള്ള മാനുഷികമായ അവകാശങ്ങൾക്കുവേണ്ടി പുരോഹിതൻ ധീരതയോടെ നിലകൊള്ളണം.

### 4. പുരോഹിതൻ: ജീവിക്കുന്ന മിശിഹായെ പ്രസംഗിക്കുന്നവൻ

"*അവർ ഇവിടെ ഒരുമിച്ചുകൂടിയപ്പോൾ, ഒട്ടും താമസം വരുത്താതെ അടുത്ത ദിവസംതന്നെ ഞാൻ ന്യായാസനത്തിലിരുന്ന് ആ മനുഷ്യനെ കൊണ്ടുവരാൻ കല്പിച്ചു. വാദികൾ കുറ്റാരോപണം ആരംഭിച്ചപ്പോൾ, സങ്കല്പിച്ച തരത്തിലുള്ള ഒരു തിന്മയും അവന്റെമേൽ ചുമത്തിക്കണ്ടില്ല. എന്നാൽ, തങ്ങളുടെതന്നെ ചില അന്ധവിശ്വാസങ്ങളെക്കുറിച്ചും മരിച്ചുപോയെങ്കിലും ജീവിച്ചിരിക്കുന്നുവെന്നു പൗലോസ് സമർത്ഥിക്കുന്ന ഒരു ഈശോയെക്കുറിച്ചും മാത്രമേ അവർക്ക് അവനുമായി അഭിപ്രായഭിന്നത ഉണ്ടായിരുന്നുള്ളു*" (25,17-19).

പൗലോസിനെതിരായ ആരോപകർ കേസറിയായിൽ വന്നപ്പോൾ പൗലോസിനെ ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കുകയും, വിചാരണയുടെ മദ്ധ്യേ അവർ ഗവർണ്ണർ പ്രതീക്ഷിക്കാത്ത തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തു (25,17-18). അവരുടെ മതത്തെയും മരണമടഞ്ഞ ഈശോ എന്ന മനുഷ്യനെയും പറ്റിയുള്ള അഭിപ്രായവ്യത്യാസങ്ങളാണ് അവരുടെ ആരോപണങ്ങളിൽ ഉണ്ടായിരുന്നത്. മരിച്ച ഈശോ ജീവിച്ചിരിക്കുന്നുവെന്ന് പൗലോസ് ഉറ

പ്പിച്ചു പറയുന്നു. ഇതിൽ എങ്ങനെ തീരുമാനമെടുക്കണമെന്നറിയാതെ കുഴഞ്ഞപ്പോഴാണ് ഉപരിവിചാരണയ്ക്കുള്ള പൗലോസിന്റെ അഭ്യർത്ഥനക്കനുസൃതമായി സീസറിന്റെ അടുക്കൽ പോകുവാൻ പൗലോസിനെ അനുവദിച്ചത്.

ജീവിക്കുന്ന മിശിഹായെ പ്രസംഗിക്കുക എന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ഒരു വസ്തുതയാണ്. ക്രിസ്ത്യാനികളിൽത്തന്നെ പലരും ചരിത്രപുരുഷനായി മരിച്ച മിശിഹായുമായുള്ള ബന്ധത്തിലാണ് കഴിയുന്നതും ആ മിശിഹായെക്കുറിച്ചാണ് പ്രസംഗിക്കുന്നതും. കേവലം ഭക്തിപരമായ ഒരു ബന്ധം മിശിഹായോടു പുലർത്തുകയും മിശിഹായുടെ ആദർശങ്ങൾക്കനുസൃതമായി ജീവിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ജീവിതം ശരിയായ ക്രിസ്തീയജീവിതമല്ല. മിശിഹാ ഇന്ന് സഭയിൽ ജീവിക്കുന്നു. അതുകൊണ്ട് സഭയുടെ കൂദാശകളിലും പ്രാർത്ഥനകളിലും കൂട്ടായ്മയിലും സജീവമായി പങ്കുചേർന്നുകൊണ്ടുവേണം യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുവാൻ. ഇപ്രകാരം ജീവിക്കുവാൻ സഭാമക്കൾക്ക് നേതൃത്വം കൊടുക്കേണ്ടവനാണ് പുരോഹിതൻ.

### 5. പുരോഹിതൻ: നീതിപൂർവ്വം ശുശ്രൂഷ ചെയ്യേണ്ടവൻ

"*ഫേസ്തൂസ് പറഞ്ഞു: അഗ്രിപ്പാരാജാവേ, ഞങ്ങളോടൊപ്പം ഇവിടെ സന്നിഹിതരായിരിക്കുന്നവരേ, ഈ മനുഷ്യനെ നിങ്ങൾ കാണുന്നുവല്ലോ. ഇവനെതിരായിട്ടാണ്, യഹൂദജനതമുഴുവൻ ജറുസലേമിൽവച്ചും ഇവിടെവച്ചും ഇവന് ഇനി ജീവിക്കാൻ അർഹതയില്ല എന്നു പറഞ്ഞ് ബഹളംകൂട്ടി എന്നോടു പരാതിപ്പെട്ടത്. എങ്കിലും, വധശിക്ഷയ്ക്ക് അർഹമായ കുറ്റമൊന്നും ഇവൻ ചെയ്തിട്ടുള്ളതായി ഞാൻ കണ്ടില്ല. എന്നാൽ, അവൻ തന്നെ ചക്രവർത്തിയുടെ മുമ്പാകെ മേൽവിചാരണയ്ക്ക് അപേക്ഷിച്ചിരിക്കുന്നതിനാൽ അവനെ അങ്ങോട്ട് അയയ്ക്കാൻ ഞാൻ തീരുമാനിച്ചിരിക്കുകയാണ്*" (25,24-25).

ഫേസ്തൂസിന്റെ രണ്ടാമത്തെ പ്രഭാഷണമാണ് (25,24-27) ഈ ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. പൗലോസിനെ അഗ്രിപ്പാരാജാവിന്റെ മുമ്പിൽ വിചാരണ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തി

യായി. ഗവർണ്ണർ പൗലോസിനെ വിചാരണയ്ക്കായി ഹാജരാക്കി. വധ ശിക്ഷ അർഹിക്കുന്ന കുറ്റമൊന്നും അദ്ദേഹം ചെയ്തതായി ഗവർണ്ണർ കാണുന്നില്ല എന്ന് അദ്ദേഹം വ്യക്തമായി പറയുന്നു (25,25). ഫേസ്തൂസിനു മുമ്പുണ്ടായിരുന്ന ഫെലിക്സിനും ഈ നിലപാടുതന്നെയാണ് ഉണ്ടായിരുന്നത്. കുറ്റമൊന്നും ചെയ്യാത്ത പൗലോസിനെ വിട്ടയയ്ക്കാതെ ഇപ്രകാരം തടങ്കലിൽ സൂക്ഷിച്ചത് ഗവർണ്ണർമാരുടെ ഭാഗത്തുനിന്നുണ്ടായ ഗൗരവതരമായ വീഴ്ചയാണ്, നീതി നിഷേധിക്കലാണ് എന്നതിനു സംശയമൊന്നുമില്ല. മനുഷ്യരെ ഭയപ്പെട്ടോ, മനുഷ്യരുടെ പ്രീതി ആഗ്രഹിച്ചോ, മറ്റുള്ള ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചോ ആകാം അവർ ഈ നിലപാട് സ്വീകരിച്ചത്.

ഭരണപരമായ തലങ്ങളിൽ പുരോഹിതരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം അവരും മനുഷ്യരാണ്. മാനുഷിക പരിഗണനകൾ ഭരണപരമായ കാര്യങ്ങളിൽ അവരെ സ്വാധീനിക്കാൻ സാദ്ധ്യതയുണ്ട്. “Justice delayed is justice denied”. നീതി താമസിപ്പിക്കുന്നത് നീതി നിഷേധിക്കുന്നതിനു തുല്യമാണ്. അതുകൊണ്ട് അജപാലനശുശ്രൂഷാരംഗത്ത് ഇക്കാര്യത്തിൽ വീഴ്ച വരുത്താതിരിക്കാൻ പുരോഹിതർ പ്രത്യേകം ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. പ്രതികൂലസാഹചര്യങ്ങളിൽ ദൈവപരിപാലനയിൽ വിശ്വസിച്ച് ശാന്തമായി അവയെ നേരിടുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യേ ക്രിയാത്മകമായി ശുശ്രൂഷ ചെയ്യുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?
3. എതിർപ്പുകളുടെ മദ്ധ്യേ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ധീരതയോടെ നിലകൊള്ളുവാൻ എനിക്കു സാധിക്കുന്നുണ്ടോ?
4. സഭയിൽ ജീവിക്കുന്ന മിശിഹായെ പ്രസംഗിക്കുവാനും പ്രഘോഷിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
5. യഥാസമയം നീതിപൂർവ്വം ശുശ്രൂഷാപരമായ കടമകൾ നിർവഹിക്കുവാൻ ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജെയിംസ് ഇലഞ്ഞിപ്പുറം | 3,00,000/- |
| റവ. ഫാ. ജേക്കബ് തെക്കേമുറി | 7,96,203/- |

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



**റവ. ഫാ. ജോസഫ് കുരീക്കാട്ട്**
**(25.07.1905 – 04.02.1979)**



**റവ. ഫാ. ഫിലിപ്പ് കുന്നപ്പള്ളി**
**(04.12.1914 – 26.02.2002)**



**റവ. ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
**(12.05.1930 – 11.02.2011)**



**റവ. ഫാ. ജോർജ് കാപ്പിലിപറമ്പിൽ**
**(14.02.1962 – 20.02.2011)**

# അജപാലനോത്തേജന വിഭാഗം

**ജീവൻ പദ്ധതി 2020**

ജീവൻ ദശാംശതുക ഇടവകകളിൽനിന്നും ഓഫീസിൽ ഏൽപ്പിക്കുന്നതിനുള്ള സമയമായി. 2020 ഫെബ്രുവരി മാസത്തിൽതന്നെ ദശാംശതുകയും പൂരിപ്പിച്ച ഫോറങ്ങളും രൂപതാ പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ എത്തിക്കുക. ഫോറം രൂപതാ കേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കുമ്പോൾ അവ കൂട്ടായ്മകൾ തിരിച്ച്, ലഭിച്ച തുകകൾ കൂട്ടി എഴുതി നൽകുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകയിൽ സമാഹരിച്ച തുക ബാങ്ക് അക്കൗണ്ടുവഴി ട്രാൻസ്ഫർ ചെയ്ത ശേഷം പാസ്റ്ററൽ ആനിമേഷൻ ഓഫീസിലും അറിയിക്കണം.

**Jeevan Account Details**
Diocese of Kanjirapally
(Fr. Martin Velliamkulam & Fr. Stanly Eapen)
A/C No. 10310100237040
Federal Bank , Kanjirapally Branch
IFSC - FDRL0001031, Mob: 96 45 67 4443.

**പ്രത്യേക അറിയിപ്പ് : ഇടവകയ്ക്കുള്ള ദശാംശവിഹിതം ഫെബ്രുവരി 29 വരെ മാത്രം.**

ഇടവകയ്ക്കുള്ള ദശാംശവിഹിതം അതാതു സാമ്പത്തിക വർഷം ഫെബ്രുവരി 29-ാം തീയതിക്കകമായി വാങ്ങാത്ത ഇടവകകളുടേത് പിന്നീട് നൽകേണ്ടതില്ലെന്നും അത് അഭിവന്ദ്യ പിതാവിന്റെ അടിയന്തിര ജീവകാരുണ്യസഹായനിധിയിലേക്ക് അതാതു സാമ്പത്തികവർഷം മാർച്ചുമാസത്തിൽ ഉൾച്ചേർക്കണമെന്നും 2019 ജൂലൈ മാസം 10-ാം തീയതി സമ്മേളിച്ച ദശാംശകമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. അതിനാൽ മുൻവർഷങ്ങളിലെ ദശാംശവിഹിതം ഇനിയും വാങ്ങുവാ

നുള്ളവർ ഫെബ്രുവരി 29-ാം തീയതിക്കകം അത് വാങ്ങുവാൻ ശ്രദ്ധിക്കണം. അതിനുശേഷം മുൻവർഷത്തെ ദശാംശവിഹിതം ഇടവകകൾക്ക് നൽകുന്നതല്ല.

**പുതിയ കുടുംബക്കൂട്ടായ്മാ ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ**

കുടുംബക്കൂട്ടായ്മകളിൽ ശുശ്രൂഷകരെ പുതുതായി തിരഞ്ഞെടുക്കുകയോ നിയമിക്കുകയോ ചെയ്യുമ്പോൾ പുതുതായി നിയമിതരാകുന്നവരുടെ വിശദാംശങ്ങൾ രൂപതാ അജപാലനോത്തേജന വിഭാഗം ഓഫീസിൽ അറിയിക്കുവാൻ ഇടവക ആനിമേറ്റർമാരും ബഹു. വികാരിയച്ചന്മാരും ശ്രദ്ധിക്കുമല്ലോ.

**മാതൃകാ കുടുംബക്കൂട്ടായ്മകളുള്ള ഇടവകകളെ തിരഞ്ഞടുക്കുന്നു**

മുൻവർഷത്തേതുപോലെ ഈ വർഷവും, നമ്മുടെ രൂപതയിലെ, കുടുംബക്കൂട്ടായ്മകൾ മാതൃകാപരമായി പ്രവർത്തിക്കുന്ന ഇടവകകളെ, തിരഞ്ഞെടുത്ത് ഉപഹാരവും ക്യാഷ് അവാർഡും നൽകുന്നതാണ്. കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ ഇടവകകളെ 4 വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിൽനിന്നും ഓരോ ഇടവകയെ തിരഞ്ഞെടുത്ത് 25,000 രൂപയും ട്രോഫിയും നൽകി മാതൃകാ കുടുംബക്കൂട്ടായ്മകളുള്ള ഇടവകകളെ രൂപതാദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കുന്നതാണ്. ഇടവകയിൽനിന്നും ലഭിക്കുന്ന വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപതാ ടീം സന്ദർശിച്ചായിരിക്കും മാതൃകാ ഇടവകകളെ തിരഞ്ഞെടുക്കുന്നത്. ഈ വർഷം ഇടവക റിപ്പോർട്ട് ഫെബ്രുവരി 29-നകം രൂപത അജപാലനോത്തേജനവിഭാഗം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. മാനദണ്ഡങ്ങളും, നൽകേണ്ട വാർഷികറിപ്പോർട്ടിന്റെ വിശദാംശങ്ങളും താഴെ ചേർക്കുന്നു. രൂപതയിൽ സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിന്റെ വിശദാംശങ്ങളും ഫോറവും ഇടവകയിൽ എത്തിച്ചിട്ടുണ്ട്.

**മാനദണ്ഡങ്ങൾ**

1. കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ രൂപതയിലെ 149 ഇടവകകളെ 4 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. A. വിഭാഗം - 100 കുടുംബങ്ങളിൽ താഴെ, B. വിഭാഗം - 101 മുതൽ 225 കുടും

ബങ്ങൾ വരെ, C. വിഭാഗം – 226 മുതൽ 400 കുടുംബങ്ങൾ വരെ, D. വിഭാഗം – 400 നുമുകളിൽ കുടുംബങ്ങളുള്ള ഇടവകകൾ.

**A. വിഭാഗത്തിൽ ഉൾപ്പെടുന്ന ഇടവകകൾ (39 ഇടവകകൾ)**

അന്യാർതൊളു, അറയാഞ്ഞിലിമണ്ണ്, അഴങ്ങാട്, ആലംപള്ളി, ഉളുപ്പൂണി, കൂത്താട്ടുകുളം, കോഴഞ്ചേരി, കോന്നി, ഗ്രീൻവാലി, ഗ്രേസ്മൗണ്ട്, ഗ്രേസ്‌വാലി, ചീങ്കൽത്തടം, ചോറ്റുപാറ, നിരവ്, നിർമ്മലാപുരം, പടനിലം, പാമ്പാടുംപാറ, പ്ലാച്ചേരി, പീരുമേട്, പുറക്കയം, പുല്ലാന്നിത്തകിടി, പുള്ളിക്കാനം, പൂമറ്റം, പെരുനാട്, പെരുന്തേനരുവി, ബഥനിമല, മാങ്ങാപ്പേട്ട, മീൻകുഴി, മുളംകുന്ന്, മേട്ടുക്കുഴി, തച്ചപ്പുഴ, നല്ലതണ്ണി, നിർമ്മലഗിരി, വകയാർ, വടക്കേമല, സന്യാസിയോട, സീതത്തോട്, മാങ്ങാപ്പാറ, കുട്ടിക്കാനം.

**B. വിഭാഗത്തിൽ ഉൾപ്പെടുന്ന ഇടവകകൾ (45 ഇടവകകൾ)**

അമലഗിരി, ഇടമൺ, ഇടക്കുന്നം, എരുത്വാപുഴ, എലിവാലിക്കര, ഏലപ്പാറ, കരിക്കാട്ടൂർ, കരുണാപുരം, കണ്ണംപള്ളി, കാരികുളം, കീരിക്കര, കുറുമ്പൻമൂഴി, കൊച്ചുതോവാള, ചാമംപതാൽ, ചിന്നാർ, ചെമ്പനോലി, ചെറുവള്ളിക്കുളം, ചെന്നാക്കുന്ന്, ചേമ്പളം, ജോൺപോൾ നഗർ, പഴയകൊരട്ടി, പത്തനംതിട്ട, പാണപിലാവ്, പാലമ്പ്ര, പാലൂർകാവ്, പുളിങ്കട്ട, പെരുവന്താനം, പെരിയാർ വള്ളക്കടവ്, പേഴുംപാറ, മരിയഗിരി, മുക്കുളം, മുക്കൂട്ടുതറ, മുറിഞ്ഞപുഴ, മേപ്പാറ, മേലോരം, തേർഡ്ക്യാമ്പ്, നരിയംപാറ, നസ്രാണിപുരം, രാമക്കൽമേട്, വഞ്ചിമല, വാളാർഡി, ശാന്തിഗിരി, സ്വരാജ്, റാന്നി, ഏന്തയാർ.

**C. വിഭാഗത്തിൽ ഉൾപ്പെടുന്ന ഇടവകകൾ (39 ഇടവകകൾ)**

അമരാവതി, അഞ്ചിലിപ്പ, ആനവിലാസം, ഇളങ്ങോയി, ഇഞ്ചിയാനി, ഉമിക്കുപ്പ, എയ്ഞ്ചൽവാലി, എരുമേലി, കണമല, കണയങ്കവയൽ, കൽത്തൊട്ടി, കാഞ്ചിയാർ, കണ്ണിമല, കമ്പംമെട്ട്, കുഴിത്തൊളു, കുന്നുംഭാഗം, കൊച്ചറ, ചക്കുപള്ളം, ചെറുവള്ളി, ചെമ്മണ്ണ്, ചെല്ലാർകോവിൽ, തരകനാട്ടുകുന്ന്,

തമ്പലക്കാട്, തുലാപ്പള്ളി, തെക്കേമല, നെയ്യാട്ടുശ്ശേരി, പഴയിടം, പാലപ്ര, പുളിയൻമല, പുത്തൻകൊരട്ടി, പുറ്റടി, മടുക്ക, മണിപ്പുഴ, മുണ്ടിയെരുമ, മ്ലാമല, രാജഗിരി, വണ്ടൻപതാൽ, വണ്ടൻമേട്, വെച്ചൂച്ചിറ.

**D. വിഭാഗത്തിൽ ഉൾപ്പെടുന്ന ഇടവകകൾ (26 ഇടവകകൾ)**

അണക്കര, ആനക്കല്ല്, ആനിക്കാട്, ഇളങ്ങുളം, ഉപ്പുതറ, എലിക്കുളം, കട്ടപ്പന, കപ്പാട്, കാഞ്ഞിരപ്പള്ളി, കുമളി, കൂവപ്പള്ളി, കൊല്ലമുള, കോരുത്തോട്, ചെങ്കൽ, ചെങ്ങളം, താമരക്കുന്ന്, നെറ്റിത്തൊഴു, പുഞ്ചവയൽ, പൊടിമറ്റം, പൊൻകുന്നം, മുണ്ടക്കയം, മേരികുളം, വലിയതോവാള, വള്ളക്കടവ്, വെളിച്ചിയാനി, വെള്ളാരംകുന്ന്.

2. കുടുംബകൂട്ടായ്മാ സമ്മേളനങ്ങളുടെ എണ്ണം, ഹാജർ ശതമാനം(വിവിധ വയോവിഭാഗങ്ങളുടേത്) എന്നിവ പരിഗണിക്കുന്നതാണ്.
3. കുടുംബകൂട്ടായ്മാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്ന വർഷം, എത്ര കൂട്ടായ്മകളിൽ വാർഷികം നടത്തി മുതലായവ പരിഗണിക്കും.
4. കുടുംബകൂട്ടായ്മകളുടെ ഇതരപ്രവർത്തനങ്ങൾ(ജീവകാരുണ്യ, സാമൂഹിക, ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ) പരിഗണിക്കും.
5. കുടുംബകൂട്ടായ്മാ ഭാരവാഹികൾക്കുള്ള സെമിനാറുകൾ, വിഷയാടിസ്ഥാനത്തിലുള്ള ചർച്ചകൾ, ഇതരപരിശീലനപരിപാടികൾ, ഇവയിലെ ഭാഗഭാഗിത്വം എന്നിവ പരിശോധിക്കുന്നതാണ്.
6. വിവിധ വയോവിഭാഗങ്ങളിലുള്ളവരുടെ കൂട്ടായ്മകൾ, ഭാഗഭാഗിത്വം, പ്രവർത്തനങ്ങൾ ഇവ പരിഗണിക്കും.
7. ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിന്റെ അടിസ്ഥാനത്തിലായിരിക്കും വർഷം കണക്കാക്കുന്നത്.
8. രൂപതാദിനത്തോടനുബന്ധിച്ച് മാതൃകാ കുടുംബക്കൂട്ടായ്മകളുള്ള ഇടവകകൾക്ക് ട്രോഫിയും കാഷ് അവാർഡും നൽകുന്നതിനായി തനതു വർഷം ഫെബ്രുവരി 29-ാം തീയതിക്കകം ഇടവകയിൽനിന്നുള്ള റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

9. കുടുംബകൂട്ടായ്മാ ഇടവക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ചതെന്ന് കമ്മിറ്റി വിലയിരുത്തുന്ന ഓരോ വിഭാഗത്തിലെയും 4 ഇടവകകളിൽ വീതം രൂപതാ ടീം സന്ദർശനം നടത്തി, വിലയിരുത്തൽ നടത്തുന്നതും കുടുംബകൂട്ടായ്മാ മാതൃകാ ഇടവകകളെ തിരഞ്ഞെടുക്കുന്നതുമാണ്. ഓരോ വിഭാഗത്തിൽനിന്നും ഒരു മാതൃകാ ഇടവകയ്ക്ക് ട്രോഫിയോടൊപ്പം 25,000 രൂപാ വീതം ക്യാഷ് അവാർഡും നല്കുന്നതാണ്.
10. നമ്മുടെ രൂപതയിൽനിന്നും നിർദ്ദേശിച്ചിരിക്കുന്ന റംശാ പ്രാർത്ഥന കുടുംബക്കൂട്ടായ്മകളിൽ ഉപയോഗിക്കുന്ന ഇടവകകളെ മാത്രമേ ഈ വിലയിരുത്തലിന് പരിഗണിക്കുകയുള്ളു.
11. വിലയിരുത്തൽ സമിതിയിൽ 3 മുതൽ 5 വരെ അംഗങ്ങളുണ്ടായിരിക്കുന്നതാണ്.
12. വിലയിരുത്തൽ സമിതിക്ക് ആവശ്യത്തിന് സമയം ലഭിക്കേണ്ടതുള്ളതിനാൽ ഫെബ്രുവരി 29-നുശേഷം ലഭിക്കുന്ന ഇടവക റിപ്പോർട്ട് പരിഗണിക്കുകയില്ല. വിലയിരുത്തൽ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

## നോമ്പുകാല ചൈതന്യത്തിൽ കുടുംബക്കൂട്ടായ്മകൾ

ഫെബ്രുവരി 24-ന് ആരംഭിക്കുന്ന വലിയ നോമ്പ് അനുഗ്രഹീതമായ ഒരു കാലഘട്ടമായി മാറ്റുവാൻ എല്ലാ കൂട്ടായ്മകളും ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്ത് കൂട്ടായ്മയിലെ എല്ലാ ഭവനങ്ങളിലും ഒരു പ്രാവശ്യമെങ്കിലുംവീതം കുരിശിന്റെ വഴി ചൊല്ലുന്നതിന് സഹായകമായ ക്രമീകരണം ചെയ്യുക. കഴിഞ്ഞ വർഷത്തേതുപോലെ നോമ്പുകാലത്തിലെ ആദ്യത്തെ അഞ്ച് വെള്ളിയാഴ്ചകളിൽ അടുത്തുള്ള അഞ്ചോ അതിൽ താഴെയോ ഭവനാംഗങ്ങൾ സൗകര്യപ്രദമായി ഒരുമിച്ചുകൂടി, ഓരോ ആഴ്ചയിലും ഓരോ ഭവനത്തിൽ മാറി മാറി ഒന്നുചേർന്ന് കുരിശിന്റെ വഴി അർപ്പിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും. ഇപ്രകാരം ഒരുമിച്ചുകൂടുമ്പോൾ അടുത്തടുത്ത ഭവനാംഗങ്ങൾ ആയിരിക്കണം ഒരുമിച്ചുകൂടേണ്ടത്. ആറാം വെള്ളിയാഴ്ച അഥവാ നാല്പതാം വെള്ളിയാഴ്ച കൂട്ടായ്മാ അംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി കുരിശിന്റെ വഴി ചൊല്ലുന്നു.

അതോടൊപ്പം നോമ്പുകാല ചൈതന്യത്തിൽ വളരുന്നതിന് നോമ്പാചരിക്കുകയും, ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുകയും വേണം.

**മാർ ജോസ് പുളിക്കൽ പിതാവിന്റെ രൂപതാദ്ധ്യക്ഷ സ്ഥാനാരോഹണവും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽപിതാവിനുള്ള രൂപതയുടെ ആദരവും**

നമ്മുടെ രൂപതാധ്യക്ഷനായി നിയുക്തനായിരിക്കുന്ന അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങൾ 2020 ഫെബ്രുവരി 3-ാം തീയതി തിങ്കളാഴ്ച രാവിലെ 10.15-ന് കത്തീദ്രൽ പള്ളിയിൽവച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനുള്ള രൂപതയുടെ ആദരവും അന്ന് ഉച്ചകഴിഞ്ഞ് 2.30-ന് നടക്കുന്ന പൊതുസമ്മേളനത്തിൽവച്ച് അർപ്പിക്കുന്നു. ഇടവകകളിൽനിന്നും ബഹു. വൈദികർക്കുപുറമേ സിസ്റ്റേഴ്സിന്റെയും വനിതകളുടെയും പ്രതിനിധികളുൾപ്പെടെ നാലു പേരെ വീതമെങ്കിലും പങ്കെടുപ്പിക്കുമല്ലോ. തിരുക്കർമ്മങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഏതാനും കാര്യങ്ങൾ മുൻകൂട്ടി അറിയിക്കുന്നു.

**A. ഇടവകയിൽ ചെയ്യേണ്ടത്**

1. സ്ഥാനാരോഹണത്തോടനുബന്ധിച്ച് 2020 ഫെബ്രുവരി 2-ാം തീയതി പരിശുദ്ധ കുർബാന മധ്യേ പള്ളികളിൽ വായിക്കാനുള്ള സർക്കുലർ ഈ ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്.
2. രൂപതാ കേന്ദ്രത്തിൽനിന്നും നൽകിയിരിക്കുന്ന രൂപതാധ്യക്ഷ സ്ഥാനാരോഹണത്തിന്റെയും കൃതജ്ഞതാപ്രകാശനത്തിന്റെയും പോസ്റ്ററുകൾ ഇടവകയുടെ നോട്ടീസ് ബോർഡ്, സന്യാസ ഭവനങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കുക.
3. ഇടവകയിൽനിന്നും ബഹു. വൈദികർക്കുപുറമേ നാലു പ്രതിനിധികളെയെങ്കിലും സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിൽ പങ്കെടുപ്പിക്കുക
4. സ്ഥാനാരോഹണം രാവിലെയായതിനാൽ, വൈദികർക്കും പ്രതിനിധികൾക്കും അതിൽ സംബന്ധിക്കുന്നതിനു യോജിച്ച വിധ

ത്തിൽ ഇടവകയിലെ പരിശുദ്ധ കുർബാനയുടെ സമയം ക്രമീകരിക്കുമല്ലോ.

5. സ്ഥാനാരോഹണത്തിന്റെ അറിയിപ്പും ഇടവകയുടെ ആശംസകളും അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനുള്ള കൃതജ്ഞതയും ഉൾക്കൊള്ളുന്ന ബാനറോ, ബോർഡോ പള്ളിയുടെ പരിസരത്ത് പ്രദർശിപ്പിക്കുവാൻ ശ്രദ്ധിക്കുക. പ്രിന്റ് ചെയ്യുന്നതിനുള്ള സൗകര്യം കാഞ്ഞിരപ്പള്ളിയിലും (സ്റ്റിക്കർ ഹൗസ് - 9447343055, സൈൻടെക്ക് - 9497818712) കട്ടപ്പനയിലും (സെൻട്രൽ പ്രസ് - 9496016000) ക്രമീകരിച്ചിട്ടുണ്ട്. രണ്ടു പിതാക്കന്മാരുടേയും ഫോട്ടോ ഉൾക്കൊള്ളുന്ന ഡിസൈൻ അവിടെ ലഭ്യമാണ്. നിങ്ങളുടെ ഇടവകയുടെ പേരും ചേർത്ത് അത് വാങ്ങാവുന്നതാണ്.

6. 2020 ജനുവരി 26 ഞായർ മുതൽ 2020 ഫെബ്രുവരി 3 തിങ്കൾ വരെ പരി.കുർബാനയിലെ ഡിപ്റ്റിക്സിൽ നമ്മുടെ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനേയും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനേയും അനുസ്മരിച്ച് പ്രാർത്ഥിക്കണം.

7. സ്ഥാനാരോഹണത്തോടനുബന്ധിച്ച് ഇടവകയിൽ നടത്തുന്ന പരിപാടികളിലും അലങ്കാരങ്ങളിലും 'ഗ്രീൻ പ്രോട്ടോകോൾ' (പ്രകൃതിസൗഹൃദപരം) നിർബന്ധമായും പാലിച്ചിരിക്കണം.

## B. വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യങ്ങൾ

വാഹനങ്ങളുടെ പാർക്കിംഗ് നാലു ഗ്രൗണ്ടുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽമാത്രം വാഹനം പാർക്കുചെയ്യുവാൻ ശ്രദ്ധിക്കുക. എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി വാഹനങ്ങളിൽ **സ്ഥാനാരോഹണ സ്റ്റിക്കർ** ഒട്ടിക്കുകയും **പേപ്പൽ ഫ്ളാഗ്** കെട്ടുകയും ചെയ്യുക.

## C. പാർക്കിംഗ് ഗ്രൗണ്ടുകൾ

1. **അക്കരപ്പള്ളി മൈതാനം :** വൈദികരുടെ വാഹനങ്ങൾ, ഉപ്പുതറ, അണക്കര, കുമളി, കട്ടപ്പന, മുണ്ടിയെരുമ, പെരുവന്താനം, മുണ്ടക്കയം ഫൊറോനകളിൽ നിന്നുള്ള വാഹനങ്ങൾ. ഈ വാഹനങ്ങൾ പൊടിമറ്റം - ആനക്കൽ വഴി അക്കരപ്പള്ളി മൈതാനത്ത് എത്തിച്ചേരുവാൻ ശ്രദ്ധിക്കുക.

2. **എ.കെ.ജെ.എം സ്കൂൾ ഗ്രൗണ്ട് :** പൊൻകുന്നം ഫൊറോന യിൽനിന്നുള്ള വാഹനങ്ങൾ. ഈ വാഹനങ്ങൾ തമ്പലക്കാട് റോഡിൽ ആളുകളെ ഇറക്കി എ.കെ.ജെ.എം സ്കൂൾ ഗ്രൗണ്ടിൽ പാർക്ക് ചെയ്യേണ്ടതാണ്.
3. **സെന്റ് ഡോമിനിക്സ് സ്കൂൾ ഗ്രൗണ്ട് :** എരുമേലി, റാന്നി, പത്ത നംതിട്ട, വെളിച്ചിയാനി കാഞ്ഞിരപ്പള്ളി ഫൊറോനകളിൽ നിന്നുള്ള വാഹനങ്ങൾ.
4. **കത്തീഡ്രൽ പാർക്കിംഗ് ഗ്രൗണ്ട് :** അഭിവന്ദ്യ പിതാക്കന്മാർ, മറ്റു രൂപതകളിൽനിന്നു വരുന്നവർ, വി.ഐ.പികളുടെ വാഹനങ്ങൾ.

**സ്വാഗതം**

രൂപതാ അജപാലനോത്തേജന വിഭാഗം ഡയറക്ടറായി 2020 ഫെബ്രുവരി 5 മുതൽ ചാർജ്ജെടുക്കുന്ന റവ. ഫാ. സ്റ്റനിസ്ലാവോസ് പുള്ളോലിക്കൽ അച്ചന് രൂപതാ പാസ്റ്ററൽ ആനിമേഷൻ കുടുംബ ത്തിലേക്ക് സ്നേഹനിർഭരമായ സ്വാഗതം ആശംസിക്കുന്നു. പ്രവർത്തനരംഗത്ത് നൂറുമേനി ഫലങ്ങൾ ഉളവാക്കുവാനായി ദൈവാ നുഗ്രഹം പ്രാർത്ഥിക്കുന്നു. ഭാവുകങ്ങൾ നേരുന്നു.

**ഫാ. കുര്യാക്കോസ് അമ്പഴത്തിനാൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**2020 ഫെബ്രുവരി മാസത്തെ കർമ്മപരിപാടികൾ**

7 വെള്ളി – ചോദ്യപേപ്പർ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നു.

8 ശനി – സി.റ്റി.സി. ക്ലാസ് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ

9 ഞായർ – സെന്റ് തോമസ് വിഭാഗത്തിന്റെ വാർഷികപ്പരീക്ഷയും (2 p.m. - 4.30 p.m.) 4–9 വരെ ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷയും. (2 p.m. - 4.00 p.m.)

21 വെള്ളി – HDC കോഴ്സ് (ക്ലാസ് 5)
സകല മരിച്ചവരുടെയും തിരുനാൾ

26 ബുധൻ – കാഞ്ഞിരപ്പള്ളി രൂപതാ സ്ഥാപനദിനം (1977)

29 ശനി – 10, 12 ക്ലാസുകളിലെ മൂല്യനിർണ്ണയം, മഹാജൂബിലി ഹാൾ, കാഞ്ഞിരപ്പള്ളി

**വാർഷികപ്പരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ**

ഫെബ്രുവരി 9–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4.30 വരെ സെന്റ് തോമസ് (10, 11, 12 ക്ലാസുകൾ) വിഭാഗത്തിന്റെ വാർഷികപ്പരീക്ഷയും, 2 മണി മുതൽ 4 മണി വരെ 4 മുതൽ 9 വരെ ക്ലാസുകളിലെ മത്സരപ്പരീക്ഷയും നടത്തുന്നതാണ്. നിശ്ചയിച്ചിരിക്കുന്ന സമയത്തു മാത്രമേ പരീക്ഷ നടത്താവൂ എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സി.റ്റി.സി.**

സി.റ്റി.സി. 36–ാം ബാച്ചിന്റെ അടുത്ത ക്ലാസ് 2020 ഫെബ്രുവരി 8–ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 3.30 വരെ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. വി. കുർബാന

യെയും ഇതര കൂദാശകളെയും കുറിച്ച് റവ. ഫാ. ജെയിംസ് തെക്കും ചേരിക്കുന്നേൽ ക്ലാസ് നയിക്കുന്നതാണ്.

## ഹോളി ഫാമിലി

ആദ്യകുമ്പസാരവും ആഘോഷപൂർവമായ കുർബാനസ്വീകരണവും നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായുള്ള ഹോളി ഫാമിലി എന്ന പ്രോഗ്രാം തങ്ങളുടെ ഇടവകകളിൽ നടത്തുവാൻ താല്പര്യപ്പെടുന്നവർ ഈ മാസം തന്നെ രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിച്ച് തീയതികൾ ഉറപ്പാക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രണ്ടരമണിക്കൂർ ദൈർഘ്യമുള്ള പ്രസ്തുത പരിപാടി രണ്ടോ മൂന്നോ ഇടവകകൾ ഒരുമിച്ചും നടത്താവുന്നതാണ്.

## സ്കോളർഷിപ്പ്

സൺഡേസ്കൂളിൽ 10-ാം ക്ലാസിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന കുട്ടികൾക്കായുള്ള അന്നമ്മ ചിറ്റപ്പനാട്ട് പാലൂർക്കാവ് മെമ്മോറിയൽ സ്കോളർഷിപ്പ് കഴിഞ്ഞവർഷത്തേതുപോലെ ഈ വർഷവും നല്കപ്പെടുന്നതാണ്.

## ലൈഫ് ലൈൻ

ആനക്കല്ലിൽ സെന്റ് ആന്റണീസ് പബ്ലിക്ക് സ്കൂളിൽ വച്ചു നടത്തിയ കാഞ്ഞിരപ്പള്ളി വെളിച്ചിയാനി ഫൊറോനാകളുടെ ലൈഫ് ലൈൻ ക്യാമ്പിൽ 341 കുട്ടികൾ പങ്കെടുത്തു.

## HDC കോഴ്സ്

HDC കോഴ്സിന്റെ അടുത്ത ക്ലാസ് ഫെബ്രുവരി 21-ാം തീയതി വെള്ളിയാഴ്ച 10 a.m. മുതൽ 3.30 p.m. വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ഉത്ഥാനോത്സവം, വാർഷിക പരീക്ഷ

ഈ വർഷത്തെ ഉത്ഥാനോത്സവം ഏപ്രിൽ 1 മുതൽ 6 വരെ തീയതികളിലും 1 മുതൽ 9 വരെ ക്ലാസിലെ കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 7 ചൊവ്വാഴ്ച 10.00 a.m. മുതൽ 12 വരെയുമാണെന്ന കാര്യം പ്രത്യേകം ഓർമ്മിക്കുമല്ലോ.

→

# ചെറുപുഷ്പ മിഷൻ ലീഗ്

**2020 ഫെബ്രുവരി മാസത്തെ കർമ്മപരിപാടികൾ**

2 ഞായർ - മിഷൻലീഗ് ശാഖാ ഇലക്ഷൻ

15 ശനി - മിഷൻലീഗ് ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന ദിവസം

16 ഞായർ - CML ഫൊറോനാതല ഇലക്ഷൻ (അതാതു ഫൊറോനാകേന്ദ്രങ്ങളിൽ)

**മാതൃകാ മദ്ബഹാ ശുശ്രൂഷക സംഘങ്ങൾ**

ചെറുപുഷ്പ മിഷൻലീഗിലെ കുഞ്ഞുമിഷനറിമാരെയും മദ്ബഹാ ശുശ്രൂഷകരെയും അഗാധമായി സ്നേഹിച്ച് അകാലത്തിൽ

---

## വിശ്വാസജീവിത പരിശീലനം

**പ്രാർത്ഥനാമഞ്ജരികൾ**

വളരെ സ്തുത്യർഹമായ വിധത്തിൽ കഴിഞ്ഞ 19 വർഷക്കാലം രൂപതയെ നയിച്ച് വിശ്വാസജീവിതപരിശീലനത്തിൽ ഏറെ ശ്രദ്ധ ചെലുത്തി നമ്മെ വളർത്തിയ മാർ മാത്യു അറയ്ക്കൽ പിതാവിനെ നന്ദിയോടെ ഓർക്കാം.

രൂപതാദ്ധ്യക്ഷനായി ചുമതലയേൽക്കുന്ന നമ്മുടെ മുൻ ഡയറക്ടർ കൂടിയായ മാർ ജോസ് പുളിക്കൽ പിതാവിന് പ്രാർത്ഥനാശംസകൾ നേരാം.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

കടന്നുപോയ ബഹു. ജോർജ് കാപ്പിലിപ്പറമ്പിലച്ചന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന മാതൃകാ മദ്ബഹാശുശ്രൂഷകർക്കുള്ള ട്രോഫികളും കാഷ് അവാർഡും A വിഭാഗത്തിൽ മുണ്ടക്കയം വ്യാകുലമാതാ ഇടവകയും B വിഭാഗത്തിൽ രാമക്കൽമേട് സേക്രട്ട് ഹാർട്ട് ഇടവകയും C വിഭാഗത്തിൽ പേഴുംപാറ സേക്രട്ട് ഹാർട്ട് ഇടവകയും കരസ്ഥമാക്കി.

സമ്മാനാർഹരായ യൂണിറ്റുകൾക്കും അവർക്കു നേതൃത്വം നൽകിയവർക്കും ചെറുപുഷ്പമിഷൻലീഗിന്റെയും വിശ്വാസജീവിത പരിശീലന കേന്ദ്രത്തിന്റെയും അനുമോദനങ്ങളും ആശംസകളും. ബഹു. കാപ്പിലിപ്പറമ്പിൽ ജോർജ്ജച്ചന്റെ ശുശ്രൂഷകളും സ്നേഹവും നന്ദിപൂർവ്വം സ്മരിക്കുന്ന വൈദികസുഹൃത്തുക്കളാണ് ട്രോഫിയും ക്യാഷ് അവാർഡും ഏർപ്പെടുത്തിയിരിക്കുന്നത്. വന്ദ്യവൈദികർക്ക് രൂപതാ ചെറുപുഷ്പമിഷൻലീഗിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഫൊറോനാതല ഇലക്ഷൻ**

2020-21 വർഷത്തേക്കുള്ള കുട്ടികളുടെ പ്രതിനിധികളായ ഭാരവാഹികളുടെ ഫൊറോനാതല തെരഞ്ഞെടുപ്പ് ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. രൂപതാതല തെരഞ്ഞെടുപ്പ് മാർച്ച് 27, 28 തീയതികളിൽ നടത്തുന്നതാണ്. 2019-20 വർഷത്തിൽ 8-ാം ക്ലാസിൽ വിശ്വാസജീവിതപരിശീലനം നേടുന്ന കുട്ടികളെ ഭാരവാഹികളായി തെരഞ്ഞെടുക്കുന്നത് ഉചിതമാണ്.

**25-ാമത് നിലയ്ക്കൽ തീർത്ഥാടനം**

ചെറുപുഷ്പമിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്താറുള്ള നിലയ്ക്കൽ തീർത്ഥാടനം ജനുവരി 26-ാം തീയതി ഞായറാഴ്ച രാവിലെ 9.30-ന് വിശ്വാസപ്രഘോഷണ റാലിയോടെ ആരംഭിച്ചു. ഇടവക വികാരി ഫാ. പീറ്റർ മേസ്തിരിപ്പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്ത് സ്വാഗതമാശംസിച്ചു. തുടർന്ന് നിലയ്ക്കൽ - തുലാപ്പള്ളി മാർത്തോമ്മാശ്ലീഹാ ദൈവാലയത്തിൽ രൂപതയിലെ നവവൈദികരുടെ

കാർമ്മികത്വത്തിൽ ആഘോഷമായ പരിശുദ്ധ കുർബാനയർപ്പിച്ചു. രൂപതാനിയുക്ത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ തീർത്ഥാടന സന്ദേശം നൽകി. തിരുശേഷിപ്പു വണക്കത്തിനും നേർച്ചഭക്ഷണത്തിനും ശേഷം തീർത്ഥാടകർ നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയം സന്ദർശിച്ചു. നിലയ്ക്കൽ എക്യൂമെനിക്കൽ ദൈവാലയ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് വടക്കേടത്ത് സമാപനപ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിച്ചു. തീർത്ഥാടനത്തിൽ 3000-ത്തോളം കുഞ്ഞുമിഷനറിമാർ സംബന്ധിച്ചു.

തീർത്ഥാടന പരിപാടികൾക്ക് മിഷൻലീഗ് രൂപതാ ഡയറക്ടർ റവ. ഡോ. അഗസ്റ്റിൻ പുതുപ്പറമ്പിൽ, ജോയിന്റ് ഡയറക്ടർ റവ. ഫാ. സ്കറിയ മറ്റത്തിൽ, രൂപതാ ആനിമേറ്റർ റവ. സി. അനിറ്റ് തുണ്ടത്തിൽകുന്നേൽ എസ്.എ.ബിഎസ്., വികാരി റവ. ഫാ. പീറ്റർ മേസ്തിരിപ്പറമ്പിൽ, ബ്രദർ റീജന്റ് ജിതിൻ ചാത്തനാട്ട്, കൈക്കാരന്മാർ, സിസ്റ്റേഴ്സ്, സൺഡേസ്കൂൾ സ്റ്റാഫ്, ഇടവക പ്രതിനിധികൾ, സി. എം.എൽ. രൂപതാ-ഫൊറോനാ ഭാരവാഹികൾ, വിശ്വാസജീവിതപരിശീലകർ എന്നിവർ നേതൃത്വം നൽകി. തീർത്ഥാടനത്തിൽ പങ്കെടുത്ത കുഞ്ഞുമിഷനറിമാർക്കും മിഷൻ ലീഗ് ഇടവക - ഫൊറോന ഭാരവാഹികൾക്കും നേതൃത്വം നൽകിയ ബഹു. വൈദികർ, സന്ന്യസ്തർ, വിശ്വാസജീവിതപരിശീലകർ എന്നിവർക്കും രൂപതാ സി.എം. എൽ. കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. സ്കറിയ മറ്റത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**2020 ഫെബ്രുവരി മാസത്തിലെ കർമ്മ പരിപാടികൾ**

1 – രാഷ്ട്രീയ നേതൃത്വ സംഗമം

PREP - Placement Readiness Enhancement Programme ഉദ്ഘാടനം

2 – യൂടേൺ - എരുമേലി ഫൊറോന

8 – അമ്മേഹ് - എല്ലാ ഇടവകകളിലും

9 – യൂടേൺ - പൊൻകുന്നം ഫൊറോന

15 – PREP

16 – യൂടേൺ - റാന്നി, പത്തനംതിട്ട

21 – മാതൃഭാഷാദിനം

– യൂടേൺ - മുണ്ടിയെരുമ

– യൂടേൺ - അണക്കര

22 – PREP - ചിന്താദിനം

23 – യൂടേൺ - വെളിച്ചിയാനി

28 – ദേശീയ ശാസ്ത്രദിനം

29 – PREP

- Night Vigil - കാരികുളം

**CYTE - 2020**

യുവജനങ്ങളെ ബൗദ്ധികമായും, ഭൗതികമായും, കായികമായും വളർത്തുന്നതിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി രൂപതാ SMYM 05.01.2020–ൽ നടത്തിയ CYTE മത്സരപരീക്ഷയിൽ 2500 കുട്ടികൾ പങ്കെടുത്തു.

CYTE പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ തിരഞ്ഞെടുക്കപ്പെട്ടവർക്കായി ഫെബ്രുവരി 16–ാം തീയതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 3.30 pm വരെ പൊൻകുന്നത്തുള്ള ALS സിവിൽ

സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, സെന്റ് അന്റോണിയോ എഡ്യുക്കേഷണൽ ഹബിൽ വച്ച് ഏകദിന സെമിനാർ നടത്തപ്പെടുന്നു. ഈ സെമിനാറിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായിരിക്കും CYTE സ്കോളർഷിപ്പ് നൽകുക. ശ്രീ. ജോജോ ജോസഫ് (M.D., ALS Delhi), ശ്രീ. A.U. പ്രസാദ് (Regional Director ALS) എന്നിവർ ക്ലാസ് നയിക്കും.

## നൈറ്റ് വിജിൽ

ജനുവരി 11-ാം തീയതി തെക്കേമല സെന്റ് മേരീസ് ഇടവകയിലും ജനുവരി 31-ാം തീയതി വെളച്ചിയാനി ഫൊറോനാ ഇടവകയിലും ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, റീജന്റ് ബ്രദർ നോബി വെള്ളാപ്പള്ളി, രൂപതാ പ്രസിഡന്റ് ആൽബിൻ തടത്തേൽ എന്നിവരുടെ നേതൃത്വത്തിൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു.

## K.C.Y.M. വാർഷിക സെനറ്റ് തൃശൂർ

K.C.Y.M. 42-ാമത് സംസ്ഥാന സെനറ്റ് സമ്മേളനം ആമ്പല്ലൂർ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, രൂപതാ പ്രസിഡന്റ് ശ്രീ. ആൻബിൻ തടത്തേൽ, ജനറൽ സെക്രട്ടറി - ജോബിൻ ജോയി കൊള്ളിക്കുളവിൽ, സെക്രട്ടറി മരിയ ബാബു മുള്ളുകാലായിൽ, ജോയിന്റെ സെക്രട്ടറി അഞ്ജു മരിയ ജെയിംസ് വലക്കമറ്റത്തിൽ, കെ.സി.വൈ.എം. സിൻഡിക്കേറ്റ് ഡാനിയ ബാബു നീറുവേലിൽ, കെ.സി.വൈ.എം. സിൻഡിക്കേറ്റ് ജോമോൻ പൊടിപാറ, ആനിമേറ്റർ സി. റാണി മരിയ എന്നിവർ സംബന്ധിച്ചു.

## ഓൾഡ് ഈസ് ഗോൾഡ്

മുൻകാല രൂപതാ ഭാരവാഹികളുടെ സംഗമമായ ഓൾഡ് ഈസ് ഗോൾഡ് ജനുവരി 11-ാം തീയതി രാവിലെ 10.30-ന് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ വികാരിജനറാൾ പെരിയ ബഹു. ജസ്റ്റിൻ പഴേപറമ്പിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ആൽബിൻ തടത്തേൽ അദ്ധ്യക്ഷത വഹിച്ചു. മുൻ ഡയറക്ടർ ഫാ. സോജി കന്നാലിൽ, രൂപതാ ഡയറക്ടർ ഫാ. വർഗ്ഗീസ് കൊച്ചുപുരയ്ക്കൽ, രൂപതാ എസ്.എം.വൈ.

എം. ജനറൽ സെക്രട്ടറി ജോബിൻ ജോയി കൊള്ളിക്കുളവിൽ എന്നിവർ ആശംസകളർപ്പിച്ചു പ്രസംഗിച്ചു. ലൗജിഹാദ്, ന്യൂനപക്ഷ സ്കോളർഷിപ്പ്, ക്രൈസ്തവർ നേരിടുന്ന ആനുകാലിക വിഷയങ്ങൾ തുടങ്ങിയവയെക്കുറിച്ച് സംഗമത്തിൽ ചർച്ച ചെയ്തു. സമ്മേളനത്തിന് രൂപതാ ജോയിന്റ് സെക്രട്ടറി അഞ്ജു മരിയ ജെയിംസ് കൃതജ്ഞത അർപ്പിച്ചു. രൂപതാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**യൂടേൺ**

ഇടവക, ഫൊറോന ഭാരവാഹികൾക്കായുള്ള പരിശീലന പരിപാടിയായ യൂടേൺ, പെരുവന്താനം, കട്ടപ്പന എന്നീ ഫൊറോനകളിൽ രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കലിന്റെയും രൂപതാ ഭാരവാഹികളുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. ഇതിൽ ഇടവക, ഫൊറോന ഭാരവാഹികൾ പങ്കെടുത്തു.

ഫെബ്രുവരി മാസത്തിൽ നടത്തപ്പെടുന്ന യൂടേണിൽ ഫൊറോന, ഇടവക ഭാരവാഹികൾ നിർബന്ധമായും സംബന്ധിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**PREP - Placement Readiness Enhancement Programme**

യുവജനങ്ങളുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുവാൻ രൂപതാ SMYM, മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിപാടിയാണ് PREP. ഫെബ്രുവരി 1 മുതൽ മാർച്ച് 28 വരെയുള്ള ശനിയാഴ്ചകളിൽ നടത്തപ്പെടുന്ന ഈ വാരാന്ത്യ കോഴ്സ് രൂപതയിലെ പല ഫൊറോനാകളിലായി 23 കേന്ദ്രങ്ങളിൽ സംഘടിപ്പിക്കപ്പെടും.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്ക ധ്യാനം**

| | |
|---|---|
| മാർച്ച് 6, 7, 8 (വെള്ളി - ഞായർ) | - നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| മാർച്ച് 20, 21, 22 (വെള്ളി - ഞായർ) | - നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| മാർച്ച് 27, 28, 29 (വെള്ളി - ഞായർ) | - പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര |
| ഏപ്രിൽ 2, 3, 4 (വെള്ളി - ഞായർ) | - നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| ഏപ്രിൽ 24, 25, 26 (വെള്ളി - ഞായർ) | - പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര |

**SHG മീറ്റിംഗ്**

ജനുവരി 15-ാം തീയതി കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽ വച്ച് നടത്തപ്പെട്ടു. അടുത്ത മാസത്തെ SHG മീറ്റിംഗും വാർഷികാഘോഷവും ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റത്തുവച്ച് നടത്തപ്പെടുന്നു.

**ആവേ മരിയ സിംഗിൾസ് മീറ്റ്**

ജനുവരി 7-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് നടത്തപ്പെട്ടു. കുമ്പസാരത്തിനും ദിവ്യബലിക്കും ശേഷം ബഹു. ഫിലിപ്പ് വട്ടയത്തിലച്ചൻ ക്ലാസ് നയിച്ചു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് സമാപിച്ചു. അടുത്ത മാസത്തെ മീറ്റിംഗ് ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ അനക്സിൽ വച്ചു നടത്തപ്പെടുന്നതാണ്.

## കൗൺസിലിംഗ് ഡിപ്ലോമ കോഴ്സ്

കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ക്രിസ്റ്റ്യൻ ചെയറുമായി ചേർന്ന് രൂപതാ ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന കൗൺസിലിംഗ് ഡിപ്ലോമാ കോഴ്സിന്റെ അടുത്ത ബാച്ചിലേയ്ക്കുള്ള പ്രവേശനം പുരോഗമിക്കുന്നു. പുതിയ ബാച്ചിന് ആമുഖമായുള്ള ക്ലാസും വിവരണങ്ങളും ഫെബ്രുവരി മാസം 8-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3.30 വരെ പൊടിമററം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർക്കും കോഴ്സിനെപ്പറ്റി അറിയാൻ ആഗ്രഹിക്കുന്നവർക്കും ഈ ഏകദിനപരിപാടിയിൽ സംബന്ധിക്കാവുന്നതാണ്. വിശദവിവരങ്ങൾക്കും തുടർനിർദ്ദേശങ്ങൾക്കുമായി 9446194909 എന്ന നമ്പരിൽ ബന്ധപ്പെടുകയോ https://chat.whatsapp.com/HWgE1xOq83A3jF4MJPly1Y എന്ന ലിങ്ക് ഉപയോഗിച്ച് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ജോയിൻ ചെയ്യുകയോ ചെയ്യുക.

## Post Marriage Course – മാർച്ച് 1 ഞായർ

ഒരു വർഷത്തിനുള്ളിൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി Post Marriage Course ആരംഭിക്കുന്നു. ഫാമിലി അപ്പോസ്തലേറ്റും ജീസസ് യൂത്ത് ഫാമിലി സ്ട്രീമും ചേർന്നാണ് ഈ ഏകദിന കോഴ്സ് സംഘടിപ്പിക്കുന്നത്.

വിവാഹ ജീവിതത്തിന്റെ ആദ്യമാസങ്ങളിലൂടെ കടന്നുപോകുന്ന ദമ്പതികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവരെ ആത്മീയ മാനസീക ഐക്യത്തിലേക്ക് കൊണ്ടുവരികയും മക്കളെ സ്വീകരിക്കാൻ വേണ്ട ഒരുക്കം നൽകുകയും ചെയ്യാനാണ് വിവാഹശേഷമുള്ള ഈ ധ്യാനപരിപാടി ലക്ഷ്യമിടുന്നത്. വിശുദ്ധ കുർബാന, ക്ലാസ്, സംശയനിവാരണം എന്നിവ Post Marriage Course-ന്റെ ഭാഗമാണ്.

മാർച്ച് 1 ഞായറാഴ്ച 9.00 am മുതൽ 4 pm വരെ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ചാണ് Post Marriage Course നടക്കുന്നത്. ഉച്ചഭക്ഷണം ഒരുക്കേണ്ടതിനാൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 04828-205628, 201100, 9497096431, 8281510227, 8943665625 എന്നീ നമ്പരുകളിൽ വിളിച്ച് അറിയിക്കുമല്ലോ. ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

കേരള കത്തോലിക്കാസഭയിൽ ആദ്യമായി കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി.യിൽ ആരംഭിച്ചിരുന്നല്ലോ. ബധിരരും മൂകരുമായിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ ഞായറാഴ്ച കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്. ഇനി മുതൽ ഇടവകയിൽ ബധിരരും മൂകരുമായിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. കൂടാതെ, ഇവർക്കുവേണ്ടിയുള്ള മാട്രിമോണിയൽ സർവ്വീസിന്റെ പ്രവർത്തനം (KCBC Matrimony for the Deaf) ഭംഗിയായി തുടരുന്നു.

2020 ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള നാലു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്.

**A. പാലാരിവട്ടം പി.ഒ.സി.യിൽ**

1) ഏപ്രിൽ 11, 12 2) ഒക്ടോബർ 24, 25

**B. മലബാർ മേഖല**

3) ഫെബ്രുവരി 15, 16

സ്ഥലം : നവജ്യോതിസ് പാസ്റ്ററൽ സെന്റർ, കോഴിക്കോട്

**C. കൊല്ലം - തിരുവനന്തപുരം മേഖല**

4) ജൂലൈ 25, 26

സ്ഥലം : ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്റർ, കൊട്ടിയം, കൊല്ലം

ബന്ധപ്പെടേണ്ട വിലാസം : സെക്രട്ടറി, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി - 682 025, ഫോൺ :9995028229, 9495812190

Email:kcbcfamilycommission@gmail.com

website:www.kcbcfamilycommission.org

# മാതൃവേദി

### ലീഡേഴ്സ് മീറ്റ്

ഇടവക തലത്തിലുള്ള ഭാരവാഹികളുടെ ഒത്തുചേരലായ ലീഡേഴ്സ് മീറ്റ് ഫെബ്രുവരി മാസത്തിൽ നടത്തുന്നു. മുൻവർഷങ്ങളിൽ മേഖലാ തലങ്ങളിൽ നടന്ന ലീഡേഴ്സ് മീറ്റ് ഈ വർഷം ഫൊറോനാ തലത്തിലാണ് നടത്തുന്നത്. ഓരോ കുടുംബക്കൂട്ടായ്മകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും, നാമനിർദ്ദേശം ചെയ്യപ്പെട്ടവർ ഉണ്ടെങ്കിൽ അവരും ആനിമേറ്റർ സിസ്റ്ററും യൂണിറ്റ് ഡയറക്ടറും ഉൾപ്പെടുന്ന യൂണിറ്റ് ആലോചനാ സമിതി അംഗങ്ങളാണ് ലീഡേഴ്സ് മീറ്റിൽ സംബന്ധിക്കുന്നത്. "വിശ്വാസവും വിശുദ്ധിയും അമ്മയിലൂടെ" എന്ന വിഷയത്തെ അധികരിച്ചുള്ള ഒരു ക്ലാസും 2020 വർഷത്തിലെ പ്രവർത്തന വിശദീകരണവും ലീഡേഴ്സ് മീറ്റിൽ ഉണ്ടായിരിക്കും. സ്ഥലവും സമയവും മറ്റ് വിശദാംശങ്ങളും ഫൊറോനാ ഭാരവാഹികൾ അറിയിക്കുന്നതാണ്.

### ഒരു പള്ളി പണിയാൻ ഒരു രൂപ - 2019
### ഇടവകകളിൽ നിന്നും ലഭിച്ച തുക

**അണക്കര ഫൊറോന**

| | | | |
|---|---|---|---|
| 1. | അണക്കര | - | |
| 2. | ചക്കുപള്ളം | - | 2000 |
| 3. | ചെല്ലാർകോവിൽ | - | 2560 |
| 4. | കമ്പംമെട്ട് | - | 2850 |
| 5. | ഗ്രീൻവാലി | - | 850 |
| 6. | കരുണാപുരം | - | 2060 |
| 7. | കൊച്ചറ | - | |
| 8. | കുഴിത്തൊളു | - | 2900 |
| 9. | നെറ്റിത്തൊഴു | - | 2500 |
| 10. | പുറ്റടി | - | 2200 |
| 11. | വണ്ടൻമേട് | - | |
| | **ആകെ** | **-** | **17920** |

**എരുമേലി ഫൊറോന**

| | | | |
|---|---|---|---|
| 1. | എരുമേലി | - | 3400 |
| 2. | എയ്ഞ്ചൽവാലി | - | 3040 |
| 3. | അറയാഞ്ഞിലിമണ്ണ് | - | 690 |
| 4. | എരുത്വാപ്പുഴ | - | 1170 |
| 5. | എലിവാലിക്കര | - | |

| | | | |
|---|---|---|---|
| 6. | കണമല | – | |
| 7. | കണ്ണിമല | – | 2350 |
| 8. | കൊല്ലമുള | – | 5000 |
| 9. | കുറുമ്പൻമൂഴി | – | 1980 |
| 10. | മണിപ്പുഴ | – | |
| 11. | മുക്കൂട്ടുതറ | – | 2100 |
| 12. | നിരവ് | – | 750 |
| 13. | പാണപിലാവ് | – | 1500 |
| 14. | പഴയകൊരട്ടി | – | 1210 |
| 15. | തുലാപ്പള്ളി | – | 2741 |
| 16. | ഉമിക്കുപ്പ | – | |
| 17. | വെച്ചൂച്ചിറ | – | 2530 |
| **ആകെ** | | – | **28461** |

**കട്ടപ്പന ഫൊറോന**

| | | | |
|---|---|---|---|
| 1. | കട്ടപ്പന | – | 13000 |
| 2. | ഗ്രേസ്മൗണ്ട് | – | |
| 3. | കൽത്തൊട്ടി | – | 3830 |
| 4. | കാഞ്ചിയാർ | – | 3220 |
| 5. | കിഴക്കേമാട്ടുക്കട്ട | – | 860 |
| 6. | കൊച്ചുതോവാള | – | 1000 |
| 7. | മേരികുളം | – | 9000 |
| 8. | മേപ്പാറ | – | 1300 |
| 9. | നരിയമ്പാറ | – | 1300 |
| 10. | സ്വരാജ് | – | 2100 |
| 11. | വലിയതോവാള | – | 5200 |
| 12. | വള്ളക്കടവ് | – | |
| | **ആകെ** | – | **40810** |

**കാഞ്ഞിരപ്പള്ളി ഫൊറോന**

| | | | |
|---|---|---|---|
| 1. | ആനക്കല്ല് | – | 6500 |
| 2. | അഞ്ചിലിപ്പ | – | 3350 |
| 3. | ചെറുവള്ളി | – | |
| 4. | കരിക്കാട്ടൂർ | – | 1170 |
| 5. | കപ്പാട് | – | 9000 |
| 6. | കാഞ്ഞിരപ്പള്ളി | – | 14000 |
| 7. | കൂവപ്പള്ളി | – | 6200 |
| 8. | കുന്നുംഭാഗം | – | 3000 |
| 9. | പുത്തൻകൊരട്ടി | – | 2980 |
| 10. | പഴയിടം | – | 2970 |
| 11. | താമരക്കുന്ന് | – | 600 |
| 12. | തമ്പലക്കാട് | – | |
| 13. | തരകനാട്ടുകുന്ന് | – | 3350 |
| 14. | ഇടക്കുന്നം | – | |
| 15. | ഇഞ്ചിയാനി | – | |
| 16. | കാരികുളം | – | 1700 |
| 17. | ജോൺപോൾ നഗർ | – | 1700 |
| 18. | പാലപ്ര | – | |
| 19. | പാലമ്പ്ര | – | |
| 20. | പൂമറ്റം | – | 720 |
| 21. | പൊടിമറ്റം | – | 5820 |
| 22. | വെളിച്ചിയാനി | – | 7300 |
| **ആകെ** | | – | **70360** |

**കുമളി ഫൊറോന**

| | | | |
|---|---|---|---|
| 1. | കുമളി | – | |
| 2. | അമരാവതി | – | 2350 |
| 3. | ആനവിലാസം | – | |
| 4. | കീരിക്കര | – | 1190 |
| 5. | മ്ലാമല | – | |
| 6. | നസ്രാണിപുരം | – | 1600 |
| 7. | പെരിയാർ വള്ളക്കടവ് | – | 1150 |
| 8. | ശാന്തിഗിരി | – | 1100 |
| 9. | വെള്ളാരംകുന്ന് | – | 5950 |
| 10. | വാളാർഡി | – | |
| **ആകെ** | | – | **13340** |

**മുണ്ടക്കയം ഫൊറോന**

| | | | |
|---|---|---|---|
| 1. | മുണ്ടക്കയം | – | 6500 |
| 2. | കോരുത്തോട് | – | 6820 |

3. മടുക്ക –
4. മാങ്ങാപ്പേട്ട –
5. മുക്കുളം –
6. മുളംകുന്ന് – 660
7. നിർമലഗിരി – 960
8. പാലൂർക്കാവ് – 1500
9. പുഞ്ചവയൽ – 4200
10. തെക്കേമല – 2500
11. വടക്കേമല –
12. വണ്ടൻപതാൽ – 2500
13. ഏന്തയാർ – 1100
14. അമലഗിരി – 1060
15. അഴങ്ങാട് –
16. ചെറുവള്ളിക്കുളം – 1230
17. ഏലപ്പാറ –
18. കണയങ്കവയൽ –
19. മേലോരം – 1150
20. മുറിഞ്ഞപുഴ – 970
21. നല്ലതണ്ണി –
22. പീരുമേട് –
23. പെരുവന്താനം – 1650
24. പുറക്കയം –

**ആകെ – 32800**

**പൊൻകുന്നം ഫൊറോന**

1. പൊൻകുന്നം – 11400
2. ആനിക്കാട് – 2000
3. ചാമംപതാൽ – 2000
4. ചെന്നാക്കുന്ന് – 1300
5. ചെങ്കൽ – 1000
6. ചെങ്ങളം – 6000
7. ഇളങ്ങുളം – 7650
8. ഇളങ്ങോയി – 2400
9. എലിക്കുളം – 4000
10. നെയ്യാട്ടുശ്ശേരി – 2300
11. പടനിലം – 600
12. തച്ചപ്പുഴ –
13. വഞ്ചിമല – 1500
14. പുല്ലാനിത്തകിടി – 800

**ആകെ – 42950**

**ഉപ്പുതറ ഫൊറോന**

1. ഉപ്പുതറ – 6430
2. ആലംപള്ളി – 970
3. ചെമ്മണ്ണ് – 1920
4. ചിന്നാർ – 1500
5. മരിയഗിരി –
6. പുളിങ്കട്ട – 1500
7. പുള്ളിക്കാനം – 750
8. രാജഗിരി – 2480
9. ഉളുപ്പൂണി –

**ആകെ – 15550**

**പത്തനംതിട്ട ഫൊറോന**

1. പത്തനംതിട്ട – 1150
2. ചിറ്റാർ(കൂത്താട്ടുകുളം) – 320
3. കോന്നി – 360
4. ചീങ്കൽത്തടം – 250
5. മീൻകുഴി – 500
6. പേഴുമ്പാറ – 1100
7. സീതത്തോട് – 760
8. വകയാർ – 160
9. കോഴഞ്ചേരി –

**ആകെ – 4600**

**റാന്നി ഫൊറോന**

1. റാന്നി – 700
2. ബഥനിമല – 200
3. ചെമ്പനോലി – 1200
4. ഇടമൺ – 1200

| | | |
|---|---|---|
| 5. കണ്ണമ്പള്ളി | - | 1000 |
| 6. പെരുന്തേനരുവി | - | 350 |
| 7. പെരുനാട് | - | 470 |
| 8. പ്ലാച്ചേരി | - | 500 |
| **ആകെ** | **-** | **5620** |

**മുണ്ടിയെരുമ ഫൊറോന**

| | | |
|---|---|---|
| 1. അന്യാർതൊളു | - | 400 |
| 2. ചേമ്പളം | - | 2100 |
| 3. ചോറ്റുപാറ | - | 360 |
| 4. മുണ്ടിയെരുമ | - | 2250 |
| 5. നിർമലാപുരം | - | 460 |
| 6. പാമ്പാടുംപാറ | - | 590 |
| 7. പുളിയൻമല | - | 2460 |
| 8. രാമക്കൽമേട് | - | 1460 |
| 9. സന്യാസിയോട | - | 560 |
| 10. തേർഡ്ക്യാമ്പ് | - | 1400 |
| **ആകെ** | **-** | **12040** |

**ഇടവകകളിൽ നിന്ന് ലഭിച്ച തുക - 284451**

**വ്യക്തികളിൽ നിന്ന് സംഭാവന കിട്ടിയ തുക - 5549**

**ആകെ ലഭിച്ചത് -290000**

**വിതരണം ചെയ്തത്**

| | | |
|---|---|---|
| അണക്കര | - | 29000 |
| ചിന്നാർ | - | 29000 |
| ഗ്രീൻവാലി | - | 29000 |
| കോഴഞ്ചേരി | - | 29000 |
| മേപ്പാറ | - | 29000 |
| പൂമറ്റം | - | 29000 |
| പുള്ളിക്കാനം | - | 29000 |
| സീതത്തോട് | - | 29000 |
| കണമല | - | 29000 |
| വെള്ളാരംകുന്ന് | - | 29000 |
| **ആകെ** | | **290000** |

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

- ദനഹാക്കാല ധ്യാനത്തിൽ മൂന്നു വൈദികരും 2 ഡീക്കന്മാരും ഒരു വൈദികവിദ്യാർത്ഥിയുമുൾപ്പെടെ 18 പേർ പങ്കെടുത്തു.

**ആരാധനക്രമാധിഷ്ഠിത ധ്യാനം**

നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നോമ്പുകാലത്തെ ആരാധനക്രമാധിഷ്ഠിത ധ്യാനം 2020 ഫെബ്രുവരി 23 -ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ 28-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണി വരെ നടത്തപ്പെടുന്നതാണ്.

സഭയെയും സഭയുടെ യാമപ്രാർത്ഥനകളെയും കൂദാശകളെയും കൂടുതൽ മനസ്സിലാക്കി സഭാത്മകമായ ആത്മീയജീവിതം നയിക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഈ ധ്യാനം കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികരുടെ നേതൃത്വത്തിലാണ് നയിക്കപ്പെടുന്നത്. 20 പേർക്കായി നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ താഴെ കാണുന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക.

ഫാ. ജയിംസ് ചവറപ്പുഴ 9447312444
ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ 9447367925

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ജനുവരി**

04 ക്രിസ്തുമസ് അവധിക്കുശേഷം വൈദികാർത്ഥികൾ സെമിനാരിയിൽ തിരിച്ചെത്തി.

06 ദനഹാ തിരുനാൾ ആഘോഷിച്ചു

11 പൊടിമറ്റം സെന്റ് മേരീസ് ഇടവക തിരുനാളിൽ ബ്രദേഴ്സ് പങ്കെടുത്തു.

16 ഹോളണ്ടിലെ റൂർമോണ്ട് രൂപതയുടെ മെത്രാനായ അഭിവന്ദ്യ Hendrikus Gerardus Smeets ഉം Rolduc Seminary റെക്ടർ Msyr Jan Vries ഉം സെമിനാരി സന്ദർശിക്കുകയും വൈദികാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

19 Parent's day നടത്തപ്പെട്ടു. സെമിനാരിയിലുള്ള നാല്പത്തിരണ്ട് സഹോദരന്മാരുടെയും മാതാപിതാക്കൾ, Parent's dayയിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് മാതാപിതാക്കളുടെ സംഗമത്തിന് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

25 വൈദികാർത്ഥികളുടെ മാസധ്യാനം നടത്തപ്പെട്ടു. MCBS നോവിഷ്യേറ്റ് ഹൗസ് സുപ്പീരിയർ ബഹു. ജോസഫ് പാറേമാക്കലച്ചൻ ധ്യാനത്തിന് നേതൃത്വം നൽകി.

26 റിപ്പബ്ലിക്ക് ദിനം ആഘോഷിച്ചു.

27 ഈ വർഷത്തെ വൈദികാർത്ഥികളുടെ ഒരു ദിവസത്തെ outing നടത്തപ്പെട്ടു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സേവനസമിതി**

പ്രതിമാസ സേവനസമിതി ഡിസംബർ 23-ന് ചേർന്ന് ZAC List തയ്യാറാക്കി ബന്ധപ്പെട്ടവരെ അറിയിക്കാനുള്ള കാര്യങ്ങൾ തീരുമാനിച്ചു. ജനുവരി 7-ന് സോണൽ കോർ റ്റീം ചേർന്ന് ജനുവരി 9-ന് നടക്കേണ്ട പുനഃസംഘടനയ്ക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

**സോണൽ സേവനസമിതി പുനഃസംഘടന**

ജനുവരി 9-ാം തീയതി രാവിലെ 9.30-ന് ജപമാലയോടുകൂടി ആരംഭിച്ചു. തുടർന്ന് ആനിമേറ്റർ റവ. ഫാ. മാത്യു ഓലിക്കൽ ഈ ദിവസത്തിന്റെ പ്രാധാന്യവും ഗൗരവവും ഗ്രൂപ്പിനെ മനസ്സിലാക്കി. എല്ലാവരെയും പ്രാർത്ഥിച്ചൊരുക്കി. ശ്രീ. സന്തോഷ് തലച്ചിറ (K.S.T.), ശ്രീ. ജോർജ് കുമ്പിളുമൂട്ടിൽ, മുൻ എമ്മാവൂസ് സെക്രട്ടറി എന്നിവർ എല്ലാ പരിപാടികൾക്കും നേതൃത്വം നൽകി. ശ്രീ. ജോർജ് കുമ്പിളുമൂട്ടിൽ ക്രിസ്തീയ നേതൃത്വത്തെക്കുറിച്ച് ക്ലാസ് എടുക്കുകയും ശ്രീ. സന്തോഷ് തലച്ചിറ പുനഃസംഘടനാ വോട്ടിംഗിന്റെ വിവിധ ഘട്ടങ്ങളേക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. വോട്ടിംഗിന്റെ അവസാനഘട്ടത്തിൽ K.S.T. ചെയർമാൻ ഫാ. ജോസഫ് താമരവെളി, എമ്മാവൂസ് സെക്രട്ടറി ശ്രീ. ബിജു ആന്റണി എന്നിവരും എത്തിച്ചേർന്നു. ഇവരുടെ നേതൃത്വത്തിൽ പുനഃസംഘടനാ പ്രക്രിയ വളരെ ഭംഗിയായി നടന്നു. 70 പേരിൽ നിന്ന് സേവനസമിതിയിലേക്ക് 9 പേരെ തെരഞ്ഞെടുത്തു. ബഹു. ഓലിക്കലച്ചൻ വി. കുർബാനയ്ക്കുശേഷം പുതിയ സേവനസമിതിയംഗങ്ങളെ പ്രഖ്യാപിച്ചു. അവരിൽ നിന്ന് കോ-ഓർഡിനേറ്ററെ തെരഞ്ഞെടുക്കുന്നതിനായി 3 പേരടങ്ങിയ ലിസ്റ്റ് തയ്യാറാക്കി K.S.T. ചെയർമാനെ ഏല്പിച്ചു.

## തിരുവചനക്കളരി

29-12-2019 സെന്റ് ജോസഫ്സ് ചർച്ച് പാണപിലാവ്, 11-01-2020 സെന്റ് മേരീസ് ലാറ്റിൻ ചർച്ച് മുണ്ടക്കയം, 15-01-2020 സെന്റ് മരിയ ഗൊരേത്തി ചർച്ച് കൊല്ലമുള എന്നീ സ്ഥലങ്ങളിൽ തിരുവചന ക്കളരി നടത്തി. ശ്രീമതി ലൂസി കാരയ്ക്കാട്ട്, സി. സെലിൻ എസ്.എ ച്ച്., ജിബി രാജു, ശ്രീമതി ത്രേസ്യാമ്മ ആലപ്പാട്ട്, സി. റ്റെസ് ജോസ് എസ്.എച്ച്. എന്നിവർ നേതൃത്വം നൽകി.

## സബ്സോൺ മിനിസ്ട്രി ഫോർമേഷൻ

03-01-2020-ന് കാഞ്ഞിരപ്പള്ളി സബ്സോൺ മിനിസ്ട്രി ഫോർമേഷൻ ശ്രീ. റ്റോമി കാവുങ്കലിന്റെ നേതൃത്വത്തിൽ സെന്റ് തോമസ് ഹാളിൽ നടന്നു. K.S.T. വൈസ് ചെയർമാൻ ശ്രീ. സെബാ സ്റ്റ്യൻ താന്നിക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

15-01-2020-ന് റാന്നി സബ്സോൺ മിനിസ്ട്രി ഫോർമേഷൻ റാന്നി ഫൊറോനാ പള്ളിയിൽ വച്ച് നടന്നു. സോണൽ കോ-ഓഡി നേറ്റർ ശ്രീ. കെ.സി. എബ്രാഹം കുമ്പുക്കൽ, ശ്രീമതി ലൂസി കാര യ്ക്കാട്ട് (ക്രിസ്റ്റീൻ മിനിസ്ട്രി സെൻട്രൽ റ്റീം) എന്നിവർ നേതൃത്വം നൽകി.

## പ്രേഷിത വർഷാചരണം

ജനുവരി 17, 18 തീയതികളിൽ പി.ഒ.സി.യിൽ വച്ചു നടന്ന മിസി യോദേയി 2020 പ്രവർത്തനരേഖ പ്രകാശന പരിപാടിയിലും പഠനശി ബിരത്തിലും സോണിൽ നിന്നും സി. സിസ്സി എസ്.എ.ബി.എസ്., ശ്രീ. കെ.യു. ജോസഫ് കാരയ്ക്കാട്ട്, ശ്രീമതി ലൂസി കാരയ്ക്കാട്ട്, ശ്രീ. ഫിലിപ്പ് ജോസഫ് ഉള്ളായത്തിൽ എന്നിവർ പങ്കെടുത്തു.

## വചനപ്രഘോഷകരുടെ പഠനക്ലാസ്

രൂപതയിലെ വചനപ്രഘോഷകർക്കായുള്ള തുടർപഠനത്തിന്റെ പ്രതിമാസ ക്ലാസ് ജനുവരി 18 ശനിയാഴ്ച പാസ്റ്ററൽ സെന്റർ പുതിയ ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. റവ. ഫാ. സ്കറിയാ കന്യാ കോണിൽ (വടവാതൂർ സെമിനാരി) ദാമ്പത്യം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ എടുത്തു. →

# ആവേ മരിയ റിട്രീറ്റ് സെന്റർ

**ആവേ മരിയ ഏകദിന കൺവൻഷൻ**

ജനുവരി മാസത്തെ ഏകദിനകൺവൻഷനുകൾ 3, 10, 17, 24, 31 തീയതികളിൽ നത്തപ്പെട്ടു. ശുശ്രൂഷകൾക്ക് യഥാക്രമം റവ. ഫാ. മാത്യു ഓലിക്കൽ, റവ. ഫാ. ജോസ് വലിയകുന്നത്ത്, ബ്രദർ ഷൈജു വാണികുളം, ബ്രദർ ജോയിച്ചൻ പൂവത്തിങ്കൽ എന്നിവർ നേതൃത്വം നൽകി. ശുശ്രൂഷകൾക്ക് റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ,

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

**ഒറീസ്സാ മിഷൻ**

കത്തോലിക്കാ സഭയിലെ എല്ലാ റീത്തിലും പെട്ടവർക്ക് ശുശ്രൂഷ ചെയ്യാനും, ശുശ്രൂഷയിൽ പങ്കെടുക്കാനും വേണ്ടി ഒറീസ്സായിൽ നിർമ്മിക്കാനിരിക്കുന്ന നിത്യാരാധനചാപ്പലിന്റെയും ഫോർമേഷൻ സെന്ററിന്റെയും പ്രാഥമിക പഠന റിപ്പോർട്ട് ജനുവരി 14-ാം തീയതി KC.C.R.S.T. ചെയർമാനും K.C.B.C. കരിസ്മാറ്റിക്ക് സെക്രട്ടറിയുമായ റവ. ഫാ. ജോസഫ് താമരവെളിക്ക് തുടർനടപടിക്കായി സമർപ്പിച്ചു.

കുട്ടികളിൽ പ്രേഷിത അവബോധം വളർത്തുന്നതിനായി ഏപ്രിൽ മാസത്തിൽ ഏതാനും മതാദ്ധ്യാപകരും കുട്ടികളും കൂടി ഒറീസ്സ മിഷനിൽ സന്ദർശനം നടത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

റവ. ഫാ. സിറിൽ മുതുകുന്നേൽ, റവ. ഫാ. സെബാസ്റ്റ്യൻ ചിറയ്ക്കലകത്ത്, റവ. ഫാ. ജോസ് കാരിമറ്റം എന്നിവർ സഹായിച്ചു.

**മരിയൻ ധ്യാനം**

ആവേ മരിയ ഭവനത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ആദ്യവെള്ളിയാഴ്ച മുതൽ ഞായറാഴ്ച വരെ നടത്താറുള്ള മരിയൻ ധ്യാനം ജനുവരി 3, 4, 5 തീയതികളിൽ തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടത്തി. ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ നേതൃത്വം നൽകി. റവ. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ബ്രദർ ഷൈജു വാണികുളം, ബ്രദർ ജോയി പൂവത്തിങ്കൽ, ബ്രദർ ബോണി താഴത്തേടത്ത്, ബ്രദർ സജി താന്നിക്കത്തൊട്ടിയിൽ, സിസ്റ്റർ മരിയ സി.എം.സി. എന്നിവർ സഹായിച്ചു. അടുത്ത മാസത്തെ ധ്യാനം 2020 ഫെബ്രുവരി 7, 8, 9 തീയതികളിൽ നടക്കും.

**സ്പിരിച്വൽ ഷെയറിംഗ്**

എല്ലാ ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 2.30 p.m. വരെ ആവേ മരിയായിൽ സ്പിരിച്വൽ ഷെയറിംഗ് നടത്തുന്നു. അനേകമാളുകൾ സ്പിരിച്വൽ ഷെയറിംഗിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുന്നു.

**ആവേമരിയായുടെ നേതൃത്വത്തിൽ നടന്ന കൺവൻഷനുകൾ**

കുഴിത്തൊളു സെന്റ് സെബാസ്റ്റ്യൻസ് ഇടവക, പാലാ താബോർ ധ്യാനകേന്ദ്രം എന്നിവിടങ്ങളിൽ ആവേമരിയായുടെ നേതൃത്വത്തിൽ കൺവൻഷനുകൾ നടത്തപ്പെട്ടു.

**പ്രേഷിത കൂട്ടായ്മ**

ആവേ മരിയായിലെ പ്രേഷിതരുടെ കൂട്ടായ്മ ജനുവരി 29-ാം തീയതി നടത്തപ്പെട്ടു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**1. കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവൻഷൻ**

2020 ജനുവരി 4-ന് കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവൻഷൻ നടന്നു. 2020 ജനുവരി 3 വെള്ളിയാഴ്ച രാത്രി 7.30 മുതൽ ആദ്യശനിയാഴ്ച രാവിലെ 9 മണിവരെ ദിവ്യകാരുണ്യ ആരാധനയും തുടർന്ന് വചനപ്രഘോഷണവും ദിവ്യകാരുണ്യപ്രദക്ഷിണവും ആഘോഷപൂർവകമായ വിശുദ്ധ ബലിയും ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ., റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, ബ്രദർ. ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

**2. കൃപാനുഭവധ്യാനം**

2019 ഡിസംബർ 19 മുതൽ 2020 ജനുവരി 2 വരെയും 2020 ജനുവരി 19 മുതൽ ജനുവരി 24 വരെയും ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ കൃപാനുഭവധ്യാനങ്ങൾ നടത്തപ്പെട്ടു. 26 വൈദികരും 126 സിസ്റ്റേഴ്സും 1078 അത്മായരും ധ്യാനത്തിൽ പങ്കെടുത്തു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ., റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. ലൂക്കാ ചാവറ സി.എം.ഐ., റവ. ഫാ. ജോസഫ് പാറേക്കാട്ട്, ബ്രദർ ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

**3. ഏകദിന ബൈബിൾ കൺവൻഷൻ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ 2019 ഡിസംബർ 28, 2020 ജനുവരി 11, 18, 25 എന്നീ തീയതികളിൽ ഏകദിന ഉപവാസപ്രാർത്ഥനയും വചനപ്രഘോഷണവും നടന്നു. രാവിലെ 9 മണിക്കു ജപമാല, തുടർന്നു വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, വിശുദ്ധ കുർബാന, പരിശുദ്ധ

റോസാമിസ്റ്റിക്കാ മാതാവിനോടുള്ള പ്രാർത്ഥന, വി. സ്ലീവായോടുള്ള പ്രാർത്ഥന എന്നിവ നടത്തപ്പെട്ടു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ., റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. ലൂക്കാ ചാവറ സി.എം.ഐ., റവ. ഫാ. ജോസഫ് പാറേക്കാട്ട്, ബ്രദർ ജയ്സൺ, ബ്രദർ ജോസ് ബ്രദർ. ജോസി തുടങ്ങിയവർ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

**4. ബൈബിൾ കൺവൻഷൻ**

2019 ഡിസംബർ 27 മുതൽ 29 വരെ വാസ്കോ ഡി ഗാമാ ഗോവയിലും 2020 ജനുവരി 8 മുതൽ ജനുവരി 12 വരെ അനന്തപുരി പുത്തരിക്കണ്ടം മൈതാനം, തിരുവനന്തപുരത്തും 2020 ജനുവരി 15 മുതൽ ജനുവരി 19 വരെ അങ്കമാലിയിലും കൺവൻഷനുകൾ നടന്നു.

**5. മരിയൻ മധ്യസ്ഥ പ്രാർത്ഥന**

2020 ജനുവരി 10, 17, 24 എന്നീ തീയതികളിൽ മരിയൻ പ്രേഷിതരുടെ ഏകദിന ഉപവാസ പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും ജപമാലയും സ്ലീവാപ്പാതയും മറ്റു പരിഹാരപ്രാർത്ഥനകളും നടത്തി. മധ്യസ്ഥപ്രാർത്ഥന പരിശുദ്ധ കുർബാനയോടെ സമാപിച്ചു.

**6. സ്പിരിച്ചൽ ഷെയറിംഗ്**

കൃപാനുഭവ ധ്യാനദിനങ്ങളും ഞായറാഴ്ചകളും ഒഴികെയുള്ള ദിവസങ്ങളിൽ സ്പിരിച്ചൽ ഷെയറിംഗ് ശുശ്രൂഷ നടന്നു. വൈദികരും സന്യസ്തരും അത്മായരും ശുശ്രൂഷകളിൽ സഹായിച്ചു. 1258 ആളുകൾ സ്പിരിച്ചൽ ഷെയറിംഗ് നടത്തി ദൈവാനുഗ്രഹം പ്രാപിച്ചു.

ഞായറാഴ്ചകളിലും കൃപാനുഭവധ്യാനവും ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും സ്പിരിച്ചൽ ഷെയറിംഗിനുള്ള സൗകര്യമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**വരും മാസങ്ങളിലെ കൃപാനുഭവധ്യാനങ്ങൾ**

**2020 ഫെബ്രുവരി**

2020 ഫെബ്രുവരി 02 - 07


2020 ഫെബ്രുവരി 23 - 28 (ബുക്കിംഗ് - ജനുവരി 31)

വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 04868 253300, 96561 41917

**ഫാ. ഡോമിനിക്ക് വാളന്മനാൽ**

**ഡയറക്ടർ**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- വി. ചാവറപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ജനുവരി 2-ാം തീയതി മാന്നാനത്തു വച്ചു നടന്ന സമർപ്പിത സംഗമത്തിൽ 50 സിസ്റ്റേഴ്സ് പങ്കെടുത്തു.

- ജനുവരി 3-ാം തീയതി വി. ചാവറപിതാവിന്റെ 150-ാം ചരമശതോത്തര സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പ്രൊവിൻഷ്യൽ ടീമും 30 സിസ്റ്റേഴ്സും പങ്കെടുത്തു.

- വി. ചാവറപിതാവിന്റെ 150-ാം ചരമശതോത്തര സുവർണ്ണജൂബിലിയുടെ ഔദ്യോഗിക ഉദ്ഘാടനത്തിന്റെ ഭാഗമായി സി.എം.ഐ. പ്രൊവിൻഷ്യൽ കൗൺസിലർ റവ. ഫാ. ബോബി വടയാറ്റുകുന്നേൽ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്നു നടന്ന പൊതുസമ്മേളനം ബഹു. പ്രൊവിൻഷ്യലമ്മ ഉദ്ഘാടനം ചെയ്തു. 'വി. ചാവറപിതാവ് നവോത്ഥാന നായകൻ' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. സി. റെജീസ് റോസ് പേപ്പർ അവതരിപ്പിച്ചു. പരിശീലനത്തിലായിരിക്കുന്ന കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു. എല്ലാ മഠങ്ങളിൽ നിന്നും ലോക്കൽ സുപ്പീരിയേഴ്സ് പങ്കെടുക്കുകയും ഒരു വർഷം നീണ്ടു നിൽക്കുന്ന ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എല്ലാ ഭവനങ്ങളിലും സ്ഥാപിക്കുവാനുള്ള ചാവറപിതാവിന്റെ ഫോട്ടോ അടങ്ങുന്ന പതാകകൾ വിതരണം ചെയ്യുകയും ചെയ്തു.

- വിവിധ സന്യാസ സമൂഹങ്ങളിൽ നവാഭിഷിക്തരായ വൈദികർ പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു.

- പ്രേഷിതവാരാചരണം പ്രോവിൻസിൽ സമുചിതമായി നടത്തി. നാട്ടിലെത്തിയ മിഷനറിമാരെ ആദരിക്കുകയും മിഷൻ അനുഭ വങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.
- പ്രൊവിൻഷ്യൽ സുപ്പീരിയർ പീരുമേട് സെന്റ് തോമസ് മഠത്തിൽ കാനോനിക സന്ദർശനം നടത്തി.
- ഓട്ടോ ഡ്രൈവേഴ്സ് 'സാരഥി' അംഗങ്ങളുടെ മീറ്റിംഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- MCBS നോവിസ് മാസ്റ്റർ ബഹു. ജോസ് കാരത്തുരുത്തേൽ അച്ചന്റെ സഹോദരന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ 2 സിസ്റ്റേഴ്സ് പങ്കെടുത്തു.
- സെന്റ് മേരീസ് പൊടിമറ്റം, കത്തീഡ്രൽ കാഞ്ഞിരപ്പള്ളി എന്നീ പള്ളികളിലെ തിരുനാളിനോടനുബന്ധിച്ചുള്ള കലാസന്ധ്യക ളിൽ, Aspirants & Candidates ഉം ചേർന്ന് വി. ചാവറപിതാവിനെ ക്കുറിച്ചുള്ള തെരുവുനാടകം അവതരിപ്പിച്ച് സദസ്സിനെ പ്രബു ദ്ധരാക്കി.
- കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷനായി നിയോഗിക്കപ്പെട്ട അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് രൂപതയിൽ നല്കിയ സ്വീക രണത്തിൽ ബഹു. പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും പങ്കെ ടുത്തു.
- സീറോ മലബാർ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണി യപ്പുരയ്ക്കൽ, സി.എം.സി. സുപ്പീരിയർ ജനറൽ എന്നിവർക്ക് നാമഹേതുകതിരുനാൾ പ്രാർത്ഥനാശംസകൾ അറിയിച്ചു.
- കെ.സി.എസ്.എൽ. രൂപതാതല അദ്ധ്യാപക ക്വിസിൽ പങ്കെ ടുത്ത് 3-ാം സ്ഥാനത്തിനർഹയായ സി. ആൻ മരിയ സി.എം. സി.ക്ക് അഭിനന്ദനങ്ങൾ.
- അഖില കേരള ചാവറ പ്രസംഗമത്സരം കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ചു നടത്തപ്പെട്ടു.
- 2019-2020 അധ്യയന വർഷത്തിലെ ഭൗമ സംരക്ഷണ പ്രവർത്ത നങ്ങളിൽ 92% സ്കോർ നേടി, THE BEST MOTHER EARTH

FRIENDLY PAT PCM Award ബഹു. കേരള ഗവർണ്ണറിൽ നിന്നും സ്വീകരിക്കുന്ന സെന്റ് മേരീസ് ജി.എച്ച്.എസ്. കാഞ്ഞിരപ്പ ള്ളിക്കും അതിന്റെ സാരഥി സി. ഡെയ്സ് മരിയായ്ക്കും അഭിന ന്ദനങ്ങൾ.

- സി.എം.സി. അമല പ്രോവിൻസ് അംഗം സി. ജീനാ തെരേസ് സി.എം.സി. (അധ്യാപിക, വിമല കോളേജ്, തൃശൂർ) 26.11.2019-ൽ ഡൽഹിയിൽ വച്ചു നടന്ന കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റാർ കോളേജ് പ്രോജക്ട് അവതരണത്തിൽ 1 കോടി രൂപയുടെ അവാർഡിനർഹയായി. സി. ജീനയ്ക്ക് അഭിനന്ദനങ്ങൾ.
- റോട്ടറി ക്ലബ് തിരുവനന്തപുരം റോയൽ ഏർപ്പെടുത്തിയ Best Principal Award -ന് അർഹയായ സെന്റ് മേരീസ് ജി.എച്ച്.എസ്.എ സ്. പ്രിൻസിപ്പൽ സി. ജോസ്മി സി.എം.സി.ക്ക് അഭിനന്ദനങ്ങൾ
- സി. സലോമി സി.എം.സി. സീതത്തോട് ഇടവകയിൽ മാതാ ക്കൾക്ക് ക്ലാസ്സെടുത്തു.
- ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് സ്കൂളിൽ നിന്നും വിരമിക്കുന്ന സി. ആനി ജാൻസി, സി. റോസ് തെരേസ് എന്നിവരുടെ യാത്ര യയപ്പു സമ്മേളനത്തിൽ മദർ പ്രൊവിൻഷ്യൽ സി. എലിസ ബത്ത് സാലിയും സെന്റ് മേരീസ് ജി.എച്ച്.എസ്.എസിൽ എഡ്യൂ ക്കേഷണൽ കൗൺസിലർ സി. ജോവാനും, ഇൻഫന്റ് ജീസസ് പബ്ലിക്ക് സ്കൂളിൽ വികർ പ്രൊവിൻഷ്യൽ സി. ലിസ്യുവും വാർഷികാഘോഷങ്ങളിൽ ആധ്യക്ഷം വഹിച്ചു സംസാരിച്ചു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- പുതിയതായി നിർമ്മിച്ച അണക്കര സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിന്റെ ആശീർവാദകർമ്മത്തിൽ പ്രൊവിൻഷ്യൽ സി. അമലയും സിസ്റ്റേഴ്സും പങ്കെടുത്തു.
- മതബോധനരംഗത്തും അധ്യാപനവൃത്തിയിലും ഏർപ്പെട്ടിരി ക്കുന്ന സിസ്റ്റേഴ്സിനെ ഒരുമിച്ചുചേർത്ത് ഒരു ദിവസത്തെ

പ്രോഗ്രാം നടത്തി. ശ്രീ. ജോയി പ്ലാത്തറവയലിൽ (എം.ജി. യൂണി വേഴ്സിറ്റി, അസിസ്റ്റന്റ് സെഷൻ ഓഫീസർ) ഒരുമണി വരെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് യുവതലമുറ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളെയും കുറിച്ച് സി. മേരി അഗസ്റ്റിൻ സംസാരിച്ചു.

- രാമക്കൽമേട്, കൊച്ചറ, കട്ടപ്പന, അണക്കര എന്നീ ഭവനങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ഔദ്യോഗിക സന്ദർശനം നടത്തി.
- ആലുവ ജനറലേറ്റിൽ നോവീസ് മിസ്ട്രസുമാർക്കും, പോസ്റ്റു ലൻസ് മിസ്ട്രസുമാർക്കുമായി നടത്തിയ ഒരാഴ്ചത്തെ കോഴ്സിൽ സി. ജൂലി, സി. ജോസീന എന്നിവർ പങ്കെടുത്തു.
- നിയുക്ത രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവിന് കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ കൊടുത്ത സ്വീകരണ ചടങ്ങിൽ സി. റ്റെസ് മരിയയും സിസ്റ്റേഴ്സും പങ്കെടുത്തു.
- തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ദീപു കാരക്കാട്ട് പ്രൊവിൻഷ്യൽ ഹൗസിൽ എത്തി B.Th കോഴ്സ്, 2-ാം സെമസ്റ്ററിന്റെ കോൺറ്റാക്റ്റ് ക്ലാസിന് നേതൃത്വം നൽകി.
- പൊടിമറ്റം, അസ്സീസ്സി തുടർപരിശീലന കേന്ദ്രത്തിൽ ആദ്യ കുർബാന, മാമ്മോദീസ തുടങ്ങിയ വിശേഷ അവസരങ്ങൾക്ക് ആവശ്യമായ മുടി, ചെണ്ട്, നെറ്റ് തുടങ്ങിയവയുടെ നിർമ്മാണം ആവശ്യക്കാർക്ക് ലഭ്യമാക്കത്തക്കവിധം കൂടുതൽ കാര്യക്ഷമ മാക്കി. അതോടൊപ്പം തന്നെ പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾക്ക് പകര മായി തുണി സഞ്ചി, പേപ്പർ ബാഗ് ഇവയുടെ നിർമ്മാണത്തിനും തുടക്കം കുറിച്ചു.
- മുണ്ടക്കയം ഡി പോൾ സ്കൂളിലും, മുക്കുളം സെന്റ് ജോർജ് സ്കൂളിലും 'പഠനം എങ്ങനെ എളുപ്പമാക്കാം, പരീക്ഷയെ എങ്ങനെ ലളിതമാക്കാം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. റ്റെസി മരിയ കുട്ടികൾക്ക് ക്ലാസുകൾ നൽകി. ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിലെ അനദ്ധ്യാപകർക്ക്

"സർവ്വീസും സാമൂഹ്യപ്രതിബദ്ധതയും" എന്ന ആശയം വിശദീകരിച്ചുകൊണ്ട് ക്ലാസുകൾ നടത്തി.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- ഇടക്കുന്നം മേരിമാതാ പബ്ലിക്ക് സ്കൂൾ , സെന്റ് ജോസഫ്സ് പബ്ലിക് സ്കൂൾ എന്നിവിടങ്ങളിലെ വാർഷിക സമ്മേളനത്തിൽ ബഹു. പ്രൊവിൻഷ്യലമ്മ മുഖ്യപ്രഭാഷണം നടത്തി.
- തൊടുപുഴയിൽ വച്ച് നടത്തപ്പെട്ട Healing Ministry Meeting -ൽ വികർ പ്രൊവിൻഷ്യൽ സി. ആൻസി ചെറുശ്ശേരിയും, സി. റോസ് മേരിയും, സംബന്ധിച്ചു.
- ക്രിസ്തുമസ്സ് ദിനത്തിൽ കുന്നുംഭാഗം ഗവൺമെന്റ് ഹോസ്പിറ്റൽ സന്ദർശിച്ച് രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും ബഹു. കൗൺസിലർ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രഭാത ഭക്ഷണം നൽകി.
- എലിക്കുളം ഇടവകയിൽ ഒരു പാവപ്പെട്ട കുടുംബത്തിനായി വീടും സ്ഥലവും വാങ്ങി നൽകി. ബഹു. വികാരിയച്ചൻ ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തി. ബഹു. പ്രൊവിൻഷ്യലമ്മ താക്കോൽ ദാനം നടത്തി.
- ഡിസംബർ 27ന് യോഹന്നാൻ ശ്ലീഹായുടെ തിരുന്നാളിനോടനുബന്ധിച്ച് പ്രോവിൻസ് ഡേ ആഘോഷിച്ചു. വിവിധ സോണുകളിൽ നിന്നുള്ള കലാപരിപാടികളും യോഹന്നാന്റെ ലേഖനത്തിൽ നിന്നുള്ള ബൈബിൾ ക്വിസ് മത്സരവും നടത്തി. വിജയികൾക്ക് ബഹു.പ്രൊവിൻഷ്യാളമ്മ മദർ അമല കിടങ്ങത്താഴെ സമ്മാനങ്ങൾ നൽകി.
- ഓട്ടോ ഡ്രൈവേഴ്സ് സംഘടനയായ സാരഥിയുടെ മീറ്റിംഗുകൾ പൊൻകുന്നത്തും, കോരൂത്തോട്ടും നടത്തപ്പെട്ടു. രണ്ടു സമ്മേളനങ്ങളിലും ബഹു പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും സംബന്ധിച്ചു.
- ജനുവരി 2 മുതൽ 7 വരെ ബഹു. ജനറാളമ്മ കാനോനിക വിസിറ്റ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. തദവസരത്തിൽ

പൊൻകുന്നം, കപ്പാട് മഠങ്ങളിലുള്ള പ്രായമായ അമ്മമാരെ സന്ദർശിച്ച് സൗഹൃദസംഭാഷണം ചെയ്തു.

- കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ഗോരഖ്പൂർ ബിഷപ് മാർ തോമസ് തുരുത്തിമറ്റം എന്നിവർ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് സിസ്റ്റേഴ്സിനെ കാണുകയും പൈതൃകാശീർവ്വാദം നൽകുകയും ചെയ്തു.
- 2015-2019 വർഷങ്ങളിൽ കാഞ്ഞിരപ്പള്ളി പ്രോവിൻസിൽ നിന്നും മരണമടഞ്ഞ സിസ്റ്റേഴ്സിനുവേണ്ടി പ്രത്യേകം ദിവ്യബലി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പട്ടു. തദവസരത്തിൽ റവ. ഫാ. റോബിൻ കാവുങ്കൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. എല്ലാ സിസ്റ്റേഴ്സിന്റെയും കുടുംബാംഗങ്ങളും ഇതിൽ സംബന്ധിച്ചു.
- കാലികപ്രാധാന്യമുള്ള വിവിധ വിഷയങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിനും, ചിന്തിക്കുന്നതിനുമായി ബഹു.പ്രൊവിൻഷ്യാളമ്മ മദർ അമല കിടങ്ങത്താഴെയുടെ നേതൃത്വത്തിൽ പി.പി.സിയുടെ മീറ്റിഗ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ദനഹാ തിരുനാൾ സമുചിതമായി ആഘോഷിച്ചു.
- Rev. Fr. Sareesh OFM Cap. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സുപ്പീരിയേഴ്സിന് കട്ടപ്പന ജനറലേറ്റിൽവച്ച് ക്ലാസ്സ് എടുത്തു.
- ബഹു. സി. റോസിലി ജോൺ കട്ടപ്പന ജനറലേറ്റിൽവച്ച് Procurators-ന് ക്ലാസ്സ് എടുത്തു.
- ശാഖാഭവനങ്ങളിൽ പുതിയ സുപ്പീരിയേഴ്സ് ചാർജ്ജെടുത്തു.
- കാഞ്ഞിരപ്പള്ളി രൂപതയുടെ നിയുക്ത ബിഷപ്പായ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്വീകരണച്ചടങ്ങുകളിൽ, സിസ്റ്റേഴ്സ് പങ്കെടുത്ത് പ്രാർത്ഥനാമംഗളങ്ങൾ ആശംസിച്ചു.
- നിയുക്ത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസ് സന്ദർശിച്ച് അഭിനന്ദനങ്ങൾ അർപ്പിച്ചു.

- അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെ സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസ് സന്ദർശിച്ചു.
- കൂരിയ ബിഷപ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് ബ്രദർ ഫോർത്തുനാത്തൂസ് മെമ്മോറിയൽ ഓൾഡ് ഏയ്ജ് ഹോം, അടൂർ സന്ദർശിച്ചു.
- ബാഗ്ലൂർ ധർമ്മാരാം കോളേജിൽനിന്നും ബൈബിളിൽ MTh പഠനം പൂർത്തിയാക്കിയ സി. ഷൈനി അന്ന ജെയിംസിന്റെ Convocation-ൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- കണയങ്കവയൽ ഇടവകയിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി 2 ദിവസത്തെ ക്രിസ്തുമസ് ഒരുക്കധ്യാനം സി. എലിസബത്ത് മേരിയുടെ നേതൃത്വത്തിൽ എസ്.എച്ച്. സിസ്റ്റേഴ്സ് നടത്തി.
- ബഹുമാനപ്പെട്ട പ്രൊവിൻഷ്യലമ്മയും സഹോദരിമാരും കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ പോയി അഭിവന്ദ്യ പിതാക്കന്മാർക്കും ബഹുമാനപ്പെട്ട വൈദികർക്കും ക്രിസ്തുമസ് ആശംസകൾ നേർന്നു.
- പ്രൊവിൻഷ്യൽ ഹൗസിൽ ക്രിസ്തുമസ് സമുചിതമായി ആഘോഷിച്ചു.
- ഡിസംബർ 25-29 വരെ പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിനായി വചനധ്യാനം നടത്തപ്പെട്ടു. 75 സിസ്റ്റേഴ്സ് പങ്കെടുത്തു.
- തമ്പലക്കാട് മഠത്തിന്റെ പുതുക്കിപ്പണിത മഠത്തിന്റെയും ചാപ്പലിന്റെയും കൂദാശ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നിർവ്വഹിച്ചു.
- ജനുവരി 10 - 15 വരെ പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിനായി വചനധ്യാനം നടത്തപ്പെട്ടു. 62 സിസ്റ്റേഴ്സ് പങ്കെടുത്തു.
- സെന്റ് മേരീസ് ഹൈസ്കൂൾ ആനുവൽ ഡേയിലും യാത്രയയപ്പ് സമ്മേളനത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേരി ഫിലിപ്പ് എസ്.എച്ച്. പങ്കെടുത്ത് സന്ദേശം നൽകി.
- ഇളങ്ങുളം തിരുഹൃദയ ഭവൻ അന്തേവാസികൾക്കൊപ്പം ഇള

ങ്ങുളം സ്കൂളിലെ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ക്രിസ്തുമസ് ആഘോഷം നടത്തി.

- അച്ചാമ്മ മെമ്മോറിയൽ കാളകെട്ടി, സെന്റ് മേരീസ് തീക്കോയി എന്നിവിടങ്ങളിൽ നടന്ന NSS ക്യാമ്പിലെ കുട്ടികൾക്കു ഐസ് ബ്രേക്കിങ്ങും വ്യക്തിത്വവികസന പരിശീലനവും നടത്തി.
- മദ്യപാനം നിർത്തിയ ആളുകളുടെ രഹസ്യകൂട്ടായ്മയായ മോചനയിൽ ക്രിസ്തുമസ് ആഘോഷം നടത്തി.
- കുട്ടികൾക്കുവേണ്ടിയുള്ള സമ്പാദ്യ പദ്ധതിയായ സാഫല്യയിലെ കുട്ടികളുടെ സംഗമവും ക്രിസ്തുമസ് ആഘോഷവും കുട്ടിക്കാനത്തു വച്ച് നടത്തി.
- കാരിത്താസ് ഇന്ത്യയുടെ ആശാകിരണം എന്ന ക്യാൻസർ ബോധവത്കരണ യജ്ഞത്തിന്റെ ഭാഗമായി സോഷ്യൽ വർക്ക് കോ-ഓർഡിനേറ്റർ സിസ്റ്റേഴ്സിനു ഏകദിന പരിശീലന പരിപാടി നടത്തി.
- ഊർജ്ജവകുപ്പിന്റെ കീഴിൽ നടത്തുന്ന ഊർജ്ജകിരൺ പദ്ധതിയുടെ പരിശീലനപരിപാടിയിൽ ഒരാൾ പങ്കെടുത്തു. കട്ടപ്പന മുനിസിപ്പാലിറ്റി, പോലീസ് സ്റ്റേഷൻ, തിരുവല്ല സിവിൽ സ്റ്റേഷൻ, പീരുമേട് പഞ്ചായത്ത് ഓഫീസ്, അമലഗിരി എന്നിവിടങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർക്കും സ്ത്രീകൾക്കുമായി ഊർജ്ജസംരക്ഷണ ബോധവത്ക്കരണ പരിപാടികൾ നടത്തി.
- അമലഗിരി, പഴയിടം എന്നിവിടങ്ങളിലെ 4 SHG ഗ്രൂപ്പുകളിൽ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ നടത്തി.
- കേരള സർക്കാർ സംഘടിപ്പിച്ച വൈഗ കാർഷിക പ്രദർശനത്തിൽ പങ്കെടുത്തു.
- മദ്യവിമുക്തരുടെ രഹസ്യകൂട്ടായ്മയായ മോചനയുടെ മീറ്റിംഗുകൾ എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞു 3 മണിക്ക് പൊടിമറ്റത്തു നടന്നുവരുന്നു.

**സി. റ്റെസി മരിയ FCC**
**സെക്രട്ടറി**

**സി. ജോയി മരിയ S.H.**
**കോഡിനേറ്റർ**

# കെ.സി.എസ്.എൽ.

**കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം**

ജനുവരി 10, 11 തീയതികളിൽ കുറവിലങ്ങാട് ദേവമാതാ കോളേജിൽ വച്ച് നടന്ന കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവത്തിൽ നമ്മുടെ രൂപതയിൽ നിന്നും 32 കുട്ടികൾ പങ്കെടുത്ത് വിവിധ ഗ്രേഡുകൾ കരസ്ഥമാക്കി. ഹയർ സെക്കൻഡറി വിഭാഗം സ്റ്റഡി സർക്കിൾ മത്സരത്തിൽ മേരികുളം സെന്റ് മേരീസ് സ്കൂൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഹൈസ്ക്കൂൾ വിഭാഗം കഥാപ്രസംഗമത്സരത്തിൽ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് സ്കൂളിലെ അനു ജോസും ഹയർ സെക്കൻഡറി വിഭാഗം ഭക്തിഗാന മത്സരത്തിൽ കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് സ്കൂളിലെ നിഖിൽ ഫിലിപ്പ് സജിയും മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**കെ.സി.എസ്.എൽ. ടീച്ചേഴ്സ് ക്വിസ്**

ജനുവരി 18-ാം തീയതി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് ടീച്ചേഴ്സ് ക്വിസ് നടത്തപ്പെട്ടു. സി. സിൽവി എസ്.എച്ച്. ക്വിസ് നയിച്ചു. മ്ലാമല ഫാത്തിമ ഹൈസ്കൂളിൽ നിന്നുള്ള ടീം ഒന്നാം സ്ഥാനവും എലിക്കുളം സെന്റ് മാത്യൂസ് സ്കൂളിൽ നിന്നുള്ള ടീം രണ്ടാം സ്ഥാനവും ചെറുവള്ളിക്കുളം സെന്റ് ജോർജ് സ്കൂളിൽ നിന്നുള്ള ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**കെ.സി.എസ്.എൽ. സെമിനാർ**

- ജനുവരി 22-ാം തീയതി ഇളങ്ങുളം സെന്റ് മേരീസ് സ്കൂളിൽ വച്ച് കെ.സി.എസ്.എൽ. സെമിനാർ നടത്തപ്പെട്ടു. ഹൈസ്കൂൾ,



## നല്ലതണ്ണി മാർത്തോമാശ്ലീഹാ ആശ്രമത്തിലെ ആദ്ധ്യാത്മികശുശ്രൂഷകൾ

- 8 അല്മായരടങ്ങുന്ന ഒരു ധ്യാനഗ്രൂപ്പിന്റെ 3 ദിവസത്തെ ധ്യാനം
- ജീസസ് യൂത്തിൽ പ്രവർത്തിക്കുന്ന 8 എൻജിനീയർമാരുടെ 3 ദിവസത്തെ ധ്യാനം
- ഒരു ഡീക്കന്റെ 3 ദിവസത്തെ ധ്യാനം
- ഒരു സിസ്റ്ററിന്റെ ഒരാഴ്ചത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-288207

---

## കെ.സി.എസ്.എൽ.

യു.പി. എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച് നടന്ന സെമിനാറിൽ ഫാ. തോമസ് നരിപ്പാറയിൽ, ബ്രദർ ജോബിൻ പ്ലാപ്പള്ളി, ബ്രദർ ജിതിൻ ചാത്തനാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു.

- ജനുവരി 23-ാം തീയതി പൊൻകുന്നം എസ്.എച്ച്. സ്കൂളിൽ കെ.സി.എസ്.എൽ. സെമിനാർ നടത്തപ്പെട്ടു. ഫാ. തോമസ് നരിപ്പാറയിൽ, ബ്രദർ ജിതിൻ ചാത്തനാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**പ്രവർത്തക സംഗമം**

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ പ്രവർത്തകസംഗമം 15.12.2019-ൽ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സെലിൻ സിജോ മുണ്ടമറ്റം, രൂപതാ ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ചീഫ് കോ-ഓർഡിനേറ്റർ ജെയിംസ് പെരുമാക്കുന്നേൽ, മിനി സണ്ണി മണ്ണംപ്ലാക്കൽ, പി.സി. ജോസഫ് പാറടി, ആൻസമ്മ തോമസ്, ജോളി ആന്റണി, സിനി ജിബു, ജോജോ തെക്കുംചേരിക്കുന്നേൽ, പ്രൊഫ. റോണി കെ. ബേബി, ടെസി ബിജു പാഴിയാങ്കൽ, മനോജ് കല്ലുകളം, സോണി ജോർജ് കോഴിമല തുടങ്ങിയവർ പ്രസംഗിച്ചു.

പ്രവർത്തക സംഗമത്തിനു മുന്നോടിയായി വെളിച്ചിയാനി യൂണിറ്റിൽ നിന്നും ആരംഭിച്ച പതാക പ്രയാണത്തിന് പാസ്റ്ററൽ സെന്റർ അങ്കണത്തിൽ സ്വീകരണം നൽകി. തുടർന്ന് രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ പതാക ഉയർത്തി. തുടർന്ന് ആൻസമ്മ തോമസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കാർഷിക സെമിനാർ വികാരി ജനറാൾ പെരിയ ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചൻ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ജോജി ചിറയിൽ ക്ലാസ് നയിച്ചു.

## ഗ്ലോബൽ സമിതി യോഗം

പാലാരിവട്ടം പി.ഒ.സി.യിൽ 19.01.2020 ൽ നടന്ന കത്തോലിക്കാ കോൺഗ്രസ് പ്രവർത്തക സമിതി യോഗത്തിൽ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സെലിൻ സിജോ, ഗ്ലോബൽ സെക്രട്ടറി ഡെന്നി കൈപ്പനാനി എന്നിവർ പങ്കെടുത്തു.

## ക്രിസ്തുമസ് ആഘോഷം

കത്തോലിക്കാ കോൺഗ്രസ് കരിക്കാട്ടൂർ സെന്റ് ആന്റണീസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എക്യുമെനിക്കൽ ക്രിസ്തുമസ് കരോൾ ഗാനമത്സരവും ക്രിസ്തുമസ് ആഘോഷവും 22.12.2019-ന് കരിക്കാട്ടൂർ സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ നടത്തി. രൂപതാ പ്രൊക്യുറേറ്റർ റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി അനുഗ്രഹപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം ക്രിസ്തുമസ് സന്ദേശം നൽകി. യൂണിറ്റ് പ്രസിഡന്റ് റെജി മാത്യു വാളിപ്ലാക്കൽ, സെക്രട്ടറി അലക്സ് ജോസഫ് പ്ലാക്കാട്ട്, രൂപതാ പ്രതിനിധി സണ്ണിക്കുട്ടി അഴകമ്പ്രായിൽ തുടങ്ങിയവർ നേതൃത്വം നൽകി.

## കപ്പാട് യൂണിറ്റ്

കപ്പാട് മാർസ്ലീവാ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 23.12.2019 തിങ്കളാഴ്ച തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, ഫാ. സെബാസ്റ്റ്യൻ പെരുനിലം, ജോർജുകുട്ടി ആഗസ്തി, ജോമി കൊച്ചുപറമ്പിൽ എന്നിവർ സന്ദേശം നൽകി. തുടർന്ന് ആശ്രമത്തിലെ അന്തേവാസികൾ പങ്കെടുത്ത കരോൾ ഗാനസന്ധ്യയും സ്നേഹവിരുന്നും നടത്തി. യൂണിറ്റ് പ്രസിഡന്റ് ജോബി തെക്കുംചേരിക്കുന്നേൽ, സെക്രട്ടറി ജോൺസൺ പന്തപ്ലാക്കൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**പുൽക്കൂട് മത്സരം**

ക്രിസ്തുമസിനോടനുബന്ധിച്ച് കത്തോലിക്കാകോൺഗ്രസ് കത്തീഡ്രൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവക കൂട്ടായ്മ അടിസ്ഥാനത്തിൽ 3-ാമത് പുൽക്കൂട് മത്സരം ഡിസംബർ 21, 22 തീയതികളിൽ നടത്തി. ഒന്നാം സമ്മാനം രണ്ട് കൂട്ടായ്മകൾക്കു വീതവും രണ്ടും മൂന്നും സമ്മാനങ്ങൾ മൂന്നു കൂട്ടായ്മകൾക്കു വീതവും നൽകി. മത്സരവിജയികൾക്ക് രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

**വാർഷിക പ്രതിനിധി സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് വാർഷിക പ്രതിനിധി സമ്മേളനം ഇരിങ്ങാലക്കുട, കല്ലേറ്റുങ്കര പാസ്റ്ററൽ സെന്ററിൽ 21-12-2019-ൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം അദ്ധ്യക്ഷത വഹിച്ചു. കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ 'വിഷൻ 2020' പ്രഖ്യാപനം നടത്തി. ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ അനുഗ്രഹപ്രഭാഷണം നടത്തി. മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതയെ പ്രതിനിധീകരിച്ച് ജോമി കൊച്ചുപറമ്പിൽ, റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, മനോജ് കല്ലുകളം, ജോസ് മടുക്കക്കുഴി എന്നിവർ പങ്കെടുത്തു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**മേരികുളത്ത് ലാപ്പറോസ്കോപ്പിക് & ജനറൽ സർജറി ക്യാമ്പ് നടത്തപ്പെട്ടു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും മേരികുളം സെന്റ് ജോർജ് ഇടവക സ്വാന്തനം, SMYM യൂണിറ്റ് എന്നിവയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ ജനറൽ & ലാപ്പറോസ്കോപ്പിക് സർജറി ക്യാമ്പ് ജനുവരി 12 ഞായറാഴ്ച രാവിലെ 8.30 മുതൽ 12.30 വരെ മേരികുളം ഇടവകയിൽ നടത്തപ്പെട്ടു. ആലടി PHC-യിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ബി. മാത്തുക്കുട്ടി ക്യാമ്പ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. ഫിലിപ്പ് തടത്തിൽ ആശംസ അറിയിച്ചു. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ലാപ്പറോസ്കോപ്പിക് സർജൻ ഡോ. കിംഗ്സിലി അയ്യൻകുട്ടി ക്യാമ്പിന് നേതൃത്വം നൽകി.

**തൈറോയിഡ് രോഗനിർണ്ണയ ക്യാമ്പ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ സൗജന്യ തൈറോയിഡ് രോഗനിർണ്ണയ ക്യാമ്പ് ജനുവരി 23 വ്യാഴാഴ്ച രാവിലെ 9 മുതൽ 4 വരെ നടത്തപ്പെട്ടു. 100 ഓളം പേർ പങ്കെടുത്ത ക്യാമ്പിന് രജിസ്ട്രേഷനും, പരിശോധനയും, ലാബ് സൗകര്യവും സൗജന്യമായിരുന്നു.

**കോരുത്തോട് ലാപ്പറോസ്കോപ്പിക് & ജനറൽ സർജറി ക്യാമ്പ് ഫെബ്രുവരി 9-ന്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും കോരുത്തോട് ഇടവകയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ ലാപ്പറോസ്കോപ്പിക് & ജനറൽ സർജറി ക്യാമ്പ് ഫെബ്രുവരി 9

# സാരഥി & കേരള ലേബേഴ്സ് മൂവ്മെന്റ് - KLM

**ചപ്പാത്ത്**

സാരഥി ചപ്പാത്ത് യൂണിറ്റിന്റെ നേതൃത്വത്തിൽ 6 ലക്ഷം രൂപ മുടക്കി മൊബൈൽ മോർച്ചറി, സൗണ്ട് സിസ്റ്റം, പന്തൽ തുടങ്ങിയവ വാടകയ്ക്ക് കൊടുക്കുന്ന യൂണിറ്റിന്റെ ഉദ്ഘാടനം നടത്തി. റവ. ഫാ. തോമസ് തെക്കേൽ ആശംസകൾ നേർന്നു.

---

## മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

ഞായറാഴ്ച രാവിലെ 8.30 മുതൽ 12.30 വരെ കോരുത്തോട് ഇടവകയിൽ നടക്കും. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ലാപ്പറോസ്കോപ്പിക് & ജനറൽ സർജൻ ഡോ. കിംഗ്സിലി അയ്യൻകുട്ടി നേതൃത്വം നൽകുന്ന ക്യാമ്പിൽ തൈറോയിഡ്, ഹെർണ്ണിയ, വെരിക്കോസ് വെയ്ൻ, അപ്പെന്റിസൈറ്റിസ്, പിത്താശയത്തിലുള്ള കല്ല്, പൈൽസ്, ഫിസ്റ്റുല, ശരീരത്തിലെ മുഴകൾ എന്നിവയ്ക്ക് സൗജന്യ പരിശോധനയും മരുന്നുകളും ലഭ്യമാണ്.

**വെരിക്കോസ് രോഗനിർണ്ണയ ക്യാമ്പ് ഫെബ്രുവരി 27-ന്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ സർജിക്കൽ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സൗജന്യ വെരിക്കോസ് രോഗനിർണ്ണയ ക്യാമ്പ് ഫെബ്രുവരി 27 വ്യാഴാഴ്ച രാവിലെ 9 മുതൽ 4 വരെ നടത്തപ്പെടും. ഡോ. കിംഗ്സിലി അയ്യൻകുട്ടി നേതൃത്വം നൽകുന്ന ക്യാമ്പിൽ രജിസ്ട്രേഷനും പരിശോധനയും മരുന്നുകളും സൗജന്യമായിരിക്കും.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

**കാഞ്ഞിരപ്പള്ളി**

സാരഥി കാഞ്ഞിരപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ പുതിയതായി ആരംഭിച്ച യൂണിറ്റിന്റെ ഉദ്ഘാടനം നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളിയിൽ മൂന്നാമത്തെ യൂണിറ്റായി ആരംഭിച്ച സാരഥി കൂട്ടായ്മയിൽ 18 അംഗങ്ങൾ പ്രവർത്തിക്കുന്നു. ബഹു. സി.എം.സി. സിസ്റ്റേഴ്സ് നേതൃത്വം നൽകുന്ന കാഞ്ഞിരപ്പള്ളി യൂണിറ്റുകളിൽ സ്വയം സഹായ പദ്ധതികളും ചികിത്സാസഹായങ്ങളും നടത്തിവരുന്നു.

**പൊൻകുന്നം**

സാരഥി പൊൻകുന്നം യൂണിറ്റിന്റെ നേതൃത്വത്തിൽ കുടുംബ സംഗമം നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു. പ്രൗഢഗംഭീരമായ സദസ്സിൽ വിവിധ സാംസ്ക്കാരിക നേതാക്കൾ പങ്കെടുത്തു. ഇടവക വികാരി വെരി റവ. ഫാ. ജോണി ചെരിപുറം ഭദ്രദീപം കൊളുത്തി. ഇരുന്നൂറിലധികം കുടുംബാംഗങ്ങൾ പങ്കെടുത്ത യോഗം ഏവർക്കും ഹൃദ്യമായ അനുഭവമായിരുന്നു. പൊൻകുന്നം എസ്.എ.ബി.എസ്. സിസ്റ്റേഴ്സ് നേതൃത്വം നൽകി.

**കട്ടപ്പന**

സാരഥി കട്ടപ്പന യൂണിറ്റിന്റെ നേതൃത്വത്തിൽ ആകാശപ്പറവയിലെ മക്കൾക്കുവേണ്ടി ക്രിസ്തുമസ് പുതുവത്സര സമ്മാനങ്ങൾ നൽകി. സാരഥി സ്റ്റേറ്റ് കോർഡിനേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ തേയ്ക്കാനത്ത് അദ്ധ്യക്ഷത വഹിച്ചു. ആരുമില്ലാത്തവരും, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവരുമായ ആശ്രമമക്കൾക്ക് ഇതൊരു ആശ്വാസമായിരുന്നു. കട്ടപ്പന സെന്റ് ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സ് നേതൃത്വം നൽകി.

**ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. രൂപതാ കമ്മറ്റി 2-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി.
- കെ.സി.ബി.സി. SC/ST/BC യുടെ നേതൃത്വത്തിൽ നടത്തുന്ന T.S. D.T.P. എന്ന പ്രോഗ്രാമിൽ 50 ഹൈസ്കൂൾ കുട്ടികൾ പങ്കുചേർന്നു. അതിന്റെ പരിശീലന ക്ലാസും പരീക്ഷയും ഏപ്രിൽ മാസം നടത്തും.
- ഡി.സി.എം.എസ്. സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരുമ ചെണ്ടമേളം ഈ വർഷം 12 പള്ളികളിൽ പ്രോഗ്രാം അവതരിപ്പിച്ചു.
- ഭവന നിർമ്മാണ പദ്ധതി 10 എണ്ണത്തിൽ 8 എണ്ണം പൂർത്തിയായി. 2 എണ്ണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**

**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 434-ാമതും കൂരിയായുടെ 891-ാമതും സമ്മേളനം 2020 ജനുവരി 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ പ്രസിഡന്റ് ബ്രദർ ജെ. ചാക്കോ അരുവിക്കരയുടെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥം 5-ാം അദ്ധ്യായം തുടർച്ച "മറിയം വേണ്ടപോലെ അറിയപ്പെട്ടിരുന്നെങ്കിൽ' എന്ന ഭാഗം അദ്ധ്യക്ഷൻ ജ്ഞാനവായന നടത്തുകയും അസി. സെക്രട്ടറി സിസ്റ്റർ ജോളി ജോസ് കുടുക്കാംതടം 2019 ഡിസംബർ മാസത്തെ സമ്മേളന മിനിറ്റ്സ് വായിച്ചു സമർപ്പിക്കുകയും ചെയ്തു. സമ്മേളനത്തിൽ സന്നിഹിതരായ സഹപ്രവർത്തകരായ കമ്മീസിയം ഭാരവാഹികൾക്കും, കൂരിയാകളുടെയും, പ്രസീദിയങ്ങളുടെയും ഭാരവാഹികൾക്കും, മറ്റെല്ലാ അംഗങ്ങൾക്കും അദ്ധ്യക്ഷൻ സ്വാഗതമാശംസിക്കുകയും തുടർന്ന് സൈനിക ജപശൃംഖല ചൊല്ലുകയും ചെയ്തു.

**ചർച്ച**

ലീജിയൻ നിയമഗ്രന്ഥം 39-ാം അദ്ധ്യായത്തിൽ "സൈനികന്റെ ധീരോദാത്തത" എന്ന ഭാഗത്തെ അടിസ്ഥാനമാക്കി ബ്രദർ ജോസഫ് പുതുപ്പള്ളിൽ നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്നു.

**പ്രത്യേക കാര്യങ്ങൾ**

ലീജിയന്റെ പ്ലാറ്റിനം ജൂബിലി നമ്മൾ ആഘോഷിച്ചു. ജൂബിലിയുടെ ഓർമ്മയ്ക്കായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു. സ്മരണികയിൽ ഉൾപ്പെടുത്തുവാനായി നല്ല

ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവ അംഗങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു. ആയവ താമസിയാതെ എത്തിച്ചുതരണമെന്ന് നിർദ്ദേശിക്കുന്നു.

**ലീജിയൻ പ്രചരണം**

വെളിച്ചിയാനി ഫൊറോന ഇടവകയിൽ വികാരി വെരി റവ. ഫാ. ജെയിംസ് മുത്തനാട്ടിന്റെയും റവ. ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേലിന്റെയും പ്രോൽസാഹന ഫലമായി ഒരു ലീജിയൻ പ്രസീദിയം ആരംഭിച്ചു. തദവസരത്തിൽ കമ്മീസിയം ഭാരവാഹികൾ സന്നിഹിതരായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

**ഉദ്യോഗസ്ഥ നിയമനം**

വെളിച്ചിയാനി ശ്ലീഹന്മാരുടെ രാജ്ഞി പ്രസീദിയം

ആദ്ധ്യാത്മിക നിയന്താവ് : വെരി റവ. ഫാ. ജെയിംസ് മുത്തനാട്ട്

ആനിമേറ്റർ : റവ. സിസ്റ്റർ സ്റ്റാനി ചീരാംകുഴി
പ്രസിഡന്റ് : സിസ്റ്റർ ക്ലാരമ്മ എഫ്രേം കദളിക്കാട്ടിൽ
വൈസ് പ്രസിഡന്റ്:സിസ്റ്റർ കുഞ്ഞുമോൾ തോമസ് വട്ടക്കുന്നേൽ
സെക്രട്ടറി : സിസ്റ്റർ ജോളി ജോസഫ് പുതിയാപറമ്പിൽ
ഖജാൻജി : സിസ്റ്റർ മോളി ജേക്കബ് വടക്കേപുത്തൻപുര

പ്രസ്തുത പ്രസീദിയത്തെയും ഭാരവാഹികളേയും കമ്മീസിയം അംഗീകരിച്ചു.

സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2020 ഫെബ്രുവരി 16-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ കൂടുന്നതാണ്.

**സെക്രട്ടറി**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭയുടെ ഒരു വിശേഷാൽ യോഗം 19.01.2020 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാസ്റ്ററൽ സെന്ററിൽ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് ആയിരുന്നു അദ്ധ്യക്ഷൻ. രൂപതാ ഡയറക്ടർ റവ. ഫാ. ജെയിംസ് ചൂരമന OFM (Conv.) സന്നിഹിതനായിരുന്നു.

പ്രാരംഭപ്രാർത്ഥനയ്ക്ക് ശേഷം ബ്രദർ ജോസ് റ്റി. തയ്യിൽ സ്വാഗതം ആശംസിച്ചു. പുതുതായി ചാർജ് എടുത്ത ജെയിംസ് ചൂരമന അച്ചന് സ്വാഗതം ആശംസിച്ചുകൊണ്ടും അൽമായ സഭയുടെ പ്രവർത്തനങ്ങളും കൂടുതലായി ചെയ്യേണ്ട കാര്യങ്ങളും വിശദീകരിച്ചുകൊണ്ടുമായിരുന്നു രൂപതാപ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗം.

വിവിധ ഭ്രാതൃത്വങ്ങളിൽ നിന്ന് എത്തിയ പ്രതിനിധികൾ അവരവരുടെ ഭ്രാതൃത്വങ്ങളിലെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഭ്രാതൃത്വങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായി പോകുന്നതായി റിപ്പോർട്ടുകളിൽ നിന്നു മനസ്സിലാക്കുവാൻ സാധിച്ചു.

അൽമായ സഭയുടെ പ്രവർത്തനങ്ങൾ ഇല്ലാത്ത ഇടവകകളിൽ അൽമായസഭയുടെ ഭ്രാതൃത്വങ്ങൾ ആരംഭിക്കുവാൻ വേണ്ട ക്രമീകരണങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു.

വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സിയുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് വിശുദ്ധന്റെ മാതൃക അനുകരിച്ച് ജീവിക്കുവാൻ അൽമായർക്ക് വേണ്ടി രൂപീകരിച്ചിട്ടുള്ള ഫ്രാൻസിസ്ക്കൻ അൽമായ സഭയിൽ അംഗങ്ങളാകുവാൻ സാധിച്ചിട്ടുള്ളത് വലിയ ദൈവാനുഗ്രഹമാണെന്നും ദൈവമക്കളായിരിക്കുന്ന നമ്മൾ ദൈവരാജ്യം പ്രഘോഷിക്കുവാൻ ഉത്തരവാദിത്വപ്പെട്ടവരാണെന്നും നമ്മുടെ ജീവിതം തന്നെ

ഒരു മിഷൻ പ്രവർത്തനമാകണമെന്നും സൂചിപ്പിച്ചുകൊണ്ട് അൽമായ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവരേയും അഭിനന്ദിച്ചുകൊണ്ട് ആയിരുന്നു രൂപതാ ഡയറക്ടറുടെ അനുഗ്രഹപ്രഭാഷണം.

പുതുതായി ചാർജ് എടുത്ത ഡയറക്ടറച്ചന് കൂടുതൽ ദൈവാനുഗ്രഹവും ഭാവുകങ്ങളും നേർന്നുകൊണ്ട് ബ്രദർ തോമസ് കൊഴിക്കൊട്ടയിൽ സംസാരിച്ചു. ഭാതൃത്വം പ്രതിനിധികൾ സ്വയം പരിചയപ്പെടുത്തി. സെക്രട്ടറി സിസ്റ്റർ മോളി ജോസ് വാഴപ്പനാടി എല്ലാവർക്കും കൃതജ്ഞത പറഞ്ഞു.

ഡയറക്ടറച്ചന്റെ സമാപനാശീർവാദത്തോടുകൂടി യോഗം 4.30–ന് സമാപിച്ചു. യോഗാനന്തരം ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ അംഗങ്ങൾ എല്ലാവരും കൂടി നിയുക്തമെത്രാൻ മാർ ജോസ് പുളിക്കൽപിതാവിനെ സന്ദർശിച്ച് മംഗളങ്ങൾ നേരുകയും പിതാവിന്റെ ആശീർവാദം സ്വീകരിക്കുകയും ചെയ്തു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

**വാർഷികധ്യാനം**

ഹൈറേഞ്ച് മേഖലയിലെ അണക്കര, കുമളി, കട്ടപ്പന, മേരികുളം എന്നീ എസികളിലെ അംഗങ്ങൾക്കായുള്ള വാർഷികധ്യാനം 2020 മാർച്ച് 15 ഞായറാഴ്ച പുളിയന്മല സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ചു നടത്തുന്നതാണ്. പ്രസിദ്ധ സുവിശേഷ പ്രഘോഷകൻ ബ്രദർ. സുനിൽ പാലാ വചനപ്രഘോഷണം നടത്തുന്നതാണ്. രാവിലെ 10 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും.10.30-ന് ജപമാലക്കു ശേഷം ദൈവാലയത്തിൽ ധ്യാനം നടക്കും. വലിയ നോമ്പിനോടനുബന്ധിച്ച് വിൻസെൻഷ്യൻ അംഗങ്ങൾക്കായി ആണ്ടുതോറും നടത്തിവരുന്ന ധ്യാനത്തിൽ എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ലോ-റേഞ്ചിലെ പെരുവന്താനം, മുണ്ടക്കയം, പൊടിമറ്റം, കാഞ്ഞിരപ്പള്ളി, ചിറക്കടവ്, ഇളങ്ങുളം, എരുമേലി, റാന്നി എന്നീ എസികളിലെ അംഗങ്ങൾക്കായുള്ള വാർഷികധ്യാനം 2020 മാർച്ച് 8 ഞായറാഴ്ച പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ചു നടത്തുന്നതാണ്. തച്ചപ്പുഴ സെന്റ് മേരീസ് പള്ളി വികാരി റവ.ഫാ.ജസ്റ്റിൻ മതിയത്ത് നോമ്പുകാല ചിന്തകൾ പങ്കുവച്ച് വചനപ്രഘോഷണം നടത്തുന്നതാണ്. രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിച്ച് ജപമാലക്കു ശേഷം കൃത്യം 10 മണിക്ക് തന്നെ ധ്യാനം ആരംഭിക്കും. വലിയ നോമ്പിനോടനുബന്ധിച്ച് വിൻസെൻഷ്യൻ അംഗങ്ങൾക്കായി ആണ്ടുതോറും നടത്തിവരുന്ന വാർഷിക ധ്യാനത്തിൽ എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

## എ.സി. സംയുക്ത സമ്മേളനങ്ങൾ

കുമളി എസിയുടെ സംയുക്ത സമ്മേളനം 15.12.2019 ഞായറാഴ്ച ആനവിലാസം സെന്റ് ജോർജ്ജ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 3 മണിക്ക് ജപമാലയോടെ സമ്മേളനം ആരംഭിച്ചു. എസി പ്രസിഡന്റ് ബ്ര.സണ്ണി കാഞ്ഞിരമറ്റം അദ്ധ്യക്ഷനായിരുന്നു. എസി സെക്രട്ടറി ബ്ര.മാന്നാനം പ്രേംദാസ് സ്വാഗതം ആശംസിച്ചു. ഹൈറേഞ്ച് മേഖലാ കോർഡിനേറ്റർ ബ്രദർ സി.വി. ജോർജ്ജ് ചക്കാല, മുൻ എസി പ്രസിഡന്റ് ബ്ര. തോമസ് മാത്യു പെരുനിലം എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. കോൺഫ്രൻസുകളുടെ പ്രവർത്തനം അവലോകനം ചെയ്തു. ആനവിലാസം കോൺഫ്രൻസ് നൽകിയ സ്നേഹവിരുന്നോടെ യോഗം സമാപിച്ചു.

ഇളങ്ങുളം എസിയുടെ ത്രൈമാസ സംയുക്ത സമ്മേളനം 2020 ജനുവരി 12 ഞായറാഴ്ച ചെങ്കൽ എസ്.എച്ച് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 3 മണിക്ക് ദൈവാലയത്തിൽ ജപമാലക്കുശേഷം പാരീഷ് ഹാളിൽ എസി പ്രസിഡന്റ് ബ്ര.ജോണി തൊമ്മിത്താഴെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വികാരി റവ.ഫാ. പോൾ നെല്ലിപ്പള്ളി ഉദ്ഘാടനം ചെയ്ത് അനുഗ്രഹ പ്രഭാഷണം നടത്തി. എസിയുടെ ത്രൈമാസ റിപ്പോർട്ടും കണക്കും യോഗത്തിൽ അവതരിപ്പിച്ചത് ചർച്ചക്കുശേഷം പാസാക്കി. വിവിധ കോൺഫ്രൻസുകൾ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ട് യോഗം അവലോകനം ചെയ്തു. പുതിയതായി വിൻസെൻഷ്യൻ പ്രവർത്തകരായി ചേർന്ന അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി. കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ തോമസ് ഫിലിപ്പ് മച്ചികപ്പള്ളിയുടെ നേതൃത്വത്തിൽ അംഗങ്ങൾ നൽകിയ സ്നേഹവിരുന്നോടെ 4.30-ന് യോഗം പര്യവസാനിച്ചു. യോഗത്തിൽ 80 പേർ പങ്കെടുത്തു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

തമ്പലക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് ജനുവരി 10 മുതൽ 17 വരെ തീയതികളിൽ നടത്തപ്പെട്ട ധ്യാനത്തിൽ 85 പേർ സംബന്ധിച്ചു. 15-ാം തീയതി രാവിലെ പെരിയ ബഹു. ജസ്റ്റിൻ പഴേപറമ്പിൽ അച്ചൻ ദിവ്യബലി അർപ്പിച്ച്, പുതുവർഷത്തിൽ ശാന്തവും സമാധാനപൂർണ്ണവും ദൈവാനുഗ്രഹപൂരിതവും ലഹരിരഹിതവുമായ ഒരു പുതുജീവിതം ഏവർക്കും ആശംസിച്ചു. 17-ാം തീയതി രാവിലെ ദിവ്യബലിയോടെ സമാപിച്ചു. തുടർച്ചയായുള്ള 7 ദിവസങ്ങളിൽ ദിവ്യബലി, പ്രാർത്ഥന, ക്ലാസ്, ധ്യാനം, ആരാധന, കൗൺസിലിംഗ്, ചർച്ച, അനുഭവസാക്ഷ്യങ്ങൾ എന്നിവയിൽ ആത്മാർത്ഥമായ ആഗ്രഹത്തോടെ പങ്കെടുത്ത നാനാജാതി മതസ്ഥരായ സഹോദരങ്ങൾ ഉറച്ച തീരുമാനങ്ങളോടെ, ദൈവാനുഗ്രഹനിറവിൽ ദൈവത്തിനിഷ്ടപ്പെട്ട മക്കളായി, സഹോദരങ്ങൾക്ക് പരമാവധി നന്മ ചെയ്തുകൊണ്ടു ജീവിക്കുക എന്ന ലക്ഷ്യത്തോടെ, പുത്തൻ പ്രതിജ്ഞകളും തീരുമാനങ്ങളുമെല്ലാം ദൈവത്തിനു സമർപ്പിച്ച്, സന്തോഷത്തോടെ സ്വഭവനങ്ങളിലേക്കു മടങ്ങി.

2020 വർഷത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസുകൾ, മറ്റു പരിപാടികൾ ഇവയോടൊപ്പം ഇടവകതല പ്രവർത്തനങ്ങളും കൂടുതൽ സജീവമാക്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

## പുത്തൻ പുസ്തകങ്ങൾ

**1. ലുത്തീനിയ ഒരു സ്വർഗ്ഗീയസംഗീതം :**
**ഫാ. ഇമ്മാനുവേൽ Y വിഴിഞ്ഞം**

150 പതിപ്പ്:1

ജപമാല പ്രാർത്ഥനയിലെ പരിശുദ്ധകന്യാമറിയത്തിന്റെ ലുത്തീനിയയിലെ ഓരോ വിശേഷണങ്ങളെയും വിശദീകരിക്കുന്ന ആധികാരികമായ ലേഖനസമാഹാരം.

പന്ത്രണ്ട് സംബോധനകൾ പരിശുദ്ധ കന്യകാമറിയത്തെ ദൈവത്തിന്റെ അമ്മയായും, ആറെണ്ണം കന്യകയായും, പതിമൂന്നെണ്ണം പഴയനിയമത്തിലെ വിശേഷണങ്ങളായും, നാലെണ്ണം പരിശുദ്ധ മറിയത്തെ സഹായകയായും, അവസാനത്തെ പതിമൂന്നെണ്ണം മറിയത്തെ രാജ്ഞിയായും പ്രശംസിക്കുന്നു. ഇതോടൊപ്പം കാലത്തിന്റെ മാറ്റങ്ങളും ദൈവിക വെളിപാടുകളും പരിഗണിച്ച് മാർപ്പാപ്പമാരും സഭാശ്രേഷ്ഠൻമാരും മറ്റു വിശേഷണങ്ങളും പരിശുദ്ധ അമ്മയ്ക്ക് നല്കി.

ലുത്തീനിയകൾ ആരാധനയുടെ ഭാഗമാണ്. ഈശ്വരസ്തുതികളുടെയും മദ്ധ്യസ്ഥപ്രാർത്ഥനകളുടെയും വിശേഷണങ്ങളടങ്ങിയ ഈ കൃതി ഏവർക്കും വിശുദ്ധിക്കും ധ്യാനാത്മക ജീവിതത്തിനും ഏറെ സഹായകമാണ്.

**പണിപ്പുരയിൽ**

1. അതിജീവനം : ഫാ.സുബിൻ ജോസ് കിടങ്ങേൻ
2. ലഘുനാടകങ്ങൾ : ഫാ. ജസ്റ്റിൻ മതിയത്ത് (എഡിറ്റർ)
3. 365 മഹാന്മാർ : ജിൻസ് മുകളേൽ
4. കുട്ടികളുടെ ബൈബിൾ : (ഇംഗ്ലിഷ് വിവർത്തനം)

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

പാറത്തോട് പഞ്ചായത്തിൽ ആനക്കല്ല്, പറത്താനം, ചോറ്റി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ചൈൽഡ് ലൈൻ- ന്റെ Out Reach പരിപാടികൾ നടത്തി.

**Case Intervention and Follow up**

ജനുവരി മാസത്തിൽ 16 ഓളം കേസുകൾ റിപ്പോർട്ട് ചെയ്തു. ഇതിൽ 15 കേസുകൾ CWC യിൽ കൊടുത്തു. 1 കേസിന് കൗൺസിലിംഗ് നൽകി. നവംബർ, ഡിസംബർ മാസങ്ങളിലെ കേസുകളുടെ follow up നടത്തി.

**ഏകദിന പരിശീലന പരിപാടി**

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU) ന്റെ ആഭിമുഖ്യത്തിൽ ബാലവേല - ബാലഭിക്ഷാടന - തെരുവുബാല്യ വിമുക്ത കേരളം പദ്ധതി (ശരണബാല്യം) പരിശീലന പരിപാടികൾ കോട്ടയം IMA Hall-ൽ വച്ച് നടന്നു. വിദ്യാഭ്യാസം, പോലീസ്, എക്സൈസ്, ചൈൽഡ് ലൈൻ എന്നീ വിഭാഗത്തിലെ ചുമതലപ്പെട്ടവർ ആണ് പരിശീലനപരിപാടിയിൽ പങ്കെടുത്തത്. ചൈൽഡ് ലൈൻ സപ്പോർട്ട് ഓർഗനൈസേഷനിൽ നിന്നും കോ-ഓർഡിനേറ്ററും, ടീം മെമ്പറും പങ്കെടുത്തു.

**ട്രെയിനിംഗ് പ്രോഗ്രാം**

കാഞ്ഞിരപ്പള്ളി താലൂക്ക് അംഗൻവാടി (I.C.D.S.) സൂപ്പർവൈസറിന്റെ നേതൃത്വത്തിൽ അംഗൻവാടി ടീച്ചേഴ്സിനും ഹെൽപ്പേഴ്സിനും ആയി ഫെബ്രുവരി 10-ാം തീയതി ട്രെയിനിംഗ് പ്രോഗ്രാം നടത്തും.

## ആശ്വാസ് വൊക്കേഷനൽ ട്രെയിനിംഗ് സെന്റർ

പേപ്പർ ബാഗ്, ക്യാരി ബാഗ്, പെൻ സ്റ്റാന്റ്, ഫ്ളവർവാസ്, ക്രിസ്തുമസിനോടനുബന്ധിച്ചുള്ള ഗിഫ്റ്റ് ഐറ്റംസ്, ജൂവലറി ഐറ്റംസ് എന്നിവയുടെ നിർമ്മാണം നല്ല രീതിയിൽ നടക്കുന്നു. കുട്ടിക്കാനം മരിയൻ കോളേജ്, സെന്റ് ആന്റണീസ് പബ്ലിക്ക് സ്കൂൾ, ഇൻഫന്റ് ജീസസ് സ്കൂൾ എന്നിവിടങ്ങളിൽ മികച്ച വിപണനം നടത്തുവാൻ സാധിച്ചു.

### സന്ദർശനം

ഇൻഫന്റ് ജീസസ് സ്കൂളിൽ നിന്നും 4 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾ 2 ദിവസങ്ങളിലായി ഇവിടെ സന്ദർശനം നടത്തി. BPCL-ലിൽ നിന്നും ശ്രീമതി എലിസബത്ത്, DCB കൗൺസിലർ റോസ്മി, ചെത്തിപ്പുഴ സർഗ്ഗക്ഷേത്രാംഗങ്ങൾ, സജീവനം പാമ്പാടി, B.Edട്രെയിനികൾ - സ്റ്റാഫ് എന്നിവരും സെന്റർ സന്ദർശിക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

### ആശാനിലയം സ്കൂൾ പൊൻകുന്നം

ഭിന്നശേഷി കലോത്സവം 13-12-2019-ൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വച്ച് നടന്നു. ഈ പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രാധാന്യം നൽകി നടത്തിയ കലോത്സവത്തിൽ നമ്മുടെ സ്കൂളിലെ 30 കുട്ടികളും 10 സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. വിവിധയിനം മത്സരങ്ങളിൽ വിജയികളായ കുട്ടികൾക്കും പങ്കെടുത്തവർക്കും നല്ല രീതിയിൽ സമ്മാനം നൽകി.

### ക്രിസ്തുമസ് ആഘോഷം

18.12.2019 രാവിലെ 10 മുതൽ 1 മണിവരെ റാന്നി സെന്റ് മേരീസ് ഹൈസ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും സ്കൂൾ സന്ദർശിക്കുകയും കുട്ടികൾ സംയുക്തമായി ചേർന്ന് കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ കാഞ്ഞിരപ്പള്ളി Zen Technology-യിലെ സ്റ്റാഫും, സ്റ്റുഡന്റ്സും വന്ന് നമ്മുടെ കുട്ടികൾക്കൊപ്പം ക്രിസ്തുമസ് ആഘോഷം നടത്തുകയും Vocational Products വാങ്ങി സഹകരിക്കുകയും ചെയ്തു.

## നല്ല സമറായൻ ആശ്രമം

11.12.2019-ൽ ചങ്ങനാശ്ശേരി സർഗ്ഗക്ഷേത്ര കലാസാംസ്ക്കാരിക കേന്ദ്രം സീനിയർ സിറ്റിസൺ ഫോറം അംഗങ്ങൾ ആശ്രമത്തിലെത്തുകയും ആശ്രമത്തെക്കുറിച്ചും ആശ്രമ പ്രവർത്തനങ്ങളെക്കുറിച്ചും അന്വേഷിക്കുകയും ചെയ്തു. 13.12.2019-ൽ കാഞ്ഞിരപ്പള്ളി B.Ed കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ ആശ്രമത്തിലെത്തുകയും ആശ്രമമക്കൾക്ക് വേണ്ട സഹായങ്ങൾ നൽകുകയും ആശ്രമമക്കളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. 18.12.2019-ൽ ചിറക്കടവ് താമരക്കുന്ന് ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾ ആശ്രമത്തിലെത്തുകയും ആശ്രമമക്കൾക്കുവേണ്ട ശുശ്രൂഷകൾ ചെയ്തുകൊടുക്കുകയും ചെയ്തു. 19.12.2019-ൽ മുക്കൂട്ടുതറ സെന്റ് തോമസ് ഇടവക മാതൃവേദി അംഗങ്ങൾ ആശ്രമത്തിലെത്തുകയും മുറികൾ വൃത്തിയാക്കുകയും ചെയ്തു. ഈ മാസത്തിൽ 3 വെള്ളിയാഴ്ചകളിൽ ഡോ. സി. കാർമ്മലി സി.എം.സി. ആശ്രമത്തിലെത്തുകയും ആശ്രമമക്കളെ പരിശോധിക്കുകയും മക്കൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## സാമ്പത്തിക സഹായം

വിദ്യാഭ്യാസ സഹായമായി 23000 രൂപയും, ചികിത്സാസഹായമായി 1700 രൂപയും ചിലവഴിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണം**

**കാഞ്ഞിരപ്പള്ളി രൂപത**

നിർമ്മലാപുരം, പ്ലാമൂട്, പാലൂർക്കാവ്, കൂവപ്പള്ളി, നാരങ്ങാനം, പുഞ്ചവയൽ എന്നീ സ്ഥലങ്ങളിൽ 5,10,000/- രൂപ ധനസഹായമായി നൽകി.

**ഇടുക്കി രൂപത**

ബഥേൽ, മരിയാപുരം എന്നീ ഇടവകകളിൽ പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി 1,50,000/- രൂപ ധനസഹായമായി നൽകി.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 1,61,050/- രൂപ നൽകി.

**മറ്റു സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 2,85,042/- രൂപ ചിലവഴിച്ചു.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർദ്ധനരായ രോഗികൾക്ക് സഹായമായി 95,257/- രൂപ നൽകി.

**തക്കല രൂപതയ്ക്ക് സാമ്പത്തിക സഹായം**

രൂപതയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വികസനത്തിനായി 7,00,000/- രൂപ സഹായമായി നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടി

കളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകുന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചിലവുകൾക്കായി 2,23,000/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. കാലിത്തീറ്റ സബ്സിഡിയായി 4,85,743/- രൂപ ഈ മാസം ചെലവഴിച്ചു.

**കന്നുകുട്ടി പരിപാലന പദ്ധതി**

മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്കായി ഈ മാസം 28,060/- രൂപ ചെലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചിരിക്കുന്ന എം.ഡി.എസ്. "കരുതൽ" ജീവകാരുണ്യ പദ്ധതി ഇപ്പോൾ 112 ഇടവകകളിൽ രൂപീകൃതമായി. മലനാട് ജീവകാരുണ്യപദ്ധതിയിലൂടെ 230 കുടുംബങ്ങൾക്ക് തുടർച്ചയായി ചികിത്സാ സഹായങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. കഴിഞ്ഞ മാസം ഇതിലേയ്ക്കായി 2,04,000/- രൂപ ചിലവഴിച്ചു.

**രാരീരം പാഠ്യപദ്ധതി**

സൊസൈറ്റിയുടെ വിദ്യാഭ്യാസ വികസന പദ്ധതിയിൽ സഹകരിച്ചു പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളിലെ കുട്ടികൾക്ക് നൽകുന്നതിനായി സൊസൈറ്റിയിൽ നിന്നും 33 കിലോ തേൻ നൽകി.

**ഇൻഫാം**

**വെളിച്ചിയാനി കാർഷിക താലൂക്ക് കർഷക സംഗമം**

ശ്രീ. സിബി നമ്പുടാകത്തിന്റെ അദ്ധ്യക്ഷതയിൽ വെളിച്ചിയാനി കാർഷിക താലൂക്ക് കർഷക സംഗമം നടത്തി. സമ്മേളനത്തിന്റെ ഉദ്ഘാടനം ഫാ. ജിൻസ് കിഴക്കേൽ നിർവ്വഹിച്ചു. റവ. ഫാ. തോമസ് മുണ്ടിയാനിക്കൽ, റവ. ഫാ. ജെയിംസ് മുത്തനാട്ട്, ശ്രീ. എബ്രഹാം മാത്യു, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരിൽ, ശ്രീ. ജോജി വാളിപ്ലാക്കൽ, ശ്രീ.

ജോർജുകുട്ടി വെട്ടിക്കൽ, ശ്രീ. തോമസ് മറ്റപ്പള്ളിൽ എന്നിവർ പങ്കെടുത്തു.

**പൊൻകുന്നം കാർഷിക താലൂക്ക് കർഷക സംഗമം**

ചാമംപതാൽ ഫാത്തിമ മാതാ പാരീഷ് ഹാളിൽ നടന്ന കർഷക സംഗമത്തിന്റെ ഉദ്ഘാടനം ഫാ. ജിൻസ് കിഴക്കേൽ നിർവ്വഹിച്ചു. റവ. ഫാ. വർഗീസ് കുളമ്പള്ളിൽ, ശ്രീ. സ്കറിയ ഞായറുകുളത്തിൽ, ശ്രീ. ആന്റണി പഴയവീട്ടിൽ, ശ്രീ. മാത്യു പതിപ്പള്ളിൽ എന്നിവർ പങ്കെടുത്തു.

**റാന്നി, പത്തനംതിട്ട കാർഷിക താലൂക്ക് കർഷക സംഗമം**

കണ്ണമ്പള്ളി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്ന കർഷക സംഗമത്തിന്റെ ഉദ്ഘാടനം ഫാ. ജിൻസ് കിഴക്കേൽ നിർവ്വഹിച്ചു. റവ. ഫാ. സിൽവാനോസ് മഠത്തിനകം, ശ്രീ. തോമസ് കൊട്ടാടിക്കുന്നേൽ, ശ്രീ. ജോർജ് ഇളംപ്ലാക്കാട്ട് എന്നിവർ പങ്കെടുത്തു.

**കാഞ്ഞിരപ്പള്ളി കാർഷിക താലൂക്ക് കർഷക സംഗമം**

ചിറക്കടവ് സെന്റ് ഇഫ്രേംസ് പാരീഷ് ഹാളിൽ നടന്ന കർഷക സംഗമത്തിന്റെ ഉദ്ഘാടനം ഫാ. ജിൻസ് കിഴക്കേൽ നിർവ്വഹിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ശ്രീ. എബ്രാഹം മാത്യു പന്തിരുവേലിൽ, ശ്രീ. ബേബിച്ചൻ ഏർത്തയിൽ, ശ്രീ. ജെയിംസ് കുന്നപ്പള്ളിൽ എന്നിവർ പങ്കെടുത്തു.

**എരുമേലി കാർഷിക താലൂക്ക് കർഷക സംഗമം**

മുക്കൂട്ടുതറ സെന്റ് തോമസ് പാരീഷ് ഹാളിൽ നടന്ന കർഷക സംഗമത്തിൽ റവ. ഫാ. മാത്യു നിരപ്പേൽ, ശ്രീ. വി.സി. സെബാസ്റ്റ്യൻ, ശ്രീ. ജോസ് താഴത്തുപീടിക, ശ്രീ. തോമസ് തെക്കേൽ എന്നിവർ പങ്കെടുത്തു.

**അണക്കര കാർഷിക താലൂക്ക് കർഷക സംഗമം**

പുറ്റടി വേളാങ്കണ്ണി മാതാ പാരീഷ് ഹാളിൽ നടന്ന കർഷക സംഗമത്തിൽ റവ. ഫാ. ജോർജ് മണ്ഡപത്തിൽ, റവ. ഫാ. ദീപു അനന്തക്കാട്ട്, ശ്രീ. അലക്സാണ്ടർ പാറശ്ശേരി, ശ്രീ. ജോസ് പതിക്കൽ, ശ്രീ. ജയകുമാർ മന്നത്ത് എന്നിവർ പങ്കെടുത്തു.

**മുണ്ടക്കയം കാർഷിക താലൂക്ക് കർഷക സംഗമം**

മുണ്ടക്കയം വ്യാകുലമാതാ ഫൊറോന പാരീഷ് ഹാളിൽ നടന്ന കർഷക സംഗമത്തിന്റെ ഉദ്ഘാടനം ഫാ. ജിൻസ് കിഴക്കേൽ നിർവ്വഹിച്ചു. റവ. ഫാ. ജോസ് മാത്യു പറപ്പള്ളി, റവ. ഫാ. തോമസ് ഞള്ളിയിൽ, ശ്രീ. ജോസ് പതിക്കൽ, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരിൽ, ശ്രീ. ജോമോൻ ചേറ്റുകുഴി, ശ്രീ. രാജൻ ഉറുമ്പുമാക്കൽ, ശ്രീ. ജോർജ് വാണിയപ്പുരയ്ക്കൽ എന്നിവർ പങ്കെടുത്തു.

**ഇൻഫാം ദേശീയ സമ്മേളനവും കർഷക റാലിയും**

ഇൻഫാം ദേശീയ സമ്മേളനവും കർഷക റാലിയും 2020 ജനുവരി മാസം 17-ാം തീയതി കട്ടപ്പനയിൽ വച്ച് നടന്നു. ഇൻഫാം സ്ഥാപക ഡയറക്ടർ ബഹുമാനപ്പെട്ട മാത്യു വടക്കേമുറിയിലച്ചന്റെ കബറിടത്തിങ്കൽ നിന്ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ തെളിയിച്ച ദീപശിഖ കാർഷിക താലൂക്കുകളായ കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി, മുണ്ടക്കയം, പെരുവന്താനം, ഉപ്പുതറ എന്നീ കേന്ദ്രങ്ങളിലെ സ്വീകരണത്തിനുശേഷം കട്ടപ്പനയിൽ കാർഷിക ജില്ലാ പ്രസിഡന്റായ അഡ്വ. എബ്രാഹം മാത്യു പന്തിരുവേലി സ്വീകരിച്ചു. ശ്രീ. എം.സി. ജോർജ് നഗറിൽ നിന്നാരംഭിച്ച കർഷക റാലി ഇടുക്കി കാർഷിക ജില്ലാ രക്ഷാധികാരി അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ ഫ്ളാഗ് ഓഫ് ചെയ്തു. ഇൻഫാം കർഷക കുടുംബത്തിലെ അയ്യായിരത്തിലധികം അംഗങ്ങൾ അണി നിരന്ന റാലി കട്ടപ്പന ഫാ. മാത്യു വടക്കേമുറി നഗറിൽ സമാപിച്ചപ്പോൾ ഇൻഫാം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ ദീപശിഖ സ്വീകരിച്ച് പ്രത്യേകം ക്രമീകരിച്ച വേദിയിൽ സ്ഥാപിച്ച് മൺമറഞ്ഞ ഇൻഫാം കർഷകരുടെ ഓർമ്മ പുതുക്കി. ദേശീയ പ്രസിഡന്റ് ശ്രീ. പി.സി. സിറിയക് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ദേശീയ രക്ഷാധികാരി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഷെവലിയർ അഡ്വ. വി.സി. സെബാസ്റ്റ്യൻ കർഷക അവകാശ സംരക്ഷണ പ്രഖ്യാപന രേഖ അവതരിപ്പിച്ചു. അഡ്വ. എബ്രഹാം മാത്യു പന്തിരുവേലിൽ സ്വാഗതവും ഫാ. ജിൻസ് കിഴക്കേൽ നന്ദിയും അർപ്പിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2019 ഡിസംബർ – 2020 ജനുവരി മാസങ്ങളിലായി വിവിധ ഗ്രാമങ്ങളിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പി.ഡി.എസ്. ഓർഗാനിക് സ്പൈസസ്**

പി.ഡി.എസ്. ഓർഗാനിക് സ്പൈസസിന്റെ ഡിമെറ്റർ, നത്തൂർലാന്റ്, ഫെയർ ഓഡിറ്റ് പൂർത്തിയാക്കി.

**Export**

ഡിസംബർ – ജനുവരി മാസങ്ങളിലായി യു.എസ്.എ.യിലേക്ക് മൂന്ന് Consignment - കൾ നടന്നു.

**ജോയിന്റ് റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ്. വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുക, ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തുന്ന റീജിയണൽ മീറ്റിംഗുകൾ ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ജോയിന്റ് റീജിയണൽ മീറ്റിംഗായി 20.12.2019–ൽ പീരുമേട് ഓഫീസിൽ വച്ച് നടത്തി.

പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ഹബി മാത്യു മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. 55 ആനിമേറ്റേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

മാർച്ച് 7–ന് വനിതാദിനം ആഘോഷങ്ങൾ നടത്തുവാൻ, തീരുമാനിച്ച വിവരം ആനിമേറ്റേഴ്സിനെ അറിയിച്ചു.

ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് നടത്തിയ ജോയിന്റ് റീജിയണന്റെ മീറ്റിംഗിൽ പി.ഡി.എസ്സിലെ എല്ലാ സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

**Project Monitoring visit**

2016 മുതൽ 2019 വരെ പി.ഡി.എസിന്റെ വിവിധ യൂണിറ്റുകളിൽ നടപ്പിലാക്കിവന്നിരുന്ന KKS പ്രോജക്ടിന്റെ അവസാനഘട്ട വിലയിരുത്തലിനായി 17, 18, 19 തീയതികളിലായി ജർമ്മനിയിൽ നിന്നും ഇന്ത്യയിൽ നിന്നുമുള്ള മോനിറ്ററിംഗ് ഓഫീസേഴ്സ് പി.ഡി.എസ്. സന്ദർശിച്ചു.

17, 18 തീയതികളിലായി കട്ടപ്പന, പത്തനംതിട്ട റീജിയനുകളിലെ വിവിധ യൂണിറ്റുകൾ സന്ദർശിക്കുകയും വിലയിരുത്തൽ നടത്തുകയും ചെയ്തു.

19-ാം തീയതി പി.ഡി.എസ്. ഓഫീസിൽ നടത്തിയ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ മീറ്റിംഗിൽ മോനിറ്ററിംഗ് ഓഫീസർമാർ പങ്കെടുക്കുകയും 2016 മുതൽ 2019 വരെ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. കൂടാതെ Project Account Section, Documentation എന്നിവ പരിശോധച്ചു.

**SHG - Audit**

പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ എല്ലാ സ്വയം സഹായ സംഘങ്ങളിലും 2019 സാമ്പത്തിക വർഷത്തെ കണക്ക് പരിശോധന ആരംഭിച്ചു.

**പ്രകൃതി ഉൽപ്പന്ന വിപണനകേന്ദ്രം**

നബാർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കിയ ഹിൽറേഞ്ച് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ 2 ഷോപ്പുകൾ കാഞ്ഞിരപ്പള്ളി, കോരുത്തോട് എന്നിവിടങ്ങളിലായി യൂണിറ്റ് ഡയറക്ടർമാരായ ഫാ. ജോസഫ് മംഗലത്തിൽ, ഫാ. ഫിലിപ്പ് വട്ടയത്തിൽ എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഹബി മാത്യു ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

**Save a Family Plan**

Save a Family-യുടെ ഉപഭോക്താക്കൾക്കുവേണ്ടി 13.01.2020-ൽ പി.ഡി.എസ്. ഓഫീസിൽ വച്ച് ഒരു Family gathering നടത്തി.

**സാമ്പത്തിക സഹായങ്ങൾ**

PDS Family Care Programme, Save a Family Plan എന്നിവ വഴിയായും വിവിധ കുടുംബവികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി വഴിയായും നൽകി വരുന്ന സാമ്പത്തി

കസഹായങ്ങൾ ചുവടെ ചേർക്കുന്നു.

വരുമാനദായക പ്രവർത്തനങ്ങൾക്കായി 2,656,000/- രൂപയും, വിദ്യാഭ്യാസ സഹായമായി 1,75,000/- രൂപയും, ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്കായി 1,44,657/- രൂപയും, ചികിത്സാ സഹായമായി 32,348/- രൂപയും, ചാരിറ്റി സംഭാവനയായി 23,500/- രൂപയും സഹായമായി നൽകി.

**കൗൺസിലിംഗ് സേവനം**


പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 35 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്കാവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നു നൽകിവരുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ്. നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയിൽ ഈ മാസം 624 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 9 യൂണിറ്റുകളിലെ 13 പേർക്ക് 56920/- രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കുരിശുമട്ട | 1 | 3050 |
| നരിയമ്പാറ | 2 | 14725 |
| എരുമേലി | 1 | 7500 |
| നസ്രാണിപുരം | 2 | 6500 |
| പാലൂർക്കാവ് | 1 | 3900 |
| വെള്ളിലാംകണ്ടം | 3 | 12020 |
| പള്ളിക്കുന്ന് | 1 | 1690 |
| കാഞ്ചിയാർ | 1 | 3250 |
| കരുണാപുരം | 1 | 4285 |
| **ആകെ** | **13** | **56920** |

**ഫാ. ഹബി മാത്യു**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ മാത്യു അറയ്ക്കൽ**
**ജനുവരി 2020**

1 വണ്ടൻമേട് ഇടവകയിൽ ബഹു. ഡീക്കൻ അഗസ്റ്റിൻ മ്ലാവറ CMI -യ്ക്ക് പൗരോഹിത്യപട്ടം നൽകി.

– അണക്കര സെന്റ് തോമസ് ഇടവക ദൈവാലയം കൂദാശ ചെയ്തു.

2 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ ബഹു. ഡീക്കൻ മാത്യു മടിക്കാങ്കൽ MST യ്ക്ക് പൗരോഹിത്യപട്ടം നൽകി.

– കോട്ടയം ലൂർദ്ദ് ഇടവകയിൽ ഒരു മനസമ്മതം ആശീർവദിച്ചു.

3 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ പരേതനായ പറമ്പിൽ തൊമ്മച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

5 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

– എലിക്കുളം ഇടവകയിൽ പരേതയായ മാടപ്പള്ളിൽ മേരി ജോസഫിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

6 കണമലയിൽ പുതുതായി നിർമ്മിക്കുന്ന ഇടവക ദൈവാലയത്തിന്റെ പ്രധാനകവാടം ആശീർവദിച്ചു.

7–15 മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോ മലബാർ സിനഡിൽ പങ്കെടുത്തു.

15 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ നിയുക്ത മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിനെ സ്വീകരിച്ചു. മോൺസിഞ്ഞോർ പദവി ലഭിച്ച പെരിയ

ബഹുമാനപ്പെട്ട ജോർജ് ആലുങ്കൽ അച്ചന് സ്ഥാനചിഹ്നമായ അരക്കെട്ട് നൽകി.

16 തിടനാട് ഇടവകയിൽ ബഹു. ഡീക്കൻ സ്കറിയ തോട്ടക്കരയ്ക്ക് പൗരോഹിത്യപട്ടം നൽകി.

17 കുമളി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടം ആശീർവദിക്കുകയും വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

- കട്ടപ്പനയിൽ വച്ച് നടന്ന ഇൻഫാം ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തു.

18 പുള്ളിക്കാനം സെന്റ് തോമസ് ഇടവക ദൈവാലയം കൂദാശ ചെയ്തു.

20 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഫിനാൻസ് കൗൺസിലിൽ പങ്കെടുത്തു.

21 കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

22 കൂവപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

24 കാളകെട്ടി അസീസ്സി അന്ധവിദ്യാലയത്തിന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

28 കുട്ടിക്കാനം സെന്റ് മാത്യൂസ് ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ഇടവക രൂപീകരണ പ്രഖ്യാപനം നടത്തുകയും ചെയ്തു.

29 നല്ലതണ്ണി KPMC ട്രസ്റ്റിൽ പുതുതായി നിർമ്മിച്ച കെട്ടിടം ആശീർവദിച്ചു.

31 കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളേജിൽ പുതുതായി നിർമ്മിച്ച ബ്ലോക്ക് ആശീർവദിച്ചു.

- കാഞ്ഞിരപ്പള്ളി പഴയപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു.

## മാർ ജോസ് പുളിക്കൽ
## ജനുവരി 2020

1 വെള്ളാരംകുന്ന് ഇടവകയിൽ ബഹു. ഡീക്കൻ കുര്യൻ മുണ്ട പ്ലാക്കൽ MST-ക്ക് പൗരോഹിത്യം നൽകി.

– അണക്കര ഇടവകയുടെ ദൈവാലയ കൂദാശയിൽ സഹകാർമ്മികത്വം വഹിച്ചു.

2 എലിക്കുളം ഇടവകയിൽ ബഹു. ഡീക്കൻ ജുഡീഷ് മണ്ഡപത്തിൽ V.C.-ക്ക് പൗരോഹിത്യം നൽകി.

– വി. ചാവറപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മാന്നാനത്ത് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

– ചങ്ങനാശ്ശേരിയിൽ ദീപികയുടെ മീറ്റിംഗിൽ പങ്കെടുത്തു.

3 മണിമല ഫൊറോനാ ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി.

4 ചെറുവള്ളി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

– കട്ടപ്പന സെന്റ് ജോൺ ഓഫ് ഗോഡ് നേഴ്സിംഗ് സ്കൂളിന്റെ ബിരുദ ദാനചടങ്ങിൽ പങ്കെടുത്തു.

5 നിരവ് ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

– എലിക്കുളം ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ മാടപ്പള്ളി അച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

6 തമ്പലക്കാട് പുതുതായി നിർമ്മിച്ച തിരുഹൃദയ മഠത്തിന്റെ ചാപ്പൽ കൂദാശ ചെയ്തു.

7–15 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സിനഡിൽ പങ്കെടുത്തു.

17 ഇൻഫാം ദേശീയ സമ്മേളനത്തോടനുബന്ധിച്ച് സ്ഥാപക ചെയർമാൻ ബഹു. മാത്യു വടക്കേമുറിയച്ചന്റെ കബറിടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ദീപശിഖാ പ്രയാണത്തിന് തുടക്കം കുറിച്ചു.

18 പുള്ളിക്കാനം ഇടവകയുടെ ദൈവാലയ കൂദാശയിൽ സഹകാർമ്മികത്വം വഹിച്ചു.

19 മേരി മാതാ മൈനർ സെമിനാരിയിൽ parent's day-യിൽ സംബന്ധിച്ച് സന്ദേശം നൽകി.

20 പുള്ളിക്കാനം ഇടവകയിൽ ബഹു. ഡീക്കൻ ജോസഫ് താന്നിക്കാപ്പാറയ്ക്ക് പൗരോഹിത്യം നൽകി.

21 കാഞ്ഞിരപ്പള്ളിയിലും അണക്കരയിലും നടന്ന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

22 അമൽ ജ്യോതി കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

23 പാലായിൽ വച്ചു നടന്ന മാതൃവേദിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

24 കണ്ണിമല ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

25 ആശാഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

\- അഭിവന്ദ്യ പടിയറ പിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ചുള്ള മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

\- കുരുമ്പൻമൂഴി ഇടവകയിൽ ഒരു മനസമ്മതം നടത്തി.

\- പാമ്പാടുംപാറ ഇടവകയുടെ പള്ളിമുറി വെഞ്ചരിച്ചു.

\- കൊച്ചറ ഇടവകയിൽ ഒരു കുരിശടി വെഞ്ചരിച്ചു.

26 സീതത്തോട് ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

\- സി.എം.എൽ. ന്റെ നേതൃത്വത്തിൽ നടന്ന നിലയ്ക്കൽ തീർത്ഥാടനത്തിൽ സന്ദേശം നൽകി.

30 അക്കരപ്പള്ളി തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

31 എസ്.ഡി. കോളേജിന്റെ പുതിയ ബ്ലോക്ക് വെഞ്ചരിച്ചു.

# BISHOP'S ENGAGEMENTS
## MAR MATHEW ARACKAL
## February - 2020

| Date | Programme | Place | Time |
|---|---|---|---|
| 01 | Jubilee | Koruthodu | 4.30 pm |
| 03 | Installation of H.E. Mar Jose Pulickal | Kanjirapally | 10.15 am |
| 05-06 | Regional Bishops Recollection | Moovattupuzha | |
| 07 | Blessing | Chenkal | 11.00 am |
| - | Navathi Celebration of Archbishop Mar Joseph Powathil | Changanacherry | 2.00 pm |
| 12-19 | CBCI Meeting | Bangalore | |
| 21 | Family Gathering | Amal Jyothi | 4.00 pm |
| 22 | Marriage | Cathedral | 12.00 pm |

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## February - 2020

| Date | Programme | Place | Time |
|---|---|---|---|
| 03 | Installation | Cathedral | 10.15 am |
| 04 | Meeting | Adichira | 10.00 am |
| 05-06 | Regional Bishops Recollection | Moovattupuzha | |
| 7 | Blessing of Asha Kiran | Chenkal | 11.00 am |
| - | Navathi - Mar Joseph Powathil | Changanacherry | 2.00 pm |
| 8 | Holy Qurbana | Wallardy | 4.00 pm |
| 9 | Holy Qurbana | Pulinkatta | 9.00 am |
| - | Homily | Mundakayam | 4.30 pm |
| 12 | Doctrinal Commission Meeting | Thucklay | |
| 13-19 | CBCI | Bangalore | |
| 20 | Inter Department Meeting | Kanjirapally | 6.30 pm |
| 21 | Anniversary - Corporate Management | Kattappana | 11.00 am |
| - | Family Gathering | Amal Jyothi | 4.00 pm |
| 22 | SABS Silver Jubilee | Kunnumbhagam | 10.30 am |
| 23 | Holy Qurbana and Parish hall blessing | Nirmalapuram | 4.30 pm |
| 26 | Holy Qurbana | Changanacherry | 4.00 pm |


lettering thoughts...
colouring feelings...
amala
OFFSET PRESS
lettering thoughts... colouring feelings
Pastoral Centre,Kanjirappally
Kottayam Dt., Kerala - 686 507
Email: amalaoffset@gmail.com
Ph: 04828 - 204654

## 2020 ഫെബ്രുവരി ദനഹാ – നോമ്പുകാലങ്ങൾ

| | | |
|---|---|---|
| 1 | ശനി | 1 യോഹ 5:13 – 21, യോഹ 8:39 – 47 |
| **2** | **ഞായർ** | **✠ ദനഹാ 5 – ാം ഞായർ**<br>നിയ. 18:13 – 18, ഏശ. 48:12 – 20,<br>ഹെബ്രാ. 6:9 – 15, യോഹ 3:14 – 21 |
| 3 | തിങ്കൾ | 1 തിമോ 2:1 – 7, മത്താ 18:23 – 35 |
| 4 | ചൊവ്വ | റോമാ 12:1 – 8, ലൂക്കാ 18:9 – 14 |
| 5 | ബുധൻ | റോമാ 9:19 – 29,മത്താ. 6:1 – 4 |
| 6 | വ്യാഴം | എഫേ. 6:10 – 17, മർക്കോ 9:33 – 37 |
| 7 | വെള്ളി | 2 തിമോ 2:8 – 13, മത്താ. 5:1 – 12 |
| 8 | ശനി | 1 കോറി 3:10 – 17, ലൂക്കാ 11:14 – 23 |
| **9** | **ഞായർ** | **✠ ദനഹാ 6 – ാം ഞായർ**<br>നിയ. 24:14 – 22, ഏശ. 63:7 – 16,<br>ഹെബ്രാ. 8:1 – 6, യോഹ 3:22 – 31 |
| 10 | തിങ്കൾ | 1 യോഹ 5:6 – 12, മർക്കോ 3:13 – 19 |
| 11 | ചൊവ്വ | 1 യോഹ 1:5 – 10, യോഹ 2:1 – 11 |
| 12 | ബുധൻ | റോമാ. 14:1 – 6, യോഹ 8:31 – 38 |
| 13 | വ്യാഴം | കൊളോ 1:21 – 23, ലൂക്കാ 13:10 – 17 |
| 14 | വെള്ളി | ഹെബ്രാ 13:7 – 9, 17 – 19, മത്താ. 16:24 – 28 |
| 15 | ശനി | 1 കോറി 15:50 – 57, മത്താ 23:1 – 12 |
| **16** | **ഞായർ** | **✠ ദനഹാ 7 – ാം ഞായർ**<br>നിയ. 14:22 – 15:4, ഏശ. 42:5 – 9,<br>1 തിമോ 6:17 – 21, മത്താ 8:5 – 13 |
| 17 | തിങ്കൾ | 2 പത്രോ 3:8 – 13, മർക്കോ 13:32 – 37 |
| 18 | ചൊവ്വ | 1 യോഹ 2:12 – 17, ലൂക്കാ 14:25 – 35 |
| 19 | ബുധൻ | 1 തെസ 2:17 – 20, മർക്കോ 10:35 – 45 |
| 20 | വ്യാഴം | 2 പത്രോ 1:10 – 15, ലൂക്കാ 5:33 – 39 |
| 21 | വെള്ളി | 1 കോറി 15:39 – 49, മത്താ. 25:31 – 40 |
| 22 | ശനി | 2 തെസ 2:5 – 12, മത്താ 11:20 – 24 |
| **23** | **ഞായർ** | **✠ നോമ്പ് 1 – ാം ഞായർ**<br>പുറ . 34:27 – 35, ഏശ. 58:1 – 10,<br>എഫേ. 4:17 – 24, മത്താ 4:1 – 11 |
| 24 | തിങ്കൾ | റോമാ 1:16 – 25, മത്താ. 5:17 – 26 |
| 25 | ചൊവ്വ | റോമാ 2:1 – 6, മത്താ. 5:38 – 42 |
| 26 | ബുധൻ | റോമാ 2:12 – 24, മത്താ. 6:5 – 8 |
| 27 | വ്യാഴം | റോമാ 3:9 – 20, മത്താ. 6:25 – 34 |
| 28 | വെള്ളി | റോമാ 4:13 – 25, മത്താ. 7:1 – 6 |
| 29 | ശനി | റോമാ 3:21 – 26, മത്താ. 6:9 – 15 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654